2015 ജനുവരി 6 മുതൽ ഫെബ്രുവരി 5 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema,
Sports,
Arts &
Literature**



യു.എ. ഖാദർ (ചെറു നോവൽ )
പി.ആർ നാഥൻ (വിചാരം)
മുണ്ടൂർ സേതുമാധവൻ (കഥ)
കെ. വി. പ്രഭാകരൻ (കഥ)
ജോസഫ് പൂതക്കുഴി (ലേഖനം)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
വാസു അരീക്കോട് (കവിത)
വിനോദ്കുമാർ ദാമോദർ (ലേഖനം)
സബിത കോടി (കവിത)
സി. കെ. രാഘവൻ (ഷോർട്ട് സ്റ്റോറി)

## 2015 പുതുവത്സരാശംസകൾ




മുഖചിത്രം
**നയൻതാര**
(ഫിലിംസ്റ്റാർ)

Since : 2008
Nakshathra Rajyam
(Monthly Magazine)
2015 January 6
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher &
Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email:nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

**എഡിറ്റോറിയൽ**



# മോന്തായം ദഹിക്കുന്ന വയനാടും അട്ടപ്പാടിയം

കേരളത്തിൽ അട്ടപ്പാടിയിലും വയനാട്ടിലും മറ്റു മലയോരഗ്രാമങ്ങളിലും ശിശുമരണങ്ങളും, പോഷകാംശ കുറവുമൂലമുള്ള അരിവാൾ രോഗവും മാരകമായ മറ്റു രോഗങ്ങളും വർദ്ധിച്ചു വരികയാണ്. ഗിരിവർഗ്ഗക്കാരെ ചൂഷണം ചെയ്ത് ജീവിതം സമ്പൽ സമൃദ്ധിയിലാക്കുന്ന ഒരു വിഭാഗം പ്രാദേശിക സാമൂഹിക പ്രവർത്തകരുടേയും, തൻ പ്രമാണിത്വം കൊണ്ടു നടക്കുന്ന ജനങ്ങളുടേയും കൊടും ക്രൂരതമൂലം നരകിക്കുന്ന കേരളത്തിലെ ഗിരിജനങ്ങൾക്ക് ആത്മാർത്ഥതയിൽ പൊതിഞ്ഞ സാന്ത്വനം കേരളത്തിലെ രാഷ്ട്രീയ പാർട്ടികളിൽനിന്ന് കിട്ടുന്നില്ല എന്നത് പരസ്യമായ ഒരു വാസ്തവമാണ്. ഗിരിജനങ്ങളെ പ്രലോഭിപ്പിച്ചും ചതിച്ചും ഭൂമി തട്ടിയെടുക്കുന്ന ഒരു ശ്രൃംഗലതന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗിരിവർഗ്ഗക്കാരെ മലയിറക്കി കാടു വെട്ടിതെളിയിക്കലും മൃഗവേട്ടയും ആനകൊമ്പുപോലുള്ള വിലപിടിച്ച വസ്തുക്കളുടെ ശേഖരണവുമാണ് ഇത്തരക്കാരുടെ ലക്ഷ്യം എന്ന് സാധാരണജനവിഭാഗങ്ങൾക്കു പോലുമറിയുമെങ്കിലും പ്രതികരണമില്ല. എന്നാൽ ഇത്തരക്കാരെ കണ്ടില്ലെന്നു നടിക്കാൻ കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തക പൊതുസമൂഹത്തിനാകുന്നില്ല എന്നതാണ് അവരുടെ സമരങ്ങളിൽ നിന്നും മനസ്സിലാകുന്നത്. മുൻ കാലങ്ങളിൽ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ നക്സലിസം വേരോട്ടം നടത്തുന്ന രീതിയിൽ പ്രവർത്തിച്ചിരുന്ന വർഗ്ഗീസിനേയും രാവുണ്ണിയേയും പോലുള്ള ഗിരിവർഗ്ഗ സ്നേഹികളായ നക്സലൈറ്റുകൾ ദിശയറിയാതെ രാഷ്ട്രീയ വനവാസത്തിലാണ്. പുതിയ തലമുറക്ക് നക്സലിസം എന്തിനുവേണ്ടിയാണ് ഉടലെടുത്തതെന്നോ, പൊതുപ്രവർത്തകരുടെ ത്യാഗശീലമോ, ആദർശമോ, എന്തെല്ലാം ത്യാഗങ്ങൾ സഹിച്ച് പ്രവർത്തിച്ചാണ് പഴയതലമുറ ഇന്ത്യയിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്തതെന്നോ വായിച്ചറിവിൽകൂടി മാത്രം കേട്ടുകേൾവിയേയുള്ളു. ദിശയറിയാതെ പിൻവാങ്ങിയ പഴയതലമുറയിലെ നക്സലൈറ്റുകൾ ആരും തോക്കിൻകുഴലിലൂടെ വിപ്ളവം എന്ന ആശയം വെച്ചുപുലർത്തുന്നില്ല കേരളത്തിൽ. പിന്നെ എത്തരക്കാരാണ് ഗിരിപ്രദേശങ്ങളിലെ പോലീസ്സ്റ്റേഷനുകളും, കാടും, വാഹനങ്ങളും ചുട്ടുകരിക്കുന്നതെന്ന് മാവോയിസ്റ്റ് വേട്ടയുടെ പേരിൽ മലയോര ഗ്രാമങ്ങളിൽ വേട്ടക്കിറങ്ങിയ പോലീസുദ്യോഗസ്ഥർ ചിന്തിക്കേണ്ടിയിരിക്കുന്നു. മാവോയിസത്തിന്റെ പേരിൽ 60– 60 നു മകളിലും വയസ്സുള്ള മുതിർന്ന പൗരൻമാരെ കസ്റ്റഡിയിലെടുത്ത് ദൃശ്യമാധ്യമങ്ങളിൽകൂടിയും പത്രങ്ങളിലൂടേയും വാർത്തകൾ കൊടുത്തുകൊണ്ടിരുന്നാൽ ഒരു സംസ്ഥാനത്തിന്റെ ക്രമസമാധാനം കാത്തുസംരക്ഷിക്കുന്ന പോലിസിന്റെ ഇമേജ് എന്താകുമെന്ന് ആരും പറയേണ്ടതില്ലല്ലോ. കേരളത്തിലെ മാവോയിസത്തെക്കുറിച്ചും മാവോയിസ്റ്റുകൾ നടത്തുന്നതായി പറയപ്പെടുന്ന ആക്രമണ പരമ്പരകളും നിഷ്പക്ഷമായി ജനസേവനതൽപരനും സത്യസന്ധനുമായ ഒരു പോലീസ് ഓഫിസറുടെ കീഴിൽ ഒരുസംഘം ആത്മാർത്ഥത യുള്ള പോലീസുകാരുടെ അന്വേഷണപരിധിയിൽ കൊണ്ടുവരണമെന്നാണ് കേരളത്തിലെ സമാധോനപ്രിയരായ ജനങ്ങളുടെ ആവശ്യമെന്നു സൂചിപ്പിക്കട്ടെ! (തടിമിടുക്കുകൊണ്ടും ആധുധബലത്തിലും നേടാൻ സാധിക്കാത്ത വിജയം ഈശ്വരകൃപയാൽ സാധിക്കും എന്നു വിശ്വസിക്കുകയും ഇത് യാഥാർത്ഥമാവുന്നതിന് കഠിനമായി പോരാടുകയും ചെയ്യുന്ന) ഗിരിവർഗ്ഗക്കാരുടേയും സാധാരണ ജനവിഭാഗങ്ങളുടേയും ജീവിത പ്രാരാബ്ദങ്ങൾ പരിഹരിക്കുകതന്നെയാണ് ഇതിനൊരു പോംവഴി എന്നുകൂടി സർക്കാറിനോടും അവരുടെ നിയന്ത്രണതത്തിൽ മാവോയിസ്റ്റ് വേട്ടക്കിറങ്ങിയ പോലീസുകാരോടും സൂചിപ്പിക്കട്ടെ!

മാനേജിംഗ് എഡിറ്റർ

ചെറുനോവൽ

# പൂമഠം പൂക്കില്ലത്ത് മാളിക



യു.എ. ഖാദർ

(കഴിഞ്ഞലക്കം തുടർച്ച) (മൂന്നാം ഭാഗം)



അഞ്ചുമക്കളുടെ അമ്മയായ ജാനകിയമ്മ ആ വലിയ എട്ടുകെട്ടുപുരയിൽ തനിച്ച് താമസിക്കയാണിപ്പോൾ. അവരെ സഹായിക്കാനും അവർക്ക് വേണ്ടതൊക്കെ അപ്പപ്പോഴായി ഒരുക്കി ഒപ്പിച്ചു കൊടുക്കുവാനും വാലിയകാരത്തികളായി അഞ്ചു സ്ത്രീകൾ അവിടെയുണ്ട്. വർമ്മയവർകൾ ജീവിച്ചിരുന്ന കാലത്ത് തന്നെ നിയമിതരായവരാണ്. ആ വലിയവീട്ടിലെ ഏകാന്തത സഹധർമ്മിണിയെ ശ്വാസംമുട്ടിക്കരുതെന്ന് ഉറച്ചു വിശ്വസിക്കുന്നതിനാൽ അതിന്നു വേണ്ടതായ ഏർപ്പാടുകൾ അദ്ദേഹം തന്നെ ചെയ്തുവെച്ചു. അടുക്കളയിൽ ഭക്ഷണാദി കാര്യങ്ങൾ വച്ചുണ്ടാക്കി വിളമ്പി ഒപ്പിക്കുവാൻ മൂന്നു വേലകാരത്തികൾ. നല്ല രുചിപ്രദങ്ങളായ ഭക്ഷണ വിഭവങ്ങൾ ഒരുക്കി കൊടുക്കാൻ പ്രാപ്തരായ പെണ്ണുങ്ങളാണ് ഈ മൂന്നു പേരും. കൂട്ടത്തിലൊരു സ്ത്രീയാണ് പാചക വിരുതി അഗ്രഗണ്യ. മറ്റു രണ്ട പേരും കൈയ്യാളന്മാർ. പച്ചക്കറി നുറുക്കാനും ഇടിക്കാനും പൊടിക്കാനും സഹായത്തിനായിട്ടുള്ള സ്ത്രീകൾ. പഴയമട്ടിൽ ഇടിച്ചും അരച്ചും പൊടിച്ചും ഭക്ഷണസാധനങ്ങൾ പാകം ചെയ്യണമെന്ന പ്രകൃതക്കാരനായിരുന്നത്രേ വർമ്മയവർകൾ. ഭർത്താവിന്റെ രുചിപാകങ്ങൾ തനിയ്ക്കും എന്നേ ജാനകിയമ്മ കരുതിയത്. എത്രതരം കറികളൊരുക്കുന്ന സദ്യയും ഈ സ്ത്രീകൾ ഈ പറയുന്ന നേരംകൊണ്ട് തീർത്ത് ഇലയിൽ വിളമ്പുമത്രേ! മറ്റു രണ്ടു സ്ത്രീകൾ പുറം പണിയ്ക്ക് നിയുക്തരായവരാണ്. പടിപ്പുര മുതൽ മുറ്റം മുഴുക്കേയും, തറവാട്ടു കെട്ടിന്റെ ചുറ്റുപാടും നാഗക്കളത്തിന്റെ കൽക്കെട്ടുവരേയും ദിവസം രണ്ടുനേരം അവരുടെ ചൂലെത്തണം. പൂമഠത്തമ്മയുടെ തിരുനടക്കലും ചൂലെത്തണം. ജാനകിയമ്മ നോക്കുമ്പോൾ പറമ്പിലൊരിടത്തും ഒരു കരിയിലപോലും കണ്ടുപോകരുതെന്നാണ് ചിട്ട. അങ്ങിനെഅഞ്ചു പെണ്ണുങ്ങൾക്കിടയിൽ അവരെ ഭരിച്ചും അവരോട് വർത്തമാനങ്ങൾ ഇടക്കിടെ പറഞ്ഞും രസിച്ചും ജാനകിയമ്മ ആ വലിയ എട്ടുകെട്ടു പുരയുടെ മുൻഭാഗത്ത് സസുഖം താമസിച്ചു വരികയാണ്. ഇടയ്ക്കിടക്ക് അയൽപക്കക്കാരികളും വരും. അവർക്കറിയേണ്ടത് മറുരാജ്യങ്ങളിൽ സസുഖം കഴിയുന്ന മക്കളുടേയും അവരുടെ കുടുംബത്തിന്റേയും സുഖവർത്തമാനങ്ങളാണ്. അനുദിനം അവിടെ സംഭവിച്ചുകൊണ്ടിരിയ്ക്കുന്ന കാര്യങ്ങൾ അപ്പപ്പോൾ മക്കൾ അമ്മയെ അറിയിക്കാറുമുണ്ട്. അതിന് തക്കവിധം സൗകര്യങ്ങൾ ജാനകിയമ്മയുടെ തറവാട്ടിൽ ഉണ്ട്. അമ്മകിടക്കുന്ന മുറിയിലും മുൻഭാഗത്തെ പൂമുഖത്തും ടെലിഫോൺ സ്ഥാപിച്ചിട്ടുണ്ട്. അതിന് പുറമേ സദാകൈയ്യിൽ

കൊണ്ടു നടക്കാൻ പാകത്തി ലുള്ള വളരെ ചെറിയ ഭാരം തീരെ യില്ലാത്ത ഒരു കൈഫോ ണും ജാനകിയമ്മ പക്കൽ ഉണ്ട്. അതി ലൂടെ മക്കളുടെ എല്ലാ വിവരവും അറിയാം. അമ്മയുടെ ആരോഗ്യ സ്ഥിതിയെ കുറിച്ചും അമ്മയുടെ ദിനചര്യകളെ കുറിച്ചും കൗതുക ത്തോടെ മക്കളും അവരുടെ ഭാര്യ മാരും പേരക്കുട്ടികളും നിത്യേന യെന്നോണം ചോദിയ്ക്കാറുണ്ട്.

"എങ്ങനെയുണ്ടമ്മേ ആരോഗ്യ മൊക്കേ–?" മൂത്തമകൻ ഫോണെ ടുത്താൽ ആദ്യം ചോദിയ്ക്കുക അതാണ്.

ശരീരം നോക്കണം. സൂക്ഷിക്കണം. വയസ്സുകാലത്ത് വല്ലേടത്തും വീണു കൈയ്യോ കാലോ എല്ല് പൊട്ടികിടന്നു പോയാൽ കഷ്ടപ്പെട്ടു പോകും. അവനവൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിങ്ങനെപോകും കുശല പ്രശ്നങ്ങൾ. രണ്ടാമന്റെ വക യുള്ള ചോദ്യം നാട്ടിൽ മഴ യുണ്ടോ ഉഷ്ണമാണോ എന്നീപ്ര കാരമാണ്. കൂട്ടത്തിൽ കൃഷികാ ര്യങ്ങളും അന്വേഷിക്കാറുണ്ട് അതെങ്ങനെ? കാര്യസ്ഥമാരും പണിക്കാറും വരാറുണ്ടോ? കൃഷി യൊന്നും പണ്ടെത്തെപ്പോ ലെയില്ലായെന്ന് പരാതിയൊരി ക്കലും ജാനകിയമ്മ പറയാറില്ല. എല്ലായ്പ്പോഴും എല്ലാവരോടും പറയാറുള്ളത് "നിങ്ങളൊക്കെ എന്നാണ് നാട്ടിലേക്ക് ഒന്നു വരിക എന്ന ഒറ്റക്കാര്യം മാത്രമാണ്." മക്കളെ കാണാനുള്ള അമ്മയുടെ അത്യാർത്തിയെപ്പറ്റി മക്കൾക്ക് എങ്ങനെപറഞ്ഞാലും മനസ്സിലാ വുന്നില്ലല്ലോ എന്നതാണ് ജാനകി യമ്മയുടെ പരിഭവം. അമ്മ ചോദിക്കും:

"എന്നാ നിങ്ങളൊക്കെ ഇനി നാട്ടിലേക്ക്–?"

"അവുധി കിട്ടേണ്ടേയ മ്മേ–" മകന്റെ ദയനീയ ശബ്ദം

"എനിക്ക് കാണാൻ കണ്ണ് പുളിയ്ക്കുന്നു–" അമ്മ പറയുന്നു.

"അമ്മയേയും നാട്ടി നേയും കാണണ്ടയെന്നില്ലല്ലോ ഞങ്ങൾക്ക്. ഒരിക്കൽ വരും–"

"എന്റെ കണ്ണടയും മുമ്പ് എത്തോ? " അമ്മയുടെ കണ്ഠമിട റുന്നു.

"എന്ത് വർത്തമാനമാ ണമ്മേ–?" "മക്കൾ അങ്ങേ തല യ്ക്കൽ പരിഭവപ്പെടുന്നു":മനഃ പൂർവ്വം ഞങ്ങൾ വരാതിരിക്കുന്ന തല്ലല്ലോ. അമ്മയുടെ ശബ്ദം നിത്യേന ഞങ്ങൾ കേൾക്കാൻ കൊതിയ്ക്കുന്നതുകൊണ്ടാ ണല്ലോ വിളിയ്ക്കുന്നതും ഇങ്ങ നെയൊക്കെ–?" മകൻ അത്രയും പറഞ്ഞ് നിർത്തി. പേരക്കുട്ടികൾ അവരുടെ കൊഞ്ചുള്ള മലയാള ത്തി ൽ എന്തൊക്കെയോ പറയാ റുണ്ട്. ജാനകിയമ്മയ്ക്ക് ഒര ക്ഷരം മനസ്സിലാകാറില്ല. എങ്കിലും മൂളി കേൾക്കും. ചിരി യ്ക്കും. ചെറിയകുട്ടികൾ അല്ലേ–? അവർക്ക് തന്നെ അറി യില്ലല്ലോയെന്ന് ജാനകിയമ്മ സമാധാനിക്കും.

ഒരിയ്ക്കൽ ഇത്പോലെ ടെലിഫോൺ മണിയടിച്ചപ്പോൾ ജാനകിയമ്മ പതിവുപോലെ തന്റെ കൈയ്യിലുള്ള ചെറിയ ഫോണെടുത്ത് ചെവിയിൽവെ ച്ചു. ടെലിഫോണിൽ മകൻ ചോദിയ്ക്കുന്നത് ഇപ്പോൾ നാട്ടിൽ സമയമെത്രയായി എന്നാണ്. അമ്മ തക്കതായ മറു പടി കൊടുത്തു. നേരവും സമ യവും ഒന്നും ഇപ്പോഴിപ്പോഴായി അമ്മയ്ക്ക് അറിഞ്ഞുകൂടാതാവു ന്നു. ദിവസങ്ങൾ കടന്നു പോവു ന്നതുപോലും അറിയാതാവുന്നു. രാവിലെ സൂര്യപ്രകാശം കാണു ന്നതിനാൽ ദിവസമാരംഭിച്ചു വെന്നും പകലാണെന്നും ഊഹി യ്ക്കുന്നു. ഇരുളുമ്പോൾ രാത്രി യായി എന്നു കരുതും. പണിക്കാ രത്തികളിലൊരുത്തി നിലവി ളക്ക് വെച്ച് രാമായണം വായിക്കു ന്നത് കേട്ടിട്ടാണ് കർക്കിടക മാസമാണെന്ന് മനസ്സിലായത്. കർക്കിടകം കഴിഞ്ഞാൽ ചിങ്ങം പിറക്കും. അത്തം പത്തോണം. ഈപ്രാവശ്യമെങ്കിലും മക്കൾക്ക് അമ്മയുടെ കൂടെ ഓണം! അത്രയും വിറയാർന്ന സ്വര ത്തിൽ ജാനകിയമ്മ പറഞ്ഞിട്ടു ണ്ട്. ഫോണിന്റെ മറുതല യ്ക്കൽനിന്ന് മൂത്തമകനോ, അവന്റെ ഇളയവനോ, തൊട്ടു ഉയർന്നവനോ, ഏറ്റവും ഒടുവി ലത്തെ കുസൃതിയോ കുലുങ്ങി ചിരിയ്ക്കുന്നതു കേട്ടു.

ഫോണിന്റെ മറുതല ക്കൽ വീണ്ടും വീണ്ടും ഓരോ ന്നെന്തൊക്കെയോപറയുന്നതും കൂട്ടത്തിൽ കുറേപേർ ഒന്നിച്ചു കൂടി ചിരിയ്ക്കുന്നതും ജാനകി യമ്മ ശ്രദ്ധിച്ചു. കാതുകൾക്ക് ഇപ്പോഴും നല്ല കേൾവി ശക്തി യുണ്ട്. കണ്ണുകൾക്ക് കാഴ്ചക്ക് അസാരം മങ്ങലുണ്ടെങ്കിലും ആൾക്കാരെ ഒറ്റനോട്ടത്തിൽ തിരി ച്ചറിയാൻ സാധിക്കും. ജാനകി യമ്മ മൂത്തവനോ, ഇളയവനോ, ഏറ്റവും താഴത്തെ കുരുന്നോ എന്നൊന്നു ചിന്തിക്കാതെ മന സ്സിൽ തോന്നിയ അമ്മയുടെ ആഗ്രഹം തുറന്നു പറഞ്ഞു.

"മോനെ നിങ്ങളെയെല്ലാം ഒന്നു കാണണം. ഈ വരുന്ന ഓണമെ ങ്കിലും എനിക്ക് മക്കൾക്കൊപ്പം ഇരുന്ന് ഒന്നിച്ചുണ്ണണം. എന്നിട്ട് എന്നെയങ്ങ് ജഗദീശ്വരൻ വിളിച്ചു കൂട്ടികൊണ്ടു പോയാലും തരക്കേടില്ല. എന്നാലേ എന്റെ മന സ്സടങ്ങൂ. എന്റെ കണ്ണടയൂ. നിങ്ങൾ വരില്ലേ–? " ആ ചോദ്യം മുഴുമിയ്ക്കും മുമ്പ് ജാനകിയമ്മ എന്തോ അന്ന് പൊട്ടി കരഞ്ഞു. മറു തലയ്ക്കൽനിന്ന്, അങ്ങു ദൂരെ ഭൂമിയുടെ മറ്റൊരു അറ്റത്ത് നിന്ന് മക്കൾ ആശ്വസിപ്പിയ്ക്കു ന്നു: "അമ്മേ ഒന്നു സമാധാ നിയ്ക്ക് ഞങ്ങൾ മക്കൾ അമ്മയെ വിളിയ്ക്കാത്ത ദിവസമുണ്ടോ?– അമ്മയുടെ ഒച്ച കേൾക്കാതെ ഏതെങ്കിലുമൊരുരാത്രി ഞങ്ങൾക്ക് ഉറങ്ങാൻ സാധിച്ചി ട്ടുണ്ടോ?– ഏതെങ്കിലും മക്കൾ ഒരു നേരമെങ്കിലും അമ്മയെ വിളിച്ച് സുഖവിവരങ്ങൾ ചോദി യ്ക്കുന്നില്ലേ? പറയുന്നില്ലേ? ഏതായാലും ഞങ്ങൾ വരുന്നു ണ്ട്. അമ്മയെ കാണാനും നാടു കാണാനും. പേരക്കുട്ടികൾ അമ്മൂ മ്മ യെപ്പറ്റി പറയാത്ത ദിവസമില്ല. അവർക്ക് ഒരിക്കലും കാണാൻ അവസരം കിട്ടിയിട്ടില്ലാത്ത അമ്മൂ മ്മയെ മക്കൾക്ക് കാണണം. അടുത്ത ഓണത്തിന്, ഈവരുന്ന ഓണത്തിന് അമ്മയുടെ ഒന്നിച്ചി രുന്ന് ഓണമുണ്ണാൻ, ഊഞ്ഞാലാ ടാൻ, കൈകൊട്ടിക്കളിക്കാൻ ഞങ്ങളുണ്ടാവും. ഒരു കണ്ടീ ഷൻ–"

"അതെന്താണ് മോനെ–" അമ്മ ചോദിയ്ക്കുന്നു.

മക്കൾ പറയുന്നു:" ഞങ്ങളുടെ കൂടെ അമ്മയും പോരണം. ഇങ്ങോട്ടു പോരണം. അവിടത്തെ ജീവിതം മതിയാക്കി

ഇനിയുള്ള കാലം മക്കൾക്കൊപ്പം.. എമ്പാ അങ്ങിനെതന്നെയല്ലേ–? അമ്മ വരില്ലങ്കിലും ഞങ്ങളിങ്ങ് കൂട്ടികൊണ്ടു വരും. ഷുവർ–" മക്കളിലാരോ ഒരാൾ കുലുങ്ങി കുലുങ്ങി ചിരിയ്ക്കുന്നതു കേട്ടു. വളരെ സുപരിചിതമായ ചിരിയൊച്ചകൾ. പ്രഭാകരവർമ്മയുടെ ആ ചിരി അത്രപെട്ടന്നൊന്നും ജാനകിയമ്മയ്ക്ക് മറക്കാൻ പറ്റില്ലല്ലോ. ഇത് അദ്ദേഹം തന്നെ. ജാനകിയമ്മ ചോദിച്ചു:' ആരാ അമ്മയോടിപ്പോൾ സംസാരിച്ചതും ചിരിച്ചതും–?"

"ഞങ്ങൾ മക്കൾ തന്നെ. മറ്റാരാണ് അമ്മയോടിങ്ങനെചിരിയ്ക്കാനും വർത്തമാനം പറയുവാനും ഇപ്പോഴുള്ളത്–? അച്ഛൻ വക്കീലോ–?"

മറ്റേതോ ലോകത്ത് നിന്നും വരുന്ന വർത്തമാനങ്ങൾക്കാണല്ലോ താൻ ചെവിയോർക്കുന്നത് എന്നോർത്തപ്പോൾ ജാനകിയമ്മയ്ക്ക് നാണം തോന്നി. ജാനകിയമ്മ സ്ത്രീസഹജമായ നാണത്താൽ ചുളുങ്ങുന്നതും കൊഞ്ചുന്നതും നോക്കിയിരിയ്ക്കാൻ അവിടത്തെ ജോലിക്കാർക്കും നല്ല കൗതുകമായി. ഇങ്ങനെയുമുണ്ടോ അമ്മയും മക്കളും തമ്മിൽ വർത്തമാനം പറഞ്ഞ് കുണുങ്ങി ചിരിയ്ക്കാൻ എന്നതുതപ്പടുകയായിരുന്നു അവർ. വൃദ്ധയായ ആ അമ്മയുടെ മക്കളോടുള്ള അതിരറ്റ വാത്സല്യങ്ങൾ കണ്ടിരിക്കേ അവർ പരസ്പരം പറഞ്ഞുകൊണ്ടിരുന്നു: "അന്യനാട്ടിലിരുന്ന് ചുമ്മവർത്തമാനം പറഞ്ഞ് തള്ളയെ ഇങ്ങിനെകളിയായ്ക്കുന്നതെന്തിനാണാവോ–? ആ അഞ്ചുപേരിലാർക്കെങ്കിലുമൊരാൾക്ക് ഒരു കുറിനാട്ടിൽവന്ന് വയസ്സുകാലത്തെ പെറ്റമ്മയുടെ മോഹം തീർത്തുകൊടുത്താലെന്താ തകരാറ്. ജോലിയും ഉദ്യോഗവും തെറിച്ചു പോവുമോ? ഒരുകുറി വന്നാലെന്താണൊരു കുഴപ്പം? ജാനകിയമ്മയെ നിത്യവും ഓരോന്നിങ്ങനെവിളിച്ചും പറഞ്ഞും തീതീറ്റിക്കന്നതെന്തിനാണാവോ? പെറ്റ തള്ളയെ ആശിപ്പിച്ച് ആശിപ്പിച്ച് അതിന്റെ ആയുസ്സ് വറ്റിയ്ക്കണോ? ഇനിയെത്ര കാലം എന്നില്ലേ–?"

വേലക്കാരിപെണ്ണുങ്ങൾ പറഞ്ഞതൊന്നും ജാനകിയമ്മ കേട്ടതേയില്ല. മനസ്സിലാകെ മുഴങ്ങുന്നത് മക്കളുടെ ശബ്ദം. അവരുടെ ചിരി. അവരുടെ ക്ഷണങ്ങൾ. ഇത്തവണ ഓണത്തിന് അവർ വരും. ജാനകിയമ്മ മനസ്സിൽ ഉറപ്പിയ്ക്കുന്നു. അതിനായുള്ള ഒരുക്കങ്ങൾ ഇപ്പഴേ ആരംഭിയ്ക്കണം. തറവാട്ട് വീടാകെ ഒന്നു മോടി കൂട്ടണം. കർക്കിടകത്തിലെ കനത്ത മഴയൊന്നു ശമിയ്ക്കട്ടെ. പണിക്ക് നിൽക്കുന്നവരിൽ ഏതോ ഒരു പെണ്ണ് നിത്യേനസന്ധ്യാ വിളക്കത്തിരുന്ന് രാമായണം വായിക്കുന്നുണ്ടല്ലോ. അത് ഒന്ന് അവസാനിക്കട്ടെ. ചിങ്ങം പിറക്കുന്നതോടെ ഒന്നിനും സമയമുണ്ടാവുകയില്ല. ആ രാത്രിയിൽ ജാനകിയമ്മ പണിക്കാരികളെയെല്ലാം തന്റെ കട്ടിലിനു ചുറ്റുമായി വിളിച്ചുകൂട്ടി. അവർ ഉറക്കെ, ആഹ്ലാദവദിയായി, എല്ലാ അവശതകളും വല്ലായ്മകളും വിസ്മരിച്ച് പറയുന്നു: "കൂട്ടരെ, കേട്ടോളിൻ. എന്റെ മക്കൾ പുറംനാടുകളിൽനിന്ന് ഇത്തവണ വരുന്നു. ഓണം ഇക്കുറി ഞങ്ങൾ ഒന്നിച്ചാണ്. പൂക്കളം തയ്യാറാക്കലും പൂവിടലും ഉത്രാട സന്ധ്യയിലെ ഉല്ലാസങ്ങളും കളിയും ഓണസദ്യയും എല്ലാം മക്കൾക്കൊന്നിച്ച്. അവരുടെ ഭാര്യമാർക്ക് എന്റെ കൂടെ ഒരു ഓണംകൂടാൻ ആശ കാണില്ലേ–? കാണും. നോക്കിക്കോളിൻ എന്റെ ഓണം മക്കൾക്കൊപ്പം പേരക്കുട്ടികൾക്കൊപ്പം പൊടിപൊടിയ്ക്കും–"

ജാനകിയമ്മ ഉറക്കെ ചിരിച്ചു. മനസ്സിലുള്ളതെല്ലാം തുറന്നറിയിക്കുന്ന ഒരമ്മയുടെ ആഹ്ലാദ നിമിഷങ്ങൾക്ക് സാക്ഷിയാവാൻ ആ തറവാട്ടു വീട്ടിലെ വേലക്കാരികൾക്ക് അന്ന് ഒരവരമുണ്ടായിരിയ്ക്കയാണ്. അവർ ആ ഉല്ലാസത്തിൽ പങ്കെടുത്തു. ഒപ്പം തമാശകൾ പറഞ്ഞു: "അമ്മേ മക്കൾ അങ്ങോട്ടു വിളിച്ചാൽ അമ്മ അങ്ങോട്ടു പോവില്ലേ–? "

"എവിടെ പോകാൻ–" ജാനകിയമ്മ കണ്ണിറുക്കി. വേലക്കാരികളിൽ ഓരോരുത്തരുടേയും മുഖങ്ങളിലേക്ക് പ്രത്യേകം പ്രത്യേകം നോക്കി മനസ്സിൽ സൂക്ഷിയ്ക്കുന്ന ഒരു രഹസ്യം പുറത്തിറക്കും മട്ടിൽ അവർ പറയുന്നു.

"ഇവിടം വിട്ടു ഞാനെങ്ങോട്ടാണിനി പോവുക? ഇവിടെ എനിക്ക് കൂട്ടിനുള്ള മൂപ്പരെ വിട്ടിട്ട് ഞനെങ്ങോട്ടാണ് പോവുക–? ഞാനെവിടേയ്ക്കും പോവില്ല. എനിയ്ക്കെങ്ങോട്ടും പോകാനാവുകയില്ല–? ജാനകിയമ്മ തന്റെ ചുറ്റിലും നില്ക്കുന്നപെണ്ണുങ്ങളെ തറപ്പിച്ചു നോക്കി വീര്യം പറയുന്ന മട്ടിൽ പറഞ്ഞു. 'ഇല്ല. എങ്ങോട്ടേക്കും പോവില്ല–'

മക്കളോട് വരാമെന്ന് പറയുന്നത് കേട്ടല്ലോ–? ഒരു വാല്യക്കാരത്തി അങ്ങനെചോദിച്ചപ്പോൾ ജാനകിയമ്മ കണ്ണിറുക്കി ചിരിച്ചു പറയുന്നു' വെറുതെ–വെറുതെ പറഞ്ഞതാ–അങ്ങനെപറഞ്ഞാലെ എന്റെ മക്കൾ വരൂ എന്ന് എനിയ്ക്കറിയാം. ഞാനവരെ പെറ്റിട്ട തള്ളയല്ലേ–? അവരുടെ സൂത്രം എനിക്കറിയില്ലേ–? വരട്ടെ അവർ വന്നാൽ ഓണമുണ്ടിട്ട് ഒന്നിച്ച് തിരിച്ചുപോകാമെന്നോക്കെ ഞാൻ സമ്മതിയ്ക്കും. കേൾക്കണോ കൂട്ടരെ നിങ്ങൾക്ക്'

ജാനകിയമ്മ വേലക്കാരികൾ ഓരോരുത്തരേയും വീണ്ടും വീണ്ടും സൂക്ഷിച്ചു നോക്കി:' എന്റെ മക്ക ൾ ഇങ്ങ് വരട്ടെ. അതാ എന്റെ പ്രാർത്ഥന. വന്നാൽ ഇവിടന്ന് ഞാനവരെ പറഞ്ഞയച്ചിട്ടു വേണ്ടേ അവർക്കി വിടം വിടാൻ–? സമ്മതിക്കില്ല. ഒരൊറ്റഒന്നിനേയും എന്റെ ചെറകിൻ കീഴിൽനിന്ന് ഞാൻ വിട്ടു കൊടുക്കില്ല.ഓണവും വിഷുവും പിന്നെ നാട്ടിലെ എല്ലാവിധ– 'ജാനകിയമ്മ പെട്ടന്ന് നിർത്തി.

വേലക്കാരികൾ അമ്മയുടെ കട്ടിലിന്റെ ചുറ്റിലും ഇരുന്നു. ഞെട്ടിയുണർന്ന ജാനകിയമ്മ അവരോട് പറഞ്ഞു. "ഇങ്ങനെ കഥയും പറഞ്ഞിരുന്നാലെങ്ങിനെ? പോയ്കിടന്നുറങ്ങ്. രാവിലെ തൊടങ്ങിഎന്തെല്ലാം ഒരുക്കിസ്വരുകൂട്ടണ്ടതാ. ചെല്ല്. ചെന്ന് കിടന്നുറങ്ങ്. പ്രഭാതത്തിൽ തുടങ്ങണം സകല ഒരുക്കങ്ങളും. എന്റെ മക്കൾ വരുമ്പോഴേക്കും ഈവീടും ചുറ്റുപാടും ഒരു സ്വർഗ്ഗമാക്കണം. ഓണം കേമമാക്കണം കൂട്ടരെ, പോയ് അവനവന്റെ കിടക്കപ്പായ ശരണം. ചെല്ല്– ഉറക്കമിളക്കേണ്ട. നാളെ

എന്തെല്ലാം ചെയ്ത്തീർക്കാനുള്ളതാ–"

ജാനകിയമ്മയും കിടന്നു. പ്രഭാതത്തിൽ മക്കളെത്തുമെന്ന ആശ്വാസത്തോടെ, മറ്റൊരു ദിവസം പുലരുന്നതിനുവേണ്ടി ജാനകിയമ്മ തന്റേത്മാത്രമായ പൂമഠം പൂക്കിലത്ത് മാളികപ്പുരയ്ക്കൽ വലിയകണ്ടിത്തറവാട്ടിന്റെ അകമുറിയിലെ കട്ടിലിൽ നീണ്ടു നിവർന്നു കിടന്നു. മക്കൾ ചെവിയിൽ മന്ത്രിച്ച രസമുള്ള വർത്തമാനങ്ങൾ അയവിറക്കി കിടന്നു. അവർ പറയുന്നത് കേൾക്കുന്നു. അമ്മേ ഇക്കുറി ഞങ്ങൾ അങ്ങോട്ടു വരുന്നുണ്ട്. ഈ ഓണം നമ്മൾ ഒന്നിച്ച് അമ്മയോടൊന്നിച്ച്. ജാനകിയമ്മയുടെ മനസ്സിൽ അവരുടെ ചിരിയൊച്ചകൾ. സുപരിചിതമായ ആ ചിരിമലരുകൾ തന്റെ തലയണയ്ക്കരികെ ഒരിയ്ക്കലും വറ്റാതെ എന്നും ഉണ്ടായിരുന്നുവല്ലോ. ഒരു താരാട്ടുപോലെ,സുഖശീതളമായ ഒരു തഴുകൽപോലെ, പക്ഷി തൂവലുകളുടെ മാർദ്ദവം തോന്നിപ്പിയ്ക്കുന്ന മിനുസമാർന്ന ഒരു തലോടൽപോലെ. ഇമ്പമാർന്ന ഇക്കിളി ചിതളുകൾ പോലെ .... ഒരു സുഖാലസ്യം ജാനകിയമ്മയെ ആലിംഗനം ചെയ്യുന്നു. ജാനകിയമ്മ അന്ന് പ്രഭാതത്തിൽ ഞെട്ടിയുണർന്നു. നേരം നല്ലതുപോലെ ഉദിച്ചു പൊങ്ങിയിരിയ്ക്കുന്നു. എങ്കിലും വേലക്കാരികൾ ആരും തന്നെ ഉറക്കമുണർന്നിട്ടില്ലല്ലോ. പടിപ്പുരയ്ക്കൽ ഒരു കാറിന്റെ ശബ്ദം കേട്ടിട്ടാണല്ലോ താൻ ഞെട്ടിയുണർന്നതെന്നും ജാനകിയമ്മ ഓർത്തു. അടുക്കളഭാഗത്ത് കിടന്നുറങ്ങുന്നവളേയും പടിഞ്ഞാറ്റിയുടെ അപ്പുറത്തെ നെല്ലറയ്ക്ക് സമീപമുള്ള ഇടനാഴിയിൽ കിടന്നുറങ്ങാറുള്ള രണ്ടെണ്ണത്തിനേയും തട്ടിവിളിച്ചു. അടുക്കളപണിയാരംഭിയ്ക്കണമല്ലോ. പ്രഭാതം മുതൽ പ്രദോഷം വരെ എന്തെല്ലാം പണികൾ ആ തറവാട്ടു വീട്ടിൽ പൂർത്തിയാക്കാനുണ്ട്. എന്നിട്ടും നേരം വെളുത്തിത്രയായിട്ടും ഒന്നും എഴുന്നേറ്റില്ല എന്നായാലെങ്ങിനെ–? ജാനകിയമ്മയ്ക്ക് കോപവും താപവും ഏറി. അവർ കയർത്തു "പെണ്ണുങ്ങളെ എന്തായിത്–? നല്ലൊരു ഓണമായിട്ടിങ്ങനെ–? മക്കളെല്ലാം ഇപ്പോ ഇങ്ങെത്തും. പറഞ്ഞില്ലേ ഞാൻ. പടിപ്പുരയ്ക്കൽ ഞാൻ കാറിന്റെ ഒച്ച കേട്ടതാ–"

പണിക്കാരികളെയെല്ലാം വിളിച്ചുണർത്തി അവരവരുടെ പണികൾ ആരംഭിക്കാൻ ഏർപ്പാടാക്കിയ ശേഷം ജാനകിയമ്മ ഉമ്മറവാതിൽ തുറന്നു. എന്റെ ജഗതംബികേ– എന്താണി കാണുന്നത്! ജാനകിയമ്മ അത്ഭുതപ്പെട്ടു. മകൻ ഗുണശേഖരനല്ലേ മുന്നിൽ നില്ക്കണത്–? പ്രഭാകരവർമ്മ തന്നെ. മുറിച്ച മുറിയാണ് ഗുണശേഖരനെന്ന്അവനെകാണുന്നവരെല്ലാം പറയാറുണ്ടല്ലോ? ജാനകിയമ്മ വീണ്ടും വിളിച്ചു. "എന്റെ പൂമഠത്തമ്മേ ആരാണിത്–?"

പൂമഠം പൂക്കിലത്ത് കാവിലെ അമ്മയാണ് പൂമഠത്തമ്മ. തറവാട്ടിന്റെ സ്വന്തം അമ്മയാണ്. ഏറെ സന്തോഷം വരുമ്പോഴും ഏറെ സങ്കടം തോന്നുമ്പോഴും തറവാട്ടിലെ അംഗങ്ങൾ വിളിയ്ക്കുക പൂമഠത്തമ്മയേയാണ്. വിളികേട്ട ഭാവത്തിൽ ചിരിച്ചുകൊണ്ട് ഗുണശേഖരൻ പറയുന്നു."അമ്മ അന്തം വിടണ്ടാന്ന് കരുതിയതാ ഞാൻ. ഏട്ടനും അനിയന്മാരും പറഞ്ഞു തല്ക്കാലം നീ നാട്ടിലേക്ക് ചെല്ലുന്ന കാര്യം അറിയിക്കണ്ടയെന്ന്. അമ്മയ്ക്ക് ഒരു സർപ്രൈസ് ആവട്ടെയെന്നാണ് മക്കളെല്ലാം പറഞ്ഞത്–"അയാൾചിരിതൂകുന്നു.

ജാനകിയമ്മ മകനെ ആശ്ലേഷിച്ചു. യാത്രചെയ്ത് കയറി വന്നതിനാലാവാം മകന്റെ ശരീരത്തിന് നല്ല തണുപ്പുണ്ടെന്ന് തോന്നി. ആയമ്മ ചോദിച്ചു:

"നീ എപ്പോഴേ പോന്നത്–? ഫോണിൽ പറയാത്തത്–?"

അവൻ അമ്മയുടെ വായ പൊത്തി. തിരുവോണനാളിൽ ഇങ്ങനെകയറി വരുന്നതിന്റെ ഒരു രസം
അമ്മ അനുഭവിക്കട്ടെയെന്ന് മക്കൾ കരുതി. അവരെ കുറ്റം പറയരുതല്ലോ. ജാനകിയമ്മ ചിരിച്ചു.

ജാനകിയമ്മയ്ക്ക് നേരം പറന്നു പോവുന്നതായി തോന്നി. ജാനകിയമ്മ ചോദിച്ചു

"മക്കളൊന്നും വന്നില്ലേ മോനെ–"

"അവരെല്ലാം വരും. ഇന്നു നാളെയുമായി അല്ലങ്കിൽ അതിനടുത്ത ദിവസം. എന്താ മക്കളെയെല്ലാം കാണാൻ അമ്മക്ക് തിടുക്കമായോ?

ഗുണശേഖരന്റെ ഓരോതരം കുസൃതികൾ. കുട്ടികാലത്തെ അതേ മട്ടും മാതിരിയും ഒക്കെ തന്നെ. അമേരിക്കക്കാരനായിട്ടും പെരുമാറ്റത്തിലൊന്നും യാതൊരു മാറ്റവും കാണുന്നില്ലല്ലോ. ജാനകിയമ്മ സ്വയം ആശ്വസിച്ചു. അച്ഛന്റെ സ്വഭാവ ഗുണം എല്ലാം ഒത്ത് കാട്ടിയവൻ ഇവൻതന്നെ. ചൊട്ടയിലെ ശീലം എന്നും ജാനകിയമ്മ വെറുതെയോർത്തു. അന്നു ഉച്ചയായി. തിരുവോണസദ്യയ്ക്ക് എല്ലാഒരുക്കങ്ങളും നടത്തിയിരിക്കുന്നു. മുഴുത്തികവാർന്ന ഓണസദ്യയാണല്ലോ വിളമ്പിയത്. പണിക്കാരിപ്പെണ്ണുങ്ങൾ ബഹുമിടുക്കികൾ തന്നെ. അമ്മയും മകനും അന്ന് നാക്കിലയിൽ വിസ്തരിച്ച് ഊണുകഴിച്ചു. മകനും അമ്മയും വാശിയിൽ പായസങ്ങൾ ഇലയിൽ വിളമ്പിച്ച് മത്സരിച്ച് വാരിക്കോരിക്കുടിച്ചു. ഊണിന്ശേഷം അല്പമൊന്നു മയങ്ങി. മകനും തന്റെയൊപ്പം കട്ടിലിൽ കിടന്നു. മകന്റെശരീരത്തിൽ നിന്നും ഊർന്ന്പൊങ്ങുന്ന തണുപ്പിന്റെ സുഖലഹരി ജാനകിയമ്മയെ ഉന്മത്തയാക്കി. അവർ നട്ടുച്ചനേരത്തും പുതച്ചു മൂടികിടന്നു. വേലക്കാരിപ്പെണ്ണുങ്ങൾ വിളിച്ചുണർത്തിയപ്പോഴാണ് സന്ധ്യമയങ്ങിയതറിയുന്നത്.

വൈകുന്നേരത്തെ കാപ്പിയ്ക്ക് പലഹാരം ഇലയടയായിരുന്നു. ജാനകിയമ്മയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട പലഹാരം. അമ്മയ്ക്ക് മാത്രമല്ല മകൻ ഗുണശേഖരനും ഇഷ്ടപലഹാരമാണ് ഇലയട. അച്ഛന്റെ പ്രകൃതക്കാരനാണല്ലോ. ആ ശീലവും പിന്തുടർച്ചയായി കിട്ടിയതാവണം. ജാനകിയമ്മ സന്തോഷത്തോടെ ഇലയട തിന്നു. പണിക്കാരികൾക്കും അയൽപക്കക്കാർക്കും ആശ്രിതർക്കും എല്ലാം ഓണക്കോടി സമ്മാനമായി കൊടുപ്പിച്ചു. വിദേശത്തുനിന്നും മകൻ വന്ന വിശേഷം പത്ത് മാലോകരെ അറിയിക്കാൻ ജാനകിയമ്മ ശട്ടം കെട്ടി. ഗുണശേഖരൻ നാട്ടിലെത്തിയിരിക്കുന്നു. അമ്മയുടെയടുത്തെത്തിയിരിക്കുന്നു. ഓണസമ്മാനം വേണ്ടവരൊക്കെ വന്നു വാങ്ങിക്കൊൾവിൻ. ജാനകിയമ്മ ആഹ്ലാദപ്പൂർവ്വം വിളിച്ചു പറഞ്ഞു.

അന്നുരാത്രി, വർഷങ്ങൾക്കു ശേഷം ഒരു രാത്രി

പോലെ ജാനകിയമ്മ കിടന്നു. മകൻ ഗുണശേഖരൻ പറഞ്ഞു: "അമ്മയെ തൊട്ടുതലോടി ഞാനും ഇന്ന് രാത്രി അമ്മയോടൊന്നിച്ചാണ് കിടക്കുന്നത്. ഉറങ്ങുന്നത്-"ഗുണശേഖരൻ അമ്മയെപ്പറ്റിപിടിച്ചുകിടന്നു. ജാനകിയമ്മയ്ക്ക് മാതൃത്വത്തിന്റെ സുഖകരമായ ഒരു തളർച്ചയനുഭവപ്പെട്ടു. മധുരമുള്ള പാൽപ്പായസം അന്ന് പതിവിലധികം വാരിക്കുടിച്ചിട്ടുണ്ടല്ലോ. ഗുണശേഖരന്റെ ശരീരത്തിലെ തണുപ്പിന്റെ രസ്മികൾ തന്റെ ശരീരമപ്പാടെ വ്യാപിയ്ക്കുന്നു എന്ന ഓർമ്മയിൽ പുതപ്പെടുത്ത് ജാനകിയമ്മ പുതച്ചു. മകനും അമ്മയും ആ പുതപ്പിന്റ ഇരുൾച്ചൂടിൽ അങ്ങനെമൂടികിടന്നു. ഒരു സംഗീതം പോലെ സുപരിചിതമായ ആ ചിരിയുടെ നേർത്ത ഈണം ജാനകിയമ്മയുടെ മനസ്സിനെനിദ്രയിൽ വീഴ്ത്തുന്ന വേളയിലും ഗുണശേഖരന്റെ ശരീരം വമിയ്ക്കുന്ന കുളിർ പുതപ്പിന്നടിയിലെ ഇരുട്ടിൽ ജാനകിയമ്മയെ പുണരുകയായിരുന്നു. തളർന്നു കിടന്നുറങ്ങാൻ പ്രേരിപ്പിയ്ക്കുന്ന തണുപ്പിന്റെ തലോടലേറ്റ് ആ അമ്മ അങ്ങിനെകിടന്നു ഒരു സ്വപ്ന ത്തിലെന്നപോലെ ഒഴുകി....

വേലക്കാരികൾ വാതിലിനരികേ വന്നു നിന്നു: ജാനകിയമ്മയുടെ മുറിയിൽ ഫോൺ മുഴങ്ങുന്നു. നിർത്താതെയുള്ള മണിയടികൾ കേട്ടിട്ടും അമ്മ ഉറക്കം വിട്ടുണരാത്തതെന്ത്-? അഞ്ചു വേലക്കാരികളിൽ ഏറ്റവും മുതിർന്നവൾ ജാനകിയമ്മയുടെ മുറിയിൽ ധൈര്യപൂർവ്വം കടന്നുചെന്നു. പുതപ്പ് മാറ്റി അമ്മയെ തട്ടിവിളിക്കാനായി ആ ശരീരത്തിൽ തൊട്ടപ്പോൾ വേലക്കാരി വൈദ്യുതാഘാതമേറ്റവളെപ്പോലെ ഞെട്ടി വിറച്ചു. പുതപ്പിന്നടിയിലെ ശരീരത്തിന്ന് ഇത്രമേൽ തണുപ്പോ? വിളർത്ത മുഖത്തെ കണ്ണുകൾ പാതിതുറന്ന മട്ടിൽ. പിളർന്ന ചുണ്ടിന്റെ ഇളംചരിവിലൂടെയൊലിച്ചുതാണ ദ്രാവകം ഉമിനീരിന്റെ അവശിഷ്ടമാണോ? രാത്രി കിടക്കാൻ നേരത്ത് പറഞ്ഞതൊക്കെ പണിക്കാരിയുടെ മനസ്സാകെ നുരഞ്ഞു!

വേലക്കാരികൾ അഞ്ചുപേരും മുറിക്കകത്ത് കയറി ജാനകിയമ്മയെ തട്ടി വിളിച്ചു. അവർ വിളികേൾക്കാദൂരത്തേക്ക് കടന്നുകളഞ്ഞുവോ? രാത്രി കിടക്കാൻനേരം പറഞ്ഞതോർത്തു മക്കളെല്ലാവരും നാളെ വരും. നേരത്തെ ഉറക്കമുണരണം. പണിയെല്ലാം പതിവിലുംനേർത്തെ തീർത്ത് നമുക്കൊന്നിച്ച് അന്റെ മക്കളുടെ വരവുകാണാൻ പടിക്കൽതന്നെ നോക്കിനിൽക്കാം. ജാനകിയമ്മയുടെ വർത്തമാനങ്ങളത്രയും അവരുടെ മനസ്സിൽ ഒട്ടും ചൂടാറാതെയവശേഷിയ്ക്കുന്നുണ്ട്. ജാനകിയമ്മമാത്രം ചൂടാറി- വിശ്വസിക്കാനാവാതെ വേലക്കാരികൾ സ്തബ്ധരായി നില്ക്കുമ്പോൾ മുറിയക്ക് മൂലയിൽ സ്ഥാപിച്ച ഫോൺ മണിയൊച്ച നിർത്താതെ മുഴങ്ങുന്നു. വേലക്കാരികളിൽ മൂത്തയാൾ എന്തും വരട്ടെയെന്നുറപ്പിച്ച് ഫോൺ എടുത്തു. മറുതലയ്ക്കൽ നിന്നു മക്കളിലാരോ ഒരാൾ, ആ ഗുണശേഖരൻതന്നെയാവാം ചിരിയ്ക്കുന്നു. "അമ്മയല്ലേ. അമ്മേ എന്താ ഫോണെടുക്കാൻ ഇത്രതാമസം. അമ്മയല്ലേയത്?"

വേലക്കാരി എന്തു പറയേണ്ടൂ എന്ന് നിശ്ചയമില്ലാതെ വിറച്ച് വിറച്ച് അമ്മയെന്നുമാത്രം ഉച്ചരിച്ചു. മറുതലയ്ക്കൽ നിന്ന് വീണ്ടും പറയുന്നു."ഫോൺ അമ്മയുടെ കൈയ്യിൽകൊടുക്കൂ—?"

അപ്പോഴും വേലക്കാരി വേവലാതിയോടെ പറയുന്നു. "അമ്മ"

"അമ്മ-?" മറുപുറത്തേ ചോദ്യം.

വേലക്കാരി ഫോൺ അമ്മയുടെ ചെവിക്കരികെ വച്ചു. മറുതലയ്ക്കലുള്ള മക്കളുടെ വിളി അവർക്ക് കേൾക്കാം. "അമ്മേ ഉറക്കമുണർന്നില്ലേ-?"

അമ്മ മക്കളിലൊരുവനേയും കെട്ടിപ്പിടിച്ച് മതികെട്ടുറങ്ങുകയാണല്ലോ മക്കളെയെന്നു പറയുവാൻ അവർക്കും ഒന്നും അറിയില്ലല്ലോ. എല്ലാംസ്വയമറിഞ്ഞുറങ്ങുന്ന അമ്മയെയുണർത്താൻ പറ്റില്ലന്ന് മാത്രമേ കണ്ടു നിൽക്കുന്നവർക്കറിയൂ....

ജാനകിയമ്മയുടെ ശരീരത്തിൽനിന്നും കമ്പിളിപ്പുതപ്പ് മാറ്റുന്ന വേലക്കാരികൾ പരസ്പരം മിഴിച്ചു നോക്കുകയാണ്. അനന്തരകർമ്മ പരിപാടികളുടെ നടത്തിപ്പിന്നായി ആരെയൊക്കെയാണ് വിവരമറിയിക്കേണ്ടതെന്നും അവർക്കറിയില്ല. അവർക്ക് ജാനകിയമ്മയേയും മക്കളേയും സംബന്ധിക്കുന്ന വിശദവിവരങ്ങൾഒന്നുംതന്നെ അവർക്കറിയില്ലല്ലോ. ആകപ്പാടെ അവർ അറിഞ്ഞുവശായത് മക്കളെല്ലാവരംകൂടി അമ്മയുടെയൊപ്പം ഓണമുണ്ണാൻ അമേരിക്കയിൽനിന്നും ഇക്കുറി പറന്നെത്താനിടയുണ്ട് എന്ന വർത്തമാനം മാത്രമാണ്

മറ്റുകഥകളൊന്നും വേലക്കാരിപെണ്ണുങ്ങൾക്കറിഞ്ഞുകൂടാ. തണുത്ത് വിറങ്ങലിയ്ക്കുന്ന ശരീരം ഇനിയെന്ത്, ഏത്കർമ്മബന്ധങ്ങളിലൂടെയൊക്കെ ഇണക്കിക്കൊണ്ടു പോകണം എന്നതും അവർക്കറിയില്ല. സത്യമായതെന്ത് എന്നും അവർക്കറിയില്ല. രാമജപം ഉരുക്കഴിക്കണമോ എന്നതു അവർക്കറിയാപൊരുൾ. പിടികിട്ടാ പൊരുൾ.

(അവസാനിച്ചു)

കവിത

# ജന്മഗേഹം

കുട്ടികൃഷ്ണൻനായർ
ഇളവന

ഋതുഭേദങ്ങളെത്ര കടന്നുപോയ്.....
ജീർണ്ണതയിൽമുങ്ങിവിങ്ങുമീ ജന്മഗേഹത്തിൽ
തുളസിത്തറയിടിഞ്ഞമർന്നുപോയി
ഇലഞ്ഞിപ്പൂക്കൾ കൊഴിഞ്ഞു തിരുമുറ്റംമൂടി.
നിഴലുകൾ ചോർന്നു വീഴുന്ന വടക്കിനി
തെക്കിനി നിലംപറ്റി,കാടായി അവിടെ
കരിനാഗങ്ങളിഴയുന്നു.
കൽമണ്ഡപത്തിലെ കാരണവർത്തറയിൽ
സന്ധ്യാദീപങ്ങൾ തെളിഞ്ഞതാ. രാവുകൾ
ചിതലരിക്കുന്നു പൂമുഖപ്പടി വാതിൽ
മാറാലക്കെട്ടിക്കിടക്കുന്നു ചുമരുകൾ
പേരറിയാത്തൊരാ കാരണവർ നട്ട
നാഗപ്പാലയും പൂത്ത് മണംചൊരിയാതെയായ്
നാഴി അരിക്കായ് അടുപ്പുകൾ പുകയാറില്ല.
ഞെട്ടിപ്പറക്കുന്ന വവ്വാലുകൾക്കല്ലാതെ
മറ്റാർക്കു ശാശ്വതം ഈ ജന്മഗേഹം

ലേഖനം



# കുതിരയ്ക്ക് ഒരു അടി



പി. ആർ. നാഥൻ

ഓർമ്മിക്കുന്തോറും ദുഃഖം വർത്തിക്കുന്ന ചിലഅനുഭവങ്ങൾ നമുക്ക് ഉണ്ടാകാറുണ്ട്. അത്തരം കാര്യങ്ങൾ ഇ നിചിന്തിക്കുകയില്ല എന്ന് നാം തീരുമാനമെടുക്കും. പക്ഷേ മനസ്സ് നിയന്ത്രണത്തിൽ നിൽക്കുകയില്ല. ഓർക്കാനാഗ്രഹിക്കാത്തത ഓർത്തുപോകും, ഇത്തരം സ്മരണകളുടെ പിറകിൽ നാം തന്നെയായിരിക്കും കുറ്റവാളി. നമ്മെ ആരെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ നമുക്കത് മറക്കാൻ കഴിയും. നാം മറ്റൊരാളെ വേദനിപ്പിച്ചിട്ടുണ്ടെങ്കിലോ?– ഉള്ളിൽ കുറ്റബോധം ഉറഞ്ഞുകൂടുന്നതുകൊണ്ട് നമുക്ക് വിസ്മരിക്കാനാവില്ല. വേദനിപ്പിച്ചത് ഒരുമിണ്ടാപ്രാണിയെ ആണെങ്കിലോ?– എക്കാലവും നമുക്കത് ദുഃഖം തരുന്നു. നമുക്കിനി പശ്ചത്തപിക്കാൻ കഴിയുകയില്ല. മിണ്ടാപ്രാണികളുടെ കാര്യം പറയും മുമ്പ് മറ്റൊരു സംഭവം കുറിച്ചിടുകയാണ്. ഒരുകാലത്ത് കശാപ്പുകാരനായ ഒരു വ്യക്തി എന്നെ കാണാനായി വന്നിരുന്നു. അയാൾ ഇപ്പോൾ കശാപ്പുകാരനല്ല. കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി അയാൾ ഒരു മോട്ടോർ മെക്കാനിക്കാണ്. വായനാശീലമുള്ള ഒരു വ്യക്തി എന്ന നിലയ്ക്ക് അയാൾ എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. ഉത്തരവാദിത്വപ്പെട്ട ഉദ്യോഗത്തിരിക്കുമ്പോൾ പോലും അയാളെപ്പോലെ ഗ്രന്ഥങ്ങൾ വായിക്കാറില്ല. തത്വചിന്തയോടെ സംസാരിക്കുന്ന അയാൾ ഒരുകാലത്ത് കശാപ്പുകാരനായിരുന്നു എന്നു കേട്ടപ്പോൾ അതിശയം തോന്നി. കശാപ്പ് അയാളുടെ കുലത്തൊഴിലായിരുന്നു. ചന്തയുടെ സമീപത്താണ് അയാൾ ജനിച്ചു വളർന്നത്. അറവുമൃഗങ്ങൾക്ക് വേദനയുണ്ടെന്ന കാര്യം അയാൾക്ക് അറിയില്ലായിരുന്നു. നാൽക്കാലികൾക്ക് മനസ്സുണ്ടെന്ന് ഒരാളും ബാല്യത്തിൽ അയാൾക്ക് പറഞ്ഞുകൊടുത്തില്ല. മേശയുണ്ടാക്കുന്ന ഒരാശാരി ഒരു മരത്തടിയെ കൈകാര്യം ചെയ്യുന്നതുപോലെ മൃഗങ്ങളോട് പെരുമാറാം എന്നാണ് അയാൾ ധരിച്ചിരിക്കുന്നത്. ഒരു മൃഗത്തിന്റെ കൈകാലുകൾ വരിഞ്ഞുകെട്ടി അതിന്റെ കഴുത്തുമുറിക്കുമ്പോൾ അയാൾക്ക് ഒന്നുംതന്നെ തോന്നിയിരുന്നില്ല. ദീർഘനേരം അത് പിടഞ്ഞുകൊണ്ടിരിക്കുമ്പോൾ അയാൾക്ക് ബോറടി തോന്നുമായിരുന്നു. പിടച്ചിൽ നിലയ്ക്കുന്നതിനു മുമ്പ് അതിന്റെ തോലുരിയുന്നത് ബുദ്ധിമുട്ടു ള്ള കാര്യമാണ്. ആ കാത്ത്നിൽപ്പു മാത്രമായിരുന്നു അക്കാലത്ത് കശാപ്പിന്റെ കാര്യത്തിൽ വിരസമായി അയാൾക്ക് അനുഭവപ്പെട്ടത്. ഞാനിതു ചെയ്യുന്നത് ഇതിന്റെ മാംസം തിന്നാനായി എത്തുന്നവർക്ക് വേണ്ടിയാണ് എന്ന ധാരണ മനസ്സിൽ ഉറച്ചിരുന്നു. മറ്റൊരാൾ കൊന്നു കഴിഞ്ഞ ഒരു ജീവിയുടെ മാംസം ഭക്ഷിക്കുന്നതിൽ പാപമില്ല എന്ന് തിന്നുന്നവനും വിചാരിക്കുന്നുണ്ടായിരിക്കാം. സാധാരണ ഗതിയിൽ ഒരു കശാപ്പുകാരൻ ഉരുവിന്റെ നേത്രങ്ങളിലേക്ക് നോക്കാറില്ല. അതിന് സമയം കിട്ടാറുമില്ല. ഒരുദിവസം അയാൾ ഒരു ഉരുവിന്റെ കൃഷ്ണമണികളിലേക്ക് അറിയാതെ നോക്കിപ്പോയി. സംസാരിക്കാൻ കഴിയാത്ത ആ ജീവി പ്രാണവേദനയോടെ തന്റെ ജീവനു വേണ്ടി കേഴുകയാണ്. ജീവിക്കുക എന്നത് ഒരു സുഖമാണ്. സുഖമായതുകൊണ്ടാണല്ലോ നാമെല്ലാം ജീവിക്കാൻ ആഗ്രഹിക്കുന്നത്. നിരപരാധിയായ ആ ജീവിയുടെ കാലുകൾ കൂട്ടികെട്ടിയശേഷം കഴുത്തിൽ കത്തിവെക്കുമ്പോൾ പ്രാണവേദനയോടെ ആ മൃഗം കാരുണ്യത്തിനായി കരഞ്ഞുകൊണ്ട് അയാളുടെ മുഖത്തേക്ക് നോക്കി. അന്ന് ആ ഉരു പിടയുന്നത് അയാൾ നോക്കിനിന്നില്ല. പിന്നീട് അയാൾ ജോലിയിൽ തുടർന്നില്ല. മാംസാഹാരം കഴിക്കുന്നത് ഉപേക്ഷിക്കുകയും ചെയ്തു.

എല്ലാ മൃഗങ്ങളും സത്യധർമ്മങ്ങളിൽ വിശ്വസിക്കുന്നുണ്ട്. അവ സ്വന്തം ശരീരത്തെ സ്നേഹിക്കുന്നു. മനുഷ്യനേക്കാൾ സ്വന്തം ശരീരത്തെ സ്നേഹിക്കുന്നത് മൃഗങ്ങളായതിനാൽ മരണഭയം മൃഗങ്ങൾക്ക് കൂടുതലാണ്. മനുഷ്യൻ ശരീരത്തിനേക്കാളും മറ്റുപലതിനേയും സ്നേഹിക്കുന്നുണ്ട്.അതുകൊണ്ടാണ് ഉറക്കമിളച്ച് പണമുണ്ടാക്കുന്നത്. ആത്മഹത്യചെയ്യുന്നതിന്റെ പുറകിലും ശരീരത്തേക്കാൾ സ്നേഹിക്കുന്ന മറ്റു പലതും ഉണ്ടെന്ന ചിന്തതന്നെയാണ്.

മൃഗങ്ങൾ നടക്കുമ്പോൾ അവയുടെ കുഞ്ഞുങ്ങളെ ചവിട്ടാതെ നടക്കുന്നു. മനുഷ്യനേയും മൃഗങ്ങൾ ചവിട്ടുകയില്ല. ചാട്ട എന്ന സിനിമയുടെ ഷൂട്ടിംഗ് വേളയിൽ ഇക്കാര്യം എനിക്ക് ബോധ്യമായി. ഞാൻ തിരക്കഥയും സംഭാഷണവും എഴുതിയ ചാട്ട എന്ന സിനിമയുടെ ഭൂരിഭാഗം ദൃശ്യങ്ങളും ചിത്രീകരിച്ചത് വാണിയംകുളം ചന്തയിൽ വെ ച്ചായിരുന്നു. കാലിചന്തകളുടെ പശ്ചാത്തല

ത്തിലുള്ള ആ നോവൽ യഥാർത്ഥ ലൊക്കേഷനിൽ വെച്ചുതന്നെയാണ് ഷൂട്ട് ചെയ്തത്. ക്ലൈമാക്സ് രംഗം ചിത്രീകരിക്കുകയാണ്. ഒരു സംഘം കാളകൾ അതിവേഗം ഓടിവന്ന് കഥാനായകനായ കാള വേലുവിനെചവിട്ടി മെതിക്കുന്നതാണ് രംഗം. ബാലൻ കെ നായരാണ് കാളവേലുവായി അഭിനയിച്ചത്. വൈക്കോൽ കൊണ്ട് ആൾരൂപമുണ്ടാക്കിയ ശേഷം അത് കാളകളെകൊണ്ട് ചവിട്ടിക്കാനായിരുന്നു സംവിധായകനായ ഭരതൻ നിശ്ചയിച്ചത്. പക്ഷേ ഒരു കാളയും ആൾരൂപത്തിനെചവിട്ടിയില്ല. ഓടിവന്ന കാളകൾ മനുഷ്യകോലത്തിനെചവിട്ടാതെ വഴിമാറിനടന്നു. ഈരംഗം കാളകളെ വെച്ച് ചിത്രീകരിക്കാൻ കഴിയില്ല എന്ന് ക്യാമറാമാനായ വിപിൻദാസിനും തോന്നി. സിനിമയിൽ ബാലൻ കെ നായരുടെ ശരീരത്തിൽ കാളകൾ ചവിട്ടുന്ന രംഗമുണ്ട്. കശാപ്പുശാലയി ൽ ചെന്ന് കാളയുടെ കാലുകൾ വിലയ്ക്കു വാങ്ങിയശേഷം ആ കാലുകൾ നടന്റെശരീരത്തിൽ അമർത്തി വെച്ച് ക്ലോസപ്പുകൾ എടുത്തു. ജീവനുള്ള കാളകൾ അധർമ്മം ചെയ്യുകയില്ല എന്ന് സൂചിപ്പിക്കാനാണ് ഈ അനുഭവം വെളിപ്പെടുത്തിയത്.

ഞാൻ ഒരു മിണ്ടാപ്രാണിയെ വേദനിപ്പിച്ച അനുഭവം പറഞ്ഞു കൊണ്ടാണല്ലോ തുടങ്ങിയത്. ആദ്യമായി ഹിമാലയത്തിലെ കേദാർനാഥിലേക്ക് യാത്രപോകുകയാണ്. ഗൗരികുണ്ടിൽ നിന്നും മണിക്കൂറുകളോളം നടന്നുകയറണം. പതിനാല് കിലോമീറ്റർ ദൂരമേ ഉള്ളു എന്നു പറയാമെങ്കിലും ഹിമാലയത്തിലെ കണക്കുകളെ നമ്മുടെ നിരത്തുകളിലെ കണക്കുകളുമായി താരതമ്യപ്പെടുത്തരുത്. കേദാർനാഥ് യാത്ര ദുഷ്ക്കരം തന്നെയാണ്. ഹിമാലയത്തിനിന്ന് പകരം വെക്കാനായി മറ്റൊന്നുമില്ല. മൂന്ന് സ്വെറ്ററുകളും ധരിച്ചാണ് ഞാൻ നടക്കാൻ തുടങ്ങുന്നത്. ഒരു ചൂരൽവടി കൈയ്യിലുണ്ട്. വഴിയിൽ മഞ്ഞുകട്ടകൾ വീണുകിടക്കുന്നു. കുതിരപ്പുറത്തുകയറി കേദാർനാഥിലേക്ക് പോകുന്നവരുണ്ട്. അവരുടെ യാത്ര കാണുമ്പോൾ പേടിതോന്നും. ചെങ്കുത്തായ പർവ്വതങ്ങൾ, കുതിരയുടെ കാലൊന്നു പിഴച്ചാൽ അത്യഗാധ കൊക്കയിലേക്കാണ് വീഴുക. അത്തരം കൊക്കകളിൽ വീണാൽ രക്ഷപ്പെടാൻ കഴിയുകയില്ല. കുതിരകൾ ക്ക് കയറ്റം കയറ്റത്തക്കവിധം വിശാലമായ നിരത്തുമില്ല. അതേവഴിയിലൂടെ താഴോട്ടിറങ്ങുന്നവരുമുണ്ട്. ആളുകളെ ചൂരൽകസേരയിലിരുത്തി ചുമന്നു കൊണ്ടുപോകുന്നവരുമുണ്ട്. കുതിരപ്പുറത്തു കയറുന്ന കാര്യത്തിൽ ഞാൻ തുടക്കത്തിലേ എതിരായിരുന്നു. എനിക്ക് വേണ്ടി ഒരു കുതിര കഷ്ടപ്പെടുന്നത് ശരിയല്ല എന്നു തന്നെ സുപ്രധാനകാരണം. കുതിര വണ്ടിയേക്കാൾ മനുഷ്യൻ വലിക്കുന്ന റിക്ഷയെ ഇഷ്ടപ്പെടുന്ന ഒരു മഹാരാജാവ് ഭാരതത്തിലുണ്ടായിരുന്നു അദ്ദേഹം ഒരിക്കലും കുതിര വണ്ടിയിൽ കയറിയിരുന്നില്ല. മനുഷ്യൻ അദ്ദേഹത്തെ ചുമന്നുകൊണ്ടുപോകാറുണ്ട്. കുതിര ഒരിക്കലും മനുഷ്യനെചുമക്കാനായി തയ്യാറെടുത്ത് വരില്ല എന്ന് ആ മഹാരാജാവ് പറഞ്ഞിരുന്നു. പ്രതിഫലം പറ്റികൊണ്ട് മനുഷ്യൻ സന്തോഷപൂർവ്വം ചെയ്യുന്ന പ്രവർത്തനമാണത്. കുതിരയ്ക്ക് പ്രതിഫലം ഇല്ലെന്ന് ഓ ർമ്മ വേണം. അതിന് ശരീരസുഖമുണ്ടോ എന്ന് ആരും ഓർമ്മിക്കാറില്ല. ആ ജീവിക്ക് ഒഴിവുദിവസമില്ല. കാഷ്വൽ ലീ വുമില്ല. കാലിന് പരിക്കു പറ്റിയാൽ പോലും വിശ്രമിക്കാൻ കഴിയകയുമില്ല.

ഗൗരീകുണ്ടിൽ നിന്നും ഞാൻ കേദാർനാഥിലേക്ക് വടി കുത്തി നടക്കാൻ തുടങ്ങി. എന്റെ കൂടെ വന്നവരെ

ല്ലാം കുതിരപ്പുരത്ത് കയറി. കുതിരകൾ കയറ്റം കയറുന്ന കാഴ്ച കണ്ട് ഞാൻ ഭയത്തോടെ കണ്ണടച്ചു. രാവിലെ ഒമ്പ ത് മണിക്ക് ഞാൻ നടന്നു തുടങ്ങി. ഉച്ചതിരിഞ്ഞ് വൈകുന്നേരം മൂന്നു മണിയായി. ഞാൻ പലയിടത്തും അവശനാ യി ഇരുന്നു. നടക്കാൻ തീരെ വയ്യ. ഓക്സിജൻ കിട്ടുന്ന കാര്യത്തിലും ബുദ്ധിമുട്ടുണ്ട്. താഴെ കുഴഞ്ഞു വീഴുമെന്ന കാര്യം തീർച്ചയായി. ഗൗരീകുണ്ടിലേക്ക് മടങ്ങാനും വയ്യ. മടങ്ങിയാൽതന്നെ ഗൗരീകുണ്ടിൽ പരിചയക്കാർ ആരുമില്ല. കൂടെയുണ്ടായിരുന്നവർ കർശനമായ ഭാഷയിൽ ശകാരിച്ചു. നിങ്ങൾക്ക് കേദാർനാഥിൽ നടന്നെത്താൻ കഴിയുകയില്ല. ഉടനെഒരു കുതിരപ്പുറത്ത് കയറുക.

ഉയരങ്ങളിൽ നിന്നും ഒരു കുതിര താഴോട്ടിറങ്ങി വരുന്നു. ഗൗരികുണ്ടിൽ നിന്നും കേദാറിലേക്ക് ഭാരം ചുമ ന്ന് കയറിപ്പോയ ഒരു പാവം കുതിര മടങ്ങി വരുകയാണ്. കനത്ത ശീതത്തിലും അതിന് ദാഹിക്കുന്നുണ്ട്. സഹതാ പം തോന്നിക്കുന്ന മുഖം. കുതിരക്കാരൻ കൂടെയുണ്ട്. എന്നെ കുതിരപ്പുറത്ത് കയറ്റി മുകളിലെത്തിക്കാൻകൂടെയുള്ളവർ ആജ്ഞാപിച്ചു. എനിക്ക് എഴുന്നേൽക്കാൻ വയ്യ.അവശനായ എന്നെ കുതിരക്കാരൻ കോരിയെടുത്ത് കുതിരപ്പുറത്തെത്തിച്ചു. ഒരു നിമിഷം ഞാൻ ആ കുതിരയുടെ കൃഷ്ണമണികൾ കണ്ടു. അതിന് വീണ്ടും ഭാരം ചുമന്ന് കേദാർനാ ഥ് വരെ നടക്കാനുള്ള ആരോഗ്യമില്ല. അതിന് വിശക്കുന്നുണ്ട്. കനത്ത തണുപ്പിലും അതിന് ദാഹമുണ്ട്. അതിന് എത്രയോ ദിവസമായി വിശ്രമിക്കാൻ കഴിഞ്ഞിട്ടില്ല. മനുഷ്യനെചുമന്ന് വീണ്ടും കയറ്റം കയറാൻ തുടങ്ങുന്ന ആ കുതിര ദാഹാർത്തനായി വഴിയരുകിലെ ശീതജലം കുടിക്കാനായി മുഖം കുനിച്ചു.

അപ്പോഴേക്കും കുതിരക്കാ രൻ ചാട്ടവാർകൊണ്ട് അതിനെഅടിച്ചു. വെള്ളം കുടിക്കാനായി സമ്മതിച്ചില്ല. എ നിക്ക് ആ നിമിഷത്തിൽ സംസാരിക്കാനുള്ള ആരോഗ്യമില്ല. എന്റെ ഭാഷ കുതിരക്കാരന് മനസ്സിലാകുകയില്ല. എനിക്ക് കുതിരയുടെ വേദനമനസ്സിലാകുന്നുണ്ട്. മനുഷ്യന് പുണ്യം കിട്ടാനായി ആ നാൽക്കാലി കഠിനമായ വേദനഅനുഭവിക്കുകയാണ്. കുതിരയുടെ പുറത്ത് വീണ അടിയുടെ ആഘാതം ഞാൻ മനസ്സിലാക്കുന്നു. ഏതെങ്കിലും ഒരു ജ ന്മത്തിൽ ആ കുതിരയെ എനിക്ക് ചുമക്കേണ്ടിവരും. കർമ്മഫലത്തിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ ഒരു കുതിരയായി ജനിച്ച് ആ ജീവിയെ ചുമന്നുകൊണ്ട് കേദാർനാഥിലേക്ക് നടക്കേണ്ടി വരും. ദാഹം കലശലായാലും വെള്ളം കുടിക്കാൻ പോലും എന്നെ അനുവദിക്കുകയില്ല.

കേദാർനാഥിലെ കൊടും തണുപ്പിലും വെള്ളത്തിനായി ദാഹിക്കുന്ന കുതിരയ്ക്ക് കിട്ടിയ അടിയുണ്ടല്ലോ, അതും ഞാൻ കൊള്ളേണ്ടി വരുമല്ലോ എന്നോർക്കുമ്പോൾ വിഷമമുണ്ട്. ഇങ്ങിനെയൊക്കെ ചിന്തിച്ചാൽ ജീവിക്കാൻ പറ്റുമോ എന്നാണോ ചോദ്യം. പ്രപഞ്ചനിയമങ്ങളെ കുറിച്ചുള്ള അജ്ഞതകൊണ്ട് കർമ്മഫലസിദ്ധാന്തത്തെ ഇല്ലായ്മ ചെയ്യാൻ കഴിയുകയില്ല. ■

കഥ

# ഭൂമിയുടെ ഭാരം





മുണ്ടൂർ സേതുമാധവൻ

പോലീസ്സ്റ്റേഷനിൽനിന്നു തിരിച്ചെത്തിയപ്പോൾ ബാലകൃഷ്ണന്റെ മനസ്സിൽ തേൾകുത്തി. ഉണ്ടോ? അയാൾ സ്വയം ചോദിച്ചു. വല്ല അപാകതയുമുണ്ടോ?

വസ്ത്രം മാറുമ്പോൾ അയാൾ ഷെർലക്ഹോംസിലൂടെ വെറുതെ മനസ്സോടിച്ചു. എല്ലാ അദ്ധ്യായങ്ങളിലും ഇതുതന്നെ. കുറ്റവാളിയെ കണ്ടെത്തുന്നു. പോലീസിനു കൈമാറുന്നു.

താൻ ചെയ്തത് മറ്റെന്താണ്?

എങ്കിലും–

കസാലയിലിരുന്ന് ബാലകൃഷ്ണൻ ദിനപ്പത്രം നിവർത്തി. രാവിലെ എന്നും പതിവുള്ളതാണ്. കടുപ്പത്തിൽ ഒരു ചായ. പിന്നെ ദിനപ്പത്രം. ദിനപ്പത്രത്തിലെ വിശേഷങ്ങൾക്കു പുറത്ത് ദിവസം ആരംഭിക്കുന്നു.

പത്രമുഖത്ത് കറുത്ത് കുറുകിയ കരുണൻ. ബാലകൃഷ്ണൻ സ്വകാര്യമായി നടുങ്ങുകയും ശരീരത്തിൽ ഭയത്തിന്റെ വിയർപ്പ് പൊടിയുകയും ചെയ്തു. തന്റെ സ്ഥാനത്ത് ആരായാലും മറ്റെന്താണ് ചെയ്യുക?

“അല്ല ഇതെന്തിരിപ്പാ?”

കൈയിൽ എണ്ണകിണ്ണവുമായി വന്ന ഭാരതി പറഞ്ഞു. “ഒന്ന് കുളിക്കാൻ നോക്കൂ. ഇന്നുതന്നെ കാവിൽ പോയി വഴിപാടുനടത്തണം.”

ബാലകൃഷ്ണൻ ഉണർന്നില്ല. അയാളുടെ മനസ്സിൽ അപ്പോഴും കരുണൻ വളർന്നു പെരുകുകതന്നെയായിരുന്നു.

“എന്താ ബാലേട്ടാദ്? പറഞ്ഞതു കേട്ടില്ലേ?”ഭാരതി അയാളുടെ ചുമലിൽ തൊട്ടു.

“ആ കാലമാടന് ഒന്നും കൊണ്ടുപോകാൻ കഴിഞ്ഞില്ല. അതിന് ഭഗവതിക്ക് നേർന്ന നെയ്പ്പായസം ഇന്നുതന്നെ കഴിക്കണം”.

അയാൾ ഭാരതിയെ നോക്കി.

“അല്ല ഭാരതീ കൊഴപ്പൊന്നും ഇല്യാലോ?”

“കൊഴപ്പോ? ഭാരതി അത്ഭുതപ്പെട്ടു. “കള്ളൻ പോലീസിന്റെ കൈയിലായില്ലേ? ഇനിയെന്തു കൊഴപ്പം?”

“അതതെ” ബാലകൃഷ്ണൻ ദീർഘമായി നിശ്വസിച്ചു. “ഇനി അവൻ എന്തു ചെയ്യാനാണല്ലേ?”

“ബാലേട്ടന് എന്തിന്റെ കേടാ” ഭാരതിയുടെ ശബ്ദമുയർന്നു. “രാത്രി വീട്ടിക്കയറി മോഷ്ടിക്കാൻ ശ്രമിച്ചവനെപോലീസിലേൽപ്പിച്ചു. അല്ലാതെ നമ്മൾ തല്ലും കൊല്ലും ഒന്നും ചെയ്തില്ലാലോ. ഇതിലിനി എന്തുണ്ടാവാനാ?”

ഒഴിഞ്ഞ ചായഗ്ലാസ്സുമായി ഭാരതി അകത്തേക്കുപോയി. ഉള്ളംകൈയിൽ എണ്ണയെടുത്ത് നെറുകയിൽ പറ്റിക്കുമ്പോൾ അയാളുടെ മനസ്സിൽ വീണ്ടും ഒരാളലായി. ഇപ്പോൾ അത്ഭുതം തോന്നുന്നു. പാടത്തും പറമ്പിലും പണിയെടുത്തു ജീവിക്കുന്ന ഈ ചെക്കൻ ഒരു കള്ളനാണെന്ന് ഇതുവരെ കേട്ടിട്ടില്ലല്ലോ. ഇനി കള്ളനാണെന്നു തന്നെ കരുതുക. അവൻ അടുക്കളയിൽ കയറി പരുങ്ങി നിന്നത് എന്തിനാണ്?

എത്തും പിടിയും കിട്ടാത്ത ചിന്തയുടെ ആവി സ്വയം വിഴുങ്ങി അയാൾ കുളിക്കാൻ കയറി. തണുത്ത വെള്ളം നല്ലവണ്ണം ഒഴിച്ചാൽ ശിരസ്സു തണുക്കും. അപ്പോൾ എല്ലാം ശരിയാകും.

കുളിമുറിയുടെ വാതിൽ തുറന്നതും അയാൾ ഞെട്ടി പിറകോട്ടു മാറി. ശിരസ്സ് പിൻചുമരിൽ ചെന്നടിച്ചെങ്കി ലും ഭാഗ്യം, ഭാരതി കേട്ടില്ല. അവൾക്കെന്തു സമാധാനം. കള്ളനെപോലീസിൽ ഏൽപ്പിച്ചു. ഭാരതിയുടെ പേടി തീർന്നു. തന്റെ ഭയം തുടങ്ങുകയാണെന്ന് ഇവൾ അറിയുന്നില്ലല്ലോ.

ശിരസ്സിലേറ്റ ആഘാതത്തിന്റെ ഫലമായി ചിതറിയ കാഴ്ച വീണ്ടും തെളിച്ചം നേടിയപ്പോൾ അയാൾ കുളിമുറിയിലേക്ക് നോക്കി. ഇപ്പോൾ അവിടെ കരുണനില്ല. അല്ലെങ്കിൽ, പോലിസിലേൽപ്പിച്ച കരുണനെ ഇവിടെയെ

ങ്ങനെകാണാനാണ്? നെറ്റിയിലെ വിയർപ്പ് വടിച്ചു കളഞ്ഞുകൊണ്ട് ബാലകൃഷ്ണൻ സമാധാനിക്കാൻ ശ്രമിച്ചു: ശരിയാണ്. എല്ലാം എന്റെ തോന്നലാണ്.

കുളിച്ചുകൊണ്ടിരിക്കുമ്പോൾ പക്ഷേ, വീണ്ടും തലേന്നു രാത്രി ഒരു ഭയപ്പാടുപ്പോലെ മുന്നിൽ കറുത്തു.

രാത്രി ഏറെ ചെന്നിരിക്കണം. മകരകുളിരു പുതച്ച ഗാഢനിദ്ര. ഭാരതി തട്ടിവിളിച്ചപ്പോൾ പരിഭ്രമിച്ചുപോയി. എന്താണിവൾക്ക്; പതിവില്ലാതെ?

"ദേ എന്തോ ശബ്ദം കേൾക്കുന്നു."

കാട്ടുപന്നിയെപ്പോലെ തക്കം പാർത്തിരിക്കുന്ന രാത്രി. കാഴ്ചയില്ല. കേൾവിയില്ല. ഇലയനക്കം കൂടി ആനയുടെ ചിന്നംവിളിയായിത്തീരുന്ന നിശ്ശബ്ദത.

ഒന്നും കേൾക്കുന്നില്ലല്ലോ.

"ഭാരതിക്ക് തോന്നീതാവും. ഒറങ്ങിക്കോളൂ."

"ഒരക്കം വരിണില്ല ബാലേട്ടാ. എന്തോ എനിക്ക് പേട്യാവണു. കല്യാണത്തിനു പോകാൻ ലോക്കറിൽനിന്ന് ആഭരണങ്ങളെടുത്തത് ഈശ്വരാ ആരെങ്കിലും അറിഞ്ഞിരിക്കുമോ?"

വീണ്ടും കണ്ണുപൊട്ടിയ രാത്രി മാത്രം മുന്നിൽ.

"ഭാരതീ പേടിമാറാൻ ഹനുമാനെവിചാരിച്ചോണ്ടു കെടന്നോളൂ."

ഭാരതിക്ക് ആശ്വാസം നൽകുവാൻ ഹനുമാന് കഴിഞ്ഞില്ല. അധികം കഴിയുന്നതിനു മുമ്പ് ഭാരതി വീണ്ടും വിളിച്ചു.

"തൊണ്ട വരളുന്നു. എനിക്ക് കുറച്ചു വെള്ളം വേണം."

സ്വയം ശപിച്ചുകൊണ്ടെഴുന്നേറ്റു ലൈറ്റിട്ടു. കുടിക്കാനുള്ള വെള്ളം അടുക്കളയിലാണ്. ഛെ! കുറച്ചു വെള്ളം കൊണ്ടുവന്നു വെക്കാത്തത് അബദ്ധമായി.

ഒരു കള്ളനെപ്പോലെ പാത്തും പതുങ്ങിയും മുന്നോട്ട്. സ്വീകരണമുറിയിൽ, ഊൺതളത്തിൽ. ഹേയ്, ഇവളുടെ ഒരു പേടി! ഇങ്ങനെയൊക്കെ പേടിച്ചാൽ ജീവിക്കാൻ പറ്റുമോ?

അടുക്കളയിലെ ലൈറ്റിന്റെ സ്വിച്ച് തളത്തിൽതന്നെയായത് നന്നായി. വാതിൽ തുറന്നാൽ വെളിച്ചത്തിലെത്തും. ആദ്യം ലൈറ്റിട്ടു.

വാതിൽ തുറന്നതും അതാ മുന്നിൽ.

അയ്യോ!

"എന്താ കുളിമുറീന്നൊരു ശബ്ദം?".

"ഹേയ്!" അയാൾ വിളിച്ചു പറഞ്ഞു. "ഒന്നുമില്ല."

ഷവറിനു കീഴിൽ നിശ്ചലം നിൽക്കുമ്പോൾ അയാൾക്കു തോന്നി. ഒന്നും വേണ്ടിയിരുന്നില്ല.

എന്തു വേണ്ടിയിരുന്നില്ലന്നാണ് പറയുന്നത്. ബാലകൃഷ്ണൻ ബാലകൃഷ്ണനോടു ചോദിച്ചു. ബഹളംവെച്ച് നാട്ടുകാരെകൂട്ടി അടുക്കളയിൽ, നിന്നും കരുണനെപിടികൂടി. കൈയോടെ കൊണ്ടുപോയി പോലിസിൽ ഏൽപ്പിച്ചു. ആരായാലും ഇതല്ലാതെ മറ്റെന്താണ് ചെയ്യുക?.

കുളി കഴിഞ്ഞ് വസ്ത്രം മാറുമ്പോൾ ബാലകൃഷ്ണൻ ഭാരതിയോടു പറഞ്ഞു;

"അമ്പലത്തിൽ പിന്നീടൊരിക്കൽ പോകാം. ഇന്നെനിക്കെന്തോ സുഖമില്ല."

"എന്താണ"? ഭാരതി അയാളെ സൂക്ഷിച്ചു നോക്കി.

"രാത്രീലെ ഉറക്കക്ഷീണം കൊണ്ടാവും, ഉച്ചയ്ക്കൊന്നു കിടന്നാൽ ശരിയാവും."

കാപ്പികഴിക്കാൻ മേശയ്ക്കരുകിൽ ഇരുന്നു. മാംസപിണ്ഡം പോലുള്ള ഇഡ്ഡലി. ഇഡ്ഡലി വെറുതെ പൊട്ടിച്ചും ചട്ടിണിയിലാഴ്ത്തിയും അയാളിരുന്നു. അയാൾക്ക് ഒന്നും കഴിക്കാൻ കഴിഞ്ഞില്ല. ഉള്ളിലെവിടെയോ ഉണക്കപ്പട്ടയ്ക്കു തീപിടിച്ചിരിക്കുന്നു. എവിടേക്കു നോക്കിയാലും കരുണന്റെ കത്തുന്ന കണ്ണുകൾ.

"അല്ല ഭാരതീ, നമ്മൾ ചെയ്തത് തെറ്റായ്യോ?"

"എന്താ ബാലേട്ടന്? വീട്ടിൽവെച്ച് പാതിരയ്ക്ക് പിടികൂട്യോനെഎല്ലാവരും എന്താ ചെയ്യാ? പട്ടും വളയും കൊടുത്ത് അഭിനന്ദിക്ക്യാ?"

"അങ്ങനെയല്ല."

"എങ്ങനെയല്ല?"

ഉത്തരം മുറിയുന്നു. ഭാരതി പറയുന്നത് എനിക്ക് മനസ്സിലാകുന്നുണ്ട്. ഞാൻ പറയുന്നത്.....

കരുണൻ ഇതിനു മുമ്പ് കളവു നടത്തിയതായി കേട്ടിട്ടില്ല. പിന്നെ എന്തിനീ മഹാപാപി എന്റെ വീട്ടിൽ കയ റി? അതും അടുക്കളയിൽ? കിടപ്പുമുറിയിലെ അലമാരയിൽനിന്നും ആഭരണങ്ങൾ എടുത്ത ശേഷം തൊണ്ടി സഹിതം പിടികൂടിയിരുന്നെങ്കിൽ സമാധാനമുണ്ടായിരുന്നു. ഇതിപ്പോഴ്...

ഏതായാലും പോലിസ് അവനെവെറുതെ വിടില്ല. കഴിഞ്ഞയാഴ്ചയാണ് നാണുനായരുടെ വളപ്പിൽനിന്ന് തേങ്ങ മോഷണം പോയത്. അതിനു മുമ്പ് കിഴക്കുമ്പുറത്തെ മീനാക്ഷിയമ്മ മകളുടെ കല്യാണത്തിനു തീർപ്പിച്ച പ ത്തു പവൻ സ്വർണ്ണത്തിന്റെ ഉരുപ്പടികൾ പോയിട്ട് ഒരു മാസമായിട്ടില്ല. തെക്കുമുറിയിൽ കളവുകൾ പെരുകുന്നു എന്ന വാർത്ത പത്രങ്ങളിൽ വന്നതിനു തൊട്ടു പിന്നാലെയാണ് ഈ സംഭവം.

"എങ്ങനെയായാലും പോലീസ് അവനെവെറുതെവിടില്ല"

"വിടണ്ട."–ഭാരതിയുടെ ശബ്ദം കനത്തു."ഈനാട്ടിൽ തുടർച്ചയായി നടക്കുന്ന എത്രാമത്തെ കളവാണിത്?"

"പിന്നെ അവൻ അടുക്കളേല് വിരുന്നു പാർക്കാൻ വന്നതാ" ഭാരതിയുടെ ശബ്ദത്തിൽ രോഷം: "ന്നാലും എന്റെ ബാലേട്ടൻ ഇത്ര പാവായീലോ!"

"കരുണൻ ഒരു കള്ളനാണെന്ന് മുമ്പ് കേട്ടിട്ടില്ല." അയാൾ തളർന്ന ശബ്ദത്തിൽ പറഞ്ഞു; "നമ്മുടെ വീട്ടിൽ നിന്ന് ഒന്നും പോയിട്ടില്ല. നമ്മളവനെ പോലീസിൽ കൊടുത്തതോണ്ട് എന്തായി? ഇവിടെ നടന്ന എല്ലാ കളവുകൾക്കും ഒരു നാഥനായി."

"അതൊക്കെ ഇനി പോലീസ നോക്കിക്കൊള്ളും." ഭാരതിക്കതിനും ഉത്തരമുണ്ടായിരുന്നു. ഇന്ന്യെങ്കിലും തെക്കേമുറിക്കാർക്ക് സമാധാനമായി അന്തിയുറങ്ങാലോ"

"കരുണന്റെ കുടുംബം ഭാരതി" ബാലകൃഷ്ണന്റെ ശബ്ദത്തിൽ അജ്ഞാതമായൊരു വിഹ്വലത ചിറകടിച്ചു: "തെണ്ടിച്ചുകൊണ്ടുവരരേണ്ടോൻ കുടുങ്ങി. ആ കുട്ട്യോൾടെ ഗതേ്യന്താ ഇനി? "

"ന്നാ നിങ്ങള് പോയി അവർക്കൊക്കെ ചെലവിന് കൊടുക്കിൻ." ഭാരതി കലിയോടെ എഴുന്നേറ്റു. അടുക്കളയിലേക്കു നടക്കുന്നതിനിടയിൽ പറഞ്ഞു; "ഇങ്ങനെമനസ്സിന് ധൈര്യോല്ലാത്ത ഒരു മനുഷ്യൻ. ഞാനെങ്ങന്യാ എന്റീസ്വരാ ഇങ്ങനൊരാളോടൊപ്പം കഴിയുക?".

പുറത്ത് ഇളംവെയിൽ വെള്ള വീശിതുടങ്ങിയേയുള്ളുവെങ്കിലും ബാലകൃഷ്ണന്റെ ശരീരത്തിൽ വിയർപ്പ് ചാലുകീറി. അയാൾ കിണ്ണത്തിലെ ചട്ടിണിയിൽ വിരലുകളാഴ്ത്തിയും ഇഡ്ഡലിയിൽ വിരലുകളമർത്തിയും വെറുതെയിരുന്നു. മുന്നിൽ മുജ്ജന്മ പാപം പോലെ കരുണൻ. അവന്റെ കറുത്ത മുഖം! കൂർത്ത നോട്ടം.

"അല്ല, ഇനിയും ബാലേട്ടൻ ഒന്നും കഴിച്ചില്ലേ? മേശപ്പുറത്തെ കിണ്ണത്തിലേക്ക് നോക്കി ഭാരതി സങ്കടപ്പെട്ടു. "ബാലേട്ടനെന്തൊക്കെയോ കാട്ടും പറയും ചെയ്യണ്? എനിക്കു പേട്യാവുണൂലോ."

"അതേ ഭാരതീ, പോലീസ് അവനാട് ശരിക്കും പെരുമാറും. എസ്. ഐ. ശിവരാമൻ എന്റെ ക്ലാസ്സ്മേറ്റാണ്. അതു കഴിഞ്ഞ് കോടതി, ജയിൽ ."ബാലകൃഷ്ണന്റെ വാക്കുകളിൽ രാത്രി കട്ടച്ചു."എല്ലാം കഴിഞ്ഞ് പുറത്തിറങ്ങ്യാ- ഭാരതിക്ക് തോന്നുന്നുണ്ടോ അവൻ നമ്മളെ വെറുതെ വിടുന്ന്?"

"ന്നാ അവനിങ്ങട് വരട്ടെ. ഒരിക്കൽ കക്കാൻ വന്നൂലോ. ഇനി കൊല്ലാൻ വരട്ടെ."

"വരും. അവൻ വരും.അവന്റെ ജീവിതം തുലച്ചത് നമ്മളാണ്. അവന് തോന്നാതിരിക്കില്ല. പകരം വീട്ടാതിരിക്കില്ല."

ബാലകൃഷ്ണന്റെ മുന്നിൽ ഭാവിയുടെ ജഡം വെറുങ്ങലിച്ചു കിടന്നു.

വെയിലേറി വന്നതോടെ ബാലകൃഷ്ണന്റെ നില കൂടുതൽ കഷ്ടമായി. അയാളുടെ വിളറിവെളുത്ത മുഖവും അന്തംവിട്ട നോട്ടവും പിറുപിറുക്കുന്ന ചുണ്ടുകളും ഭാരതി വല്ലാതെ ഭയന്നു. എന്താണിനി വേണ്ടതെന്ന് അവൾക്കൊരു പിടിയും കിട്ടിയില്ല.

"ബാലേട്ടാ", ഭാരതി അയാളെ കുലുക്കി വിളിച്ചു. "ഇത്ര വിഷമം തോന്നുന്നുണ്ടങ്കിൽ നമുക്കവനെ വിടീക്കാൻ നോക്കാ."

ആ വാക്കുകളിൽ ബാലകൃഷ്ണൻ ഉണർന്നു. അയാളുടെ മുന്നിൽ പ്രതീക്ഷയുടെ ഒരു രജതരേഖ തെളിഞ്ഞു.

"എസ്. ഐ. ക്ലാസ്സ്മേറ്റാന്നല്ലേ പറഞ്ഞത്? നമുക്ക് അങ്ങോരെ ചെന്നുകാണാം. കരുണനെവല്ലതും ചെയ്യുന്നതിനു മുമ്പ് വിടീക്കാൻ നോക്കാം. ബാലേട്ടന്റെ ഇരുത്തോം ഭാവോം കാണുമ്പോൾ എനിക്ക് പേടിയാവണു."

ബാലകൃഷ്ണൻ വസ്ത്രങ്ങൾ മാറി പുറത്തിറങ്ങി. കൂടെ ഭാരതിയും. അവർ ധൃതിയിൽ നടന്ന് അങ്ങാടിയിലെത്തി, ഒരു ടാക്സി വിളിച്ചു. എസ്. ഐ. എങ്ങോട്ടെങ്കിലും പോകുന്നതിനു മുമ്പ്......

സ്റ്റേഷനിലെത്തിയപ്പോൾ ഭാഗ്യത്തിന് എസ്. ഐ. സ്ഥലത്തുണ്ടായിരുന്നു. ബാലകൃഷ്ണനെവീണ്ടും കണ്ടപ്പോൾ എസ്. ഐ. അത്ഭുതപ്പെട്ടു. അവരെ മുറിയിലേക്ക് വിളിച്ചു.

എന്താ ബാലാ ഉടൻതന്നെ തിരിച്ചു വന്നത്? ബാലകൃഷ്ണന് മറുപടിയില്ല. ബാലകൃഷ്ണന്റെ മുഖത്തെ ഭയപ്പാടിൽനിന്ന് എസ്. ഐ.ക്ക് ഒന്നും വായിക്കാനായില്ല.

"എന്താടാ കാര്യം പറ."

"ശിവരാമൻ എന്നെ രക്ഷിക്കണം."

കാര്യം പിടികിട്ടിയപ്പോൾ എസ്. ഐ. പാറ പൊളിയുന്ന ഘോഷത്തോടെ ചിരിച്ചു. അയാൾ ഭാരതിയേയും ബാലകൃഷ്ണനേയും മാറി മാറി നോക്കി.

"ബാലനൊന്നുകൊണ്ടും വിഷമിക്കണ്ട. അവനെഞാൻ ശരിപ്പെടുത്തിത്തരാം."

"അരുത് ശിവരാമൻ."

ബാലകൃഷ്ണന്റെ തൊണ്ടയിടറി. "കേസ് ചാർജ്ജ് ചെയ്യുന്നതിനു മുമ്പ് അവനെനീ വിട്ടു തരണം. എങ്കിലേ എനിക്ക് സമാധാനം കിട്ടുകയുള്ളു."

സംഭാഷണത്തിന്റെ നീണ്ടുനിന്ന പെരുമഴയ്ക്കുശേഷം എസ്. ഐ. കരുണനെവിട്ടുകൊടുത്തപ്പോൾ മലഞ്ചരുവിൽ കുളിർകാറ്റിന്റെ കെട്ടഴിഞ്ഞു. ആ കാറ്റിൽ വിഭ്രാന്തിയുടെ വിയർപ്പു വറ്റി. ഉൾത്താപത്തിന്റെ ചിതയടങ്ങി. അന്ധാളിപ്പിന്റെ ഊഷരതയിൽ കനിവു കിളിർത്തു.

ടാക്സിയിൽ കരുണനോടൊപ്പം തിരിക്കവേ ബാലകൃഷ്ണന്റെ മനസ്സിന് ഒരു പഞ്ഞിത്തുണ്ടിന്റെ ഘനമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ ഒരു തമാശപറയാനും ചിരിക്കാനും മറ്റുമുള്ള സമചിത്തത അയാൾക്ക് കൈനന്നിരുന്നു

"കരുണാ ഞാനിതൊക്കെ ഒന്നു പേടിപ്പിക്കാൻ ചെയ്തതല്ലേ? എനിക്കറിയില്ലേ നീ ഒരുകള്ളനൊന്നുല്ലാന്ന്." ബാലകൃഷ്ണൻ ചിരിച്ചു.

വീടിനു മുന്നിൽ ടാക്സി നിന്നു. പണം കൊടുത്ത് ടാക്സിക്കാരനെവിട്ട് അയാൽ കരുണനെനോക്കി.

"കരുണാ വാ."

വീട്ടിലെത്തിയതും അയാൾ ഭാരതിയോടു പറഞ്ഞു.

"നീ ഇവന് എന്തെങ്കിലും കുടിക്കാൻ കൊടത്താ."

വീടിനു മുമ്പിലെ തിണ്ണയ്ക്കരുകിൽ പതിവുപോലെ കരുണൻ നിന്നു.

"കരുണാ, നീയവിടെ ഇരുന്നോ."

കരുണൻ ഇരുന്നില്ല. ഭാരതി കൊണ്ടുവന്ന സംഭാരം അവൻ ഒറ്റവലിക്ക് കുടിച്ചു തീർത്തു.

ബാലകൃഷണൻ പേഴ്സ് തുറന്ന് മൂന്ന് പത്തിന്റെ നോട്ടുകൾ പുറത്തെടുത്തു.

"ഇന്നത്തെ നിന്റെ പണിപോയില്ലേ. കുട്ട്യോള് പട്ടിണി കിടക്കണ്ട." ബാലകൃഷ്ണൻ നോട്ടുകൾ നീട്ടി. "നടന്നതൊക്കെ മറന്നേക്ക്. ന്നാ ഇതുവച്ചോ."

കരുണൻ നോട്ടുകൾ വാങ്ങി കീശയിൽ തിരുകി. ബാലകൃഷ്ണനെഒരുനിമിഷം ഇമവെട്ടാതെ നോക്കി. രാത്രി കട്ടച്ച നോട്ടം.

കരുണൻ ധൃതിയിൽ ഇറങ്ങി നടന്നു.

തലയുയർത്തി കൈവീശി നടന്നു പോകുന്ന കരുണനെനോക്കി നിൽക്കവേ വീണ്ടും ബാലകൃഷ്ണന്റെ മനസ്സിൽ തേൾകുത്തി. നീലരാശി പടർന്ന അയാളുടെ മനസ്സിൽ അപ്പോൾ മറ്റൊരു ചോദ്യത്തിന്റെ മുളപൊട്ടി.

-ഇവന്റെ പകയിൽ കൂർപ്പിച്ച ഈ നോട്ടത്തിന്റെ അർത്ഥമെന്ത്?

■

ലേഖനം

# സഞ്ചാരവും സാഹിത്യവും



ജോസഫ് പൂതക്കുഴി പന്തിരിക്കര




ലോകം മുഴുവൻ സഞ്ചരിച്ച് താൻ കണ്ട ജീവിതങ്ങളേയും സംസ്ക്കാരങ്ങളേയും രസകരമായി വിശദീകരിച്ച് മലയാളത്തിലെ അനശ്വരനായ എഴുത്തുകാരനായിത്തീർന്ന കോഴിക്കോട്ടുകാരനാണ് എസ്സ്. കെ. പൊറ്റക്കാട്. യാത്രാവിവരണ സാഹിത്യത്തിൽ അത്യുന്നത സ്ഥാനം നേടിയെടുത്തതോടൊപ്പം നോവലിലും ചെറുകഥയിലും മുൻ നിരയിൽത്തന്നെ സ്ഥാനമുറപ്പിച്ചു എസ്സ്.കെ. പൊറ്റക്കാട്.

ധാരാളം ആളുകൾ കേരളത്തിൽ നിന്നും വിദേശങ്ങളിലേക്ക് യാത്ര പോയിട്ടുണ്ട്. എന്നാൽ വിദേശയാത്രാനുഭവങ്ങൾ നർമ്മത്തിൽ ചാലിച്ച് രസകരമായി തൂലികയ്ക്ക് വിഷയീഭവിപ്പിച്ച എഴുത്തുകാർ ആരും തന്നെ മലയാളത്തിൽ ഉണ്ടായിരുന്നില്ല എസ്സ്.കെ പൊറ്റക്കാടിനെപ്പോലെ. പൊറ്റക്കാടിന്റെ യാത്രാവിവരണ ഗ്രന്ഥങ്ങൾ യാത്രാ സഹായിയായി വായനക്കാരനെകൂട്ടിക്കൊണ്ടു പോകുന്നു.

പ്രതിഭയും ഭാവനയും നിരീക്ഷണപാടവവും ചരിത്രപാണ്ഡിത്യവും കൈമുതലാക്കിയ സഞ്ചാരഹാഹിത്യകാരൻ ഭൂലോക ഭൂപടത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും പര്യടനം നടത്തി മൂന്നു വാല്യങ്ങളിലായി മൂവായിരത്തിലധികം പേജ് വരുന്ന യാത്രാവിവരണങ്ങൾ എഴുതി പ്രസിദ്ധികരിച്ചു. യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ദക്ഷിണേഷ്യ, പൂർവ്വേഷ്യ എന്നിവിടങ്ങളിലെ മിക്കരാജ്യങ്ങളും പലതവണ സന്ദർശിക്കുകയും ഈ സന്ദർഭങ്ങളെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ എഴുതിതയ്യാരാക്കി പ്രപഞ്ച വിശാലതയെ നമ്മുടെ സ്വീകരണമുറിയിൽ എത്തിച്ചു തരുന്നു. ഏതുകാര്യവും നർമ്മബോധത്തോടെ നോക്കികാണാനുള്ള വാസനാവൈഭവം, ചരിത്രത്തിലും സാമൂഹ്യരാഷ്ട്രീയ വിഷയങ്ങളിലുമുള്ള അഗാധ പാണ്ഡിത്യം എന്നിവ പൊറ്റക്കാടിന്റെ യാത്രാവിവരണങ്ങളെ അതീവ ഹൃദയസ്പർശിയാക്കി മാറ്റുകയും വായനക്കാരനെവീണ്ടും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

പൊറ്റക്കാടിന്റെ തൂലികയിൽ രൂപം പൂണ്ട മനുഷ്യരും അനുഭവങ്ങളും ലോകത്തിൽ എവിടെയുമുള്ള വായനക്കാർക്ക് വേണ്ടിയും രചിക്കപ്പെട്ടതായി വായനക്കാരന് തോന്നും. സഞ്ചാര സാഹിത്യത്തോടൊപ്പം തന്നെ മലയാളത്തിലെ മുൻ നിരക്കാരായ നോവലിസ്റ്റ്കളോടും ചെറുകഥാകൃത്തുകളോടും ഒപ്പം തന്നെയുണ്ട് ഈ അനുഗൃഹീത എഴുത്തുകാരൻ. അദ്ദേഹം കവിതാരചനയാലും നാടക രചനയിലും തന്റെ സാന്നിദ്ധ്യം തെളിയിച്ചിട്ടുണ്ട്.

മലയാള ഭാഷയിൽ പൊറ്റക്കാട് കൈവയ്ക്കാത്ത സാഹിത്യശാഖകൾ ഇല്ലെന്ന് തന്നെ പറയാം. കൈരളിക്ക് ലഭിച്ച നിറകുംഭമാണ് എസ്സ്.കെ എന്ന് പറഞ്ഞാൽ അതിന് പക്ഷാന്തരമുണ്ടാവില്ല.




കോഴിക്കോടിനടുത്തുള്ള പുതിയറയിൽ 1913മാർച്ച് 14 -ാം തിയ്യതി പൊറ്റക്കാട് ജനിച്ചു. മുഴുവൻ പേര് ശങ്കരൻ കുട്ടി പൊറ്റക്കാട്. അമ്മ കിട്ടൂലി. അച്ഛൻ കുഞ്ഞിരാമൻ അദ്ധ്യാപകനായിരുന്നു. ചെറുപ്രായത്തിൽ ഒരു തനി കുസൃതിക്കാരനായിരുന്നു. സമപ്രായക്കാരൊടൊപ്പം കോഴിക്കോട് അങ്ങാടിയിൽ ചുറ്റിക്കറങ്ങുക എന്നത് ഏറെ രസകരമായിരുന്നു. പ്രൈമറി സ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ ശങ്കരൻകുട്ടി കവിതകളും ചെറുകഥകളും എഴുതിത്തുടങ്ങി. എഴുതിയവ സാമാന്യം നല്ല നിലവാരം പുലർത്തിയവയായിരുന്നു. അവ വായിച്ചവർ വീണ്ടും എഴുതുവാൻ ശങ്കരൻകുട്ടിയെ പ്രോത്സാഹിപ്പിച്ചു. സാമൂതിരി കോളേജിൽ പഠിക്കുമ്പോൾ ആദ്യത്തെ കഥ 'രാജനീതി' അച്ചടിക്കപ്പെട്ടു. ചെറുപ്പം മുതലേ ഡയറിക്കുറുപ്പുകൾ എഴുതുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്റർ മീഡിയറ്റ് പരീക്ഷ കഴിഞ്ഞപ്പോൾ തന്നെ എസ്സ്.കെ തന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചിട്ടു. 'ഭാവിയെപ്പറ്റിയുള്ള ചിന്ത എന്നെ വേദനിപ്പിക്കുന്നു. ഇന്ത്യ വിട്ട് മറ്റ് രാജ്യങ്ങളിൽ പര്യടനം നടത്താൻ മനസ്സിൽ കൊതി തോന്നുന്നു'.

കോഴിക്കോട് ഗുജറാത്തി സ്കൂളിൽ കുറേനാൾ ജോലി നോക്കി. അദ്ദേഹത്തിന്റെ സഞ്ചാരപ്രിയം അദ്ദേഹത്തെ അവിടെ സ്ഥിരമായി നിൽക്കാൻ അനുവദിച്ചില്ല. 1939ൽ ത്രിപുരയിൽ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി. തിരിച്ചു വരും വഴി ബോംബയിൽ ഇറങ്ങി. തന്റെ വിദേശയാത്ര സ്വപ്നങ്ങൾക്ക് ചിറകുമുളക്കാൻ പറ്റിയ സ്ഥലം ഇതുതന്നെയെന്ന് അദ്ദേഹം തീരുമാനിച്ചു. ബോംബെ ജീവിതം അദ്ദേഹത്തിന്റെ സ്വപ്നസാക്ഷാതകാരത്തിന് വഴി തെളിച്ചു. ആഫ്രിക്കൻ നാടുകൾ സന്ദർശിക്കാനുള്ള അവസരം ലഭിച്ചു. തുടർന്നങ്ങോട്ട് സഞ്ചാരങ്ങളുടെ ഒരു ജൈത്ര യാത്ര തന്നെയായിരുന്നു. കണ്ണിൽ കണ്ടെതെല്ലാം അദ്ദേഹം തൂലികത്തുമ്പിലൂടെ കടലാസിലേക്ക് പകർത്തി.

ടെലിവിഷനും, ഇന്റർനെറ്റും, മൊബൈൽ ഫോണും ഒന്നും പ്രചാരത്തിലില്ലാത്ത കാലത്ത് എസ്സ്.കെ.യുടെ ലേഖനങ്ങളിലൂടെയാണ് കേരളീയർ ലോകരാജ്യങ്ങളെ വിശദമായി പരിചയപ്പെട്ടത്. കാപ്പിരികളുടെ നാട്ടിലെയും പാതിരാ സൂര്യന്റെ നാട്ടിലെയും ക്ലിയോപാട്രയുടെ കൊട്ടാരത്തിലെയും കഥകളും കാര്യങ്ങളും മാലിദ്വീപിന്റെ സവിശേഷതകളും നൈൽ നദീതടങ്ങളുടെ മനോഹാരിതയും ഭീകരതയും പിരമിഡുകളുടെ രൂപഭംഗിയും നിർമ്മാണ രഹസ്യങ്ങളും നമുക്കടുത്തറിയാൻ അവസരമൊരുക്കിയത് എസ്സ്.കെ.യുടെ അന്വേഷണത്മകമായ യാത്രകളാണ്.

'നാടൻ പ്രേമം' ആണ് ആദ്യമായി പ്രസിദ്ധീകരിച്ച കൃതി. ഒ. ചന്തുമേനോനും, സി. വി. രാമൻ പിള്ളയും സമ്പന്നമാക്കിയ മലയാള സാഹിത്യരംഗത്ത് നിറംഭംഗിയും താരഭേദവുമുള്ള സൃഷ്ടികൾ കാഴ്ച്ചവെച്ച രണ്ടാം ഘട്ടത്തിലെ എടുത്തുപറയത്തക്ക നോവലിസ്റ്റുകളുടെ കൂട്ടത്തിലാണ് ഉൾക്കാഴ്ച്ചയുള്ള ഈ എഴുത്തുകാരനെയും പ്രതിഷ്ഠിച്ചിട്ടുള്ളത്. മനുഷ്യമനസ്സുകളിലൂടെ നടത്തിയ അന്വേഷണ യാത്രകളുടെ ഫലങ്ങളും പ്രതിസ്ഫുരണങ്ങളുമാണ് അദ്ദേഹത്തിന്റെ കഥകളിലും നോവലുകളിലും നിറഞ്ഞു നിൽക്കുന്നത്. എം.ടി. വാസുദേവൻ നായരും, വൈക്കം മുഹമ്മദ് ബഷീറും പൊറ്റക്കാടിന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു. അവർ പലപ്പോഴും കോഴിക്കോട് അങ്ങാടിയിലെ 'മിഠായിത്തെരുവി' ൽ ഒത്തുകൂടുകയും ചർച്ചകളിൽ ഏറെ സമയം ചെലവഴിക്കാറുമുണ്ടായിരുന്നു.

1948ൽ എസ്സ്.കെ.യുടെ 'വിഷനികന്യക' എന്ന നോവൽ പ്രസിദ്ധീകരിച്ചു. അത് ഒരു വ്യക്തിചരിത്രമല്ല. സാമൂഹ്യചരിത്രമാണ്, മരം കോച്ചുന്ന തണുപ്പിനോടും മലമ്പനിയോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ച് വയനാട്ടിലെ വനഭൂമി കൃഷിത്തോട്ടങ്ങളാക്കിയ തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റക്കാരുടെ ഐതിഹാസികമായ കഥയാണിത്. പ്രത്യേകിച്ച് ഒരു നായകനില്ല ഈ നോവലിൽ. പ്രകൃതിയും മനുഷ്യനും തമ്മിൽ ഏറ്റുമുട്ടുന്ന ആവേശജനകമായ ഈ കഥ 56 വർഷങ്ങൾക്ക് ശേഷവും ആവേശപൂർവ്വം വായനക്കാരെ തേടി എത്തുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നന്നത്.

1962 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച നോവലാണ് 'ഒരു തെരുവിന്റെ കഥ'. സാധാരണക്കാരിൽ സാധാരണക്കാരായ മനുഷ്യരുടെ മോഹങ്ങളും മോഹഭംഗങ്ങളും നൊമ്പരങ്ങളും സന്തോഷങ്ങളും വൈരാഗ്യവും പകയുമൊക്കെ ചിത്രീകരിക്കുന്നു ഈ തെരുവിലെ കഥയിൽ. 'വിഷകന്യക'യ്ക്കും 'യവനികയ്ക്ക് പിന്നിൽ' എന്ന കഥാസമാഹാരത്തിനും മദ്രാസ് ഗവൺമെന്റിന്റെ അവാർഡ് ലഭിക്കുകയുണ്ടായി. 'ഒരു ദേശത്തിന്റെ കഥ'യാണ് പൊ റ്റക്കാടി

ന്റെ ഏറ്റവും പ്രസിദ്ധമായ കൃതി. 'അതിരാണിപ്പാടം' എന്ന ദേശത്തിന്റെയും അവിടുത്തെ നിവാസികളുടെ യും കഥയാണിത്. കോഴിക്കോട് പട്ടണത്തിനടുത്തുള്ള പ്രദേശമാണ് അതിരാണിപ്പാടമായി പരാമർശിക്കപ്പെടുന്നത്. കോരൻ, ബട്‌ലർ, കൂളൂസ് പറങ്ങോടൻ, പെരിക്കാലൻ അയ്യപ്പൻ, മീശ കണാരൻ, ഞണ്ട് ഗോവിന്ദൻ, ശകുനി കമ്പൗണ്ടർ, ഹെക്കുളൂസ് കിട്ടുണ്ണി, മാക്കോത, മാനൂട്ടൻ തുടങ്ങി നർമ്മത്തിൽ ചാലിച്ച അനേകം കഥാപാത്രങ്ങളുടെ മറക്കാനാവാത്ത ചിത്രങ്ങൾ വായനക്കാരന്റെ മനസ്സിൽ ഗ്രന്ഥകാരൻ കോറിയിടുന്നു. അതിരാണിപ്പാടത്തേയും ചേന്നക്കോത്ത് കൃഷ്ണൻ മാസ്റ്ററുടെ മകൻ ശ്രീധരൻ കുട്ടിയെയും ' ഒരു ദേസത്തിന്റെ കഥ' വായിച്ച ആർക്കും മറക്കാൻ സാധിക്കില്ല. ഈ നോവലിന് 1973ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും 1980ൽ ജ്ഞാനപീഠ പുരസ്കാരവും ലഭിച്ചു.

ഒരു ദേശത്തിന്റെ കഥയുടെ അവസാനവാചകത്തിന് അവാച്യമായ ഒരനുഭൂതി വിശേഷം പകരുവാൻ കഴിയുന്നുണ്ട്. 'ഈറാമ്പൂലികുപ്പായക്കാരൻ പയ്യൻ ചോദിച്ചാൽ പറയേണ്ട ഉത്തരം ശ്രീധരൻ മനസ്സിൽ ഒരുക്കിവെച്ചു. അതിരാണിപ്പാടത്തെ പുതിയ തലമുറയുടെ കാവൽക്കാരാ, അതിക്രമിച്ച് കടന്നത് പൊറുക്കൂ. പഴയ കൗതുക വസ്തുക്കൾ തേടിനടക്കുന്ന ഒരു പരദേശിയാണ് ഞാൻ'.

മലയാള നോവൽ സാഹിത്യ നഭോമണ്ഡലത്തിലെ പ്രകാശഗോപുരമായി എക്കാലവും വായനക്കാരെ ആകർഷിച്ചുകൊണ്ട് ഈ നോവൽ വിരാജിക്കും എന്നകാര്യത്തിൽ രണ്ടുപക്ഷമുണ്ടാവില്ല. തീർച്ചതന്നെ.

കഥാപാത്രങ്ങൾ, സ്ഥലം, കഥാപാത്രങ്ങളുടെ ഇരട്ട പേരുകൾ, കഥയുടെ ചരിത്ര പശ്ചാത്തലം എന്നിവയെല്ലാം വിശദമായ ഒരു ചാർട്ടു രൂപത്തിലാക്കിയതിനു ശേഷമാണ് പൊറ്റക്കാട് തന്റെ എല്ലാനോവലുകളുടേയും രചനനടത്തിയിട്ടുള്ളത്.

തന്റെ ചുറ്റുമുള്ള വിചിത്രവും വിശിഷ്ടവുമായിട്ടുള്ള സംഗതികളിൽ അദ്ദേഹത്തിന്റെ നിരീക്ഷണം വളരെ സൂക്ഷ്മമായി കടന്നു ചെല്ലുകയും അവയെ തന്മയത്വമായി രചനകളിൽ വിന്യസിപ്പിക്കുകയും ചെയ്യുകയെന്നുള്ളത് എസ്സ്. കെ. പൊറ്റക്കാടിന്റെ സവിശേഷമായ ആഖ്യാനശൈലിയായിരുന്നു. പ്രകൃതിയും പ്രണയവും സ്ത്രൈണമനോവ്യാപാരങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ ഇഴചേർന്നു കിടക്കുന്നത കാണാം.

എസ്സ്. കെ. പൊററക്കാട് തന്റെ പാർലമെന്റ് പ്രവർത്തന കാലത്തെ അടിസ്ഥാനക്കി 'നോർത്ത് അവന്യൂ' എന്നപേരിൽ ഒരു നോവൽ എഴുതാൻ പദ്ധതിയിട്ടിരുന്നു. അതിനായി 1978 ജൂലായ് 1 ന് കോഴിക്കോട്ടെ കൽപക ടൂറിസ്റ്റ്ഹോമിൽ ഇരുന്ന് അദ്ദേഹം തയ്യാറാക്കിയ ചാർട്ട് കേരളത്തിലേയും കേരളത്തിന് പുറത്തുള്ളതുമായ രാഷ്ട്രീയം നിറഞ്ഞതായിരുന്നു. കഥാപാത്രങ്ങൾ, പലവക എന്നിങ്ങനെവളരെ വിശാലമായാണ് നോവലിന് രൂപകൽപലനനടത്തിയത്. എ. കെ. ജി യെ ജി. കെ. ഒ നമ്പ്യാരായും ഇ. എം. സ്സിനെ മഹാദേവശർമ്മയായും സി. എച്ച് മുഹമ്മദ് കോയയെ ഹംസക്കോയയായും ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരെ വക്കീൽ വീരമണി അയ്യർആയും എസ്സ്. കെ. സങ്കൽപ്പിച്ചിരുന്നു. കേരളത്തിലെ ഒട്ടേറെ സ്ഥലങ്ങൾക്ക് തന്റേതായ പേരുകൾ 'നോർത്ത് അവന്യൂ' വിന് വേണ്ടി അദ്ദേഹം കണ്ടെത്തിയിരുന്നു.എന്നാൽ ആ നോവൽ പൂർത്തിയാക്കാൻ വിധി അദ്ദേഹത്തെ അനുവദിച്ചില്ല.

പ്രസാദാന്മകമായ ജീവിതദർശനമായിരുന്നു എസ്സ്. കെ. യുടെ ജീവിതത്തെ മുന്നോട്ട് നയിച്ചത്. എല്ലാ അർത്ഥത്തിലും ജീവിത്തെ അദ്ദേഹം അങ്ങേയറ്റം സ്നേഹിച്ചു. ജീവിതത്തെക്കുറിച്ച് ഓരോദിവസവും അദ്ദേഹം സ്വപ്നങ്ങൾ കാണുമായിരുന്നു. ഈ ജീവിതത്തോട് ഒരിക്കലും അദ്ദേഹത്തിന് വിരക്തി തോന്നിയിട്ടില്ല. എല്ലാ ജീവിതവ്യാപാരങ്ങളിലും പ്രതിന്ധികളിലും നന്മകണ്ടെത്താൻ അദ്ദേഹം ശ്രമിച്ചു. അതുകൊണ്ടുതന്നെ എല്ലാ മനുഷ്യരേയും അദ്ദേഹം സ്നേഹിച്ചു. ആദരിച്ചു. 'ലോകമേ തറവാട്' എന്ന ഗാന്ധിയൻ ദർശനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം നമുക്ക് കാണുവാൻ കഴിയുന്നത്.

അകറ്റിനിർത്തപ്പെടേണ്ടവരും വെറുക്കപ്പെടേണ്ടവരുമമായി തന്റെ ജീവിതത്തിൽ ആരും ഉണ്ടായിരുന്നില്ല എന്ന് ഈ വിശ്വപൗരൻ തന്റെ ഡയറികുറിപ്പിലൂടെ ബോദ്ധ്യപ്പെടുത്തുന്നു. ജീവിച്ചു കൊതിതീരാത്ത ഈ വിശ്വസഞ്ചാരിയുടെ ജീവിത ദർശനം ഇന്നത്തെ തലമുറയ്ക്ക് ഏറെ അഭികാമ്യവും ജീവിതാശപ്രദാനവുമാണ്. അദ്ദേഹം തന്റെ ഒരുകൃതിയുടെ ആമുഖത്തിൽ ഇപ്രകാരം കുറിച്ചിട്ടു.

'മരണഗന്ധം കലർന്നതാണെങ്കിലും
ഒരു നിയമവു മേലാത്തതാണെങ്കിലും
ഒരു നിരത്ഥക സ്വപ്നമാണെങ്കിലും
മധുരമാണെനിക്കെന്നുമീജീവിതം'

തന്റെ നിരന്തരമായ ജീവിതയാത്രകളിൽ ഒരുപാട് പ്രശ്നങ്ങളും പ്രതിസന്ധികളും കഷ്ടപ്പാടുകളും പൊറ്റക്കാടിന് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷേ അതൊന്നും അദ്ദേഹത്തെ തളർത്തിയില്ല. പ്രശ്നങ്ങളുടെ നീരാളി പിടുത്തത്തിൽ ആണ്ടമർന്ന് കിടന്നപ്പോഴും ജീവിതത്തെ അദ്ദേഹം അങ്ങേയറ്റം സ്നേഹിച്ചു. കലഹിക്കാനും പരാജയഭീതിയോടെ ജീവിതത്തിൽ നിന്ന് ഓടിയൊളിക്കാനും ഒരിക്കലും ശ്രമിച്ചിട്ടില്ല. ജീവിതത്തിലുടെനീളം ശുഭാപ്തി വിശ്വാസം അദ്ദേഹം കാത്തുസൂക്ഷിച്ചു. എത്ര തന്നെ കഷ്ടതകളും യാതനകളും ജീവിതത്തിൽ ഉണ്ടായാലും നിരാശപ്പെടരുതെന്നും പടിപടിയായി അതിൽനിന്നെല്ലാം കരകയറാൻ കഴിയുമെന്നും ജീവിതം ജീവിക്കാനുള്ളതാണെന്നും അല്ലാതെ ലോകത്തെയും സമൂഹത്തെയും കുറ്റപ്പെടുത്തി ജന്മം പഴാക്കാനുള്ളതല്ല എന്നും ക്രാന്തദർശിയായ ഈ മനുഷ്യസ്നേഹി നമ്മോട് തുറന്നു പറയുന്നു. ഇതു വായിക്കുമ്പോൾ ആർക്കാണ് മനസ്സ് ആദ്രമാകാത്തത്. ജീവിതം മടുത്തവർക്കും ജീവിതത്തെ വെറു

ത്തവർക്കും പൊറ്റക്കാടിന്റെ വാക്കുകളും വരികളും പ്രത്യാശ നൽകുന്നു. അവരെ ജീവിതാനന്ദത്തിലേക്ക് കൈ പിടിച്ചുയർത്തുന്നു. വിസ്മയം ജനിപ്പിക്കുന്ന ആത്മ പ്രകാശനത്തിലൂടെ അനുവാചക ഹൃദയങ്ങളിൽ ശുഭാപ്തി വിശ്വാസത്തിന്റെ പൊൻകിരണങ്ങളെ ജ്വജ്യല്ല്യമാക്കുവാനും പൊറ്റക്കാടിന്റെ മധുരമായ ഭാഷയ്ക്കും ശൈലിക്കും കഴിവുള്ളതാണ് എന്ന് അദ്ദേഹത്തിന്റെ കൃതികളുടെ പുനപ്രസാധനങ്ങളിലൂടെ നമുക്ക് കണ്ടെത്താൻ കഴിയും.

പൊറ്റക്കാട് തന്റെ രചന രീതിയെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്. 'എന്റെ ഗ്രാമത്തിലെ ജനങ്ങളെ സഹാനുഭൂതിയോടെയാണ് ഞാൻ നോവലിൽ കുടിയിരുത്തിയത്. അവരിൽ നല്ലവരും പോക്കിരികളും ദുഷ്ടരും തെമ്മാടികളും വിശ്വാസികളും അവിശ്വാസികളും എല്ലാം ഉണ്ട്. എന്നാൽ മുഴുവനും ചീത്തയായ ഒരു മനുഷ്യനും ഉണ്ടാവില്ല. മനുഷ്യരിലെ നല്ല അംശങ്ങളെ കണ്ടെത്തിയാൽ നമുക്ക് ആരേയും വെറുക്കാൻ കഴിയില്ല. ഈ മഹാമനസ്ക്കതയും നീതിബോധവും ദീനാനുകമ്പയും സമഭാവനയുമാണ് ഇദ്ദേഹത്തിന്റെ കൃതികളെ മനുഷ്യ ഹൃദയങ്ങളിലേക്ക് അടുപ്പിക്കുന്നത്.

തുഞ്ചൻ പറമ്പിൽ വെച്ച് നടന്ന എസ്സ്. കെ. പൊറ്റക്കാട് ജന്മശതാബ്ദി ആഘോഷചടങ്ങിൽ എം. ടി. വാസുദേവൻ നായർ നടത്തിയ അനുസ്മരണം 'ഭാഷാപോഷിണി 2013 മേയ് ലക്കം പ്രസിദ്ധികരിക്കുകയുണ്ടായി'. ഞാൻ എസ്സ്. കെ. യെപ്പറ്റി എഴുതിയിട്ടുള്ളത് 'കഥ തേടുന്ന സഞ്ചാരി ' എന്നാണ്. എസ്സ്. കെ യുടെ സഞ്ചാര സാഹിത്യം എന്ന് പറയുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ സാഹസിക യത്നങ്ങൾ ആയിരുന്നു. നമ്മുടെ കാലഘട്ടത്തി ലെ വലിയൊരു സാന്നിദ്ധ്യം ആയിരുന്ന എസ്സ്. കെ, എന്നെ സംബന്ധിടത്തോളം കഥയോട് ഒരു പ്രത്യേക മമത ഉണ്ടാകുന്നത് എസ്സ്. കെ. യിൽ നിന്നാണ്. ഒരു കഥാകൃത്താകാൻ എന്നെ സഹായിച്ചത് എസ്സ്. കെ. യുടെ കഥാലോകമാണ്.

എസ്സ്. കെ. യുടെ ചെറുകഥകളും നോവലുകളും യാത്രാ വിവരണങ്ങളും നമ്മെ രസിപ്പിക്കുന്നു. ഓരോകാലഘട്ടത്തിലും ജീവിതം മാറുന്നതുപോലെ കഥയ്ക്കും സാഹിത്യത്തിനും ഒക്കെ മാറ്റം വരും. പക്ഷേ വായനക്കാർ എസ്സ്. കെ. യ്ക്ക് വേണ്ടി കാത്തു നിന്നിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ വീണ്ടും വായിക്കുമ്പോൾ വിഷമം തോന്നുന്നില്ല. വായനക്കാർ ഇല്ലെങ്കിൽ എഴുത്ത് ഒരു പാഴ്‌വേലയാണ്. വായനക്കാർ എഴുത്തുകാരനെനിരാകരിച്ചാൽ എഴുത്തുകാരന് അസ്തിത്വമില്ല. വായനക്കാരാണ് അയാളെ എന്നും സജീവമായി നിലനിർത്തുന്നത്. അത് എസ്സ്. കെ. യ്ക്ക് ഉണ്ടായിരുന്നു.

പലേടത്തും എസ്സ്.കെ. യുടെ കഥകളിൽ ഒരാൾ മറ്റൊരാളോട് കഥ പറയുകയാണ്. നമുക്കും കഥ കേൾക്കാൻ ഇഷ്ടമായതുകൊണ്ട് നമ്മൾ ഇന്ന് എസ്സ്. കെ. യുടെ കഥകളെപ്പറ്റിയും യാത്രകളെപ്പറ്റിയും പറയുന്നു. ചർച്ച ചെ യ്യുന്നു. അദ്ദേഹത്തെ ഇന്നും നമ്മൾ ആദരവോടെ സ്മരിക്കുന്നു.

പൊറ്റക്കാടിന്റെ കൃതികളിൽ കൂടുതലും സഞ്ചാര സാഹിത്യത്തിൽപെടുന്നവയാണ്. യാത്രാ സ്മരണകൾ, പാതിരാ സൂര്യന്റെ നാട്ടിൽ, ലണ്ടൻ നോട്ട് ബുക്ക്, നൈൽ ഡയറി, ബാലി ദ്വീപ്, ഹിമാലയ സാമ്രാജ്യത്തിൽ, സോവ്യറ്റ് ഡയറി, കാപ്പിരികളുടെ നാട്ടിൽ, ഇന്ത്യോനേഷ്യൻ ഡയറി(2 ഭാഗങ്ങൾ), ബൊഹീമിയൻ ചിത്രങ്ങൾ, ഇന്നത്തെ യൂറോപ്പ് തുടങ്ങിയവ അവയിൽ ചിലതാണ്.

പത്ത് നോവലുകൾ, 18 യാത്രാവിവിരണ ഗ്രന്ഥങ്ങൾ, 24 ചെറുകഥാ സമാഹാരങ്ങൾ, ആത്മകഥാപരമായ 2 കൃതികൾ, ഒരു നാടകം, ഒരു ഹാസ്യ കൃതി, 2 ഉപന്യാസ സമാഹാരങ്ങൾ, 3 കവിതാ സമാഹാരങ്ങൾ എന്നിങ്ങനെ 60 ൽ പരം കൃതികൾ പൊറ്റക്കാടിന്റേതായി കൈരളിക്ക് ലഭ്യമായിട്ടുണ്ട്.

അതിരാണിപ്പാടത്തു നിന്ന് ആഫ്രിക്കൻ വനാന്തരങ്ങൾ വരെ എത്തിയ ഭാരതത്തിന്റെ അഭിമാനമായ ആ വലിയ എഴുത്തുകാരൻ 1982 ആഗസ്റ്റ് 6 ന് യവനികയ്ക്ക് പിന്നിൽ മറഞ്ഞു. മലയാളത്തിന്റെ പ്രിയങ്കരിയായ മാധവിക്കുട്ടി പറഞ്ഞു. കുട്ടിക്കാലത്ത് ഞങ്ങൾക്ക് രണ്ട് ആരാധനാമൂർത്തികൾ ഉണ്ടായിരുന്നു. 'രമണനി'ലൂടെ പ്രേമത്തെപ്പറ്റി ഹൃദയസ്പർശിയായി പാടിയ ചങ്ങമ്പുഴയും, 'നാടൻ പ്രേമ'ത്തിന്റെ സരള മധുരമായ രാഗഭാവങ്ങളെപ്പറ്റി ചടുലഭാഷയിൽ എഴുതിയ പൊറ്റക്കാടും.

ആർഷഭാരത സംസ്ക്കാരം ലോകമെങ്ങും പ്രസരിപ്പിച്ച പ്രത്യേകിച്ച് കൊച്ചു കൈരളിക്ക് ഭൂലോകഭൂപടത്തിൽ പ്രത്യേകമായ സ്ഥാനവും മാനവും ഉണ്ടാക്കിക്കൊടുത്ത ദൈവത്തിന്റെ സ്വന്തം നാട്ടിലെ 'പഴയ കൗതുക വ സ്തുക്കൾ തേടി നടക്കുന്ന ഈ പരദേശി' എന്നും വായനക്കാരന്റെ മനസ്സിൽ ഒരു വെള്ളി നക്ഷത്രമായി പ്രഭാകിരണങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കും.

പൊറ്റക്കാടിന്റെ രചനകളെക്കുറിച്ച് ചിലയാളുകൾ ചില ദോഷാരോപണങ്ങൾ നടത്തിയിട്ടുണ്ട്. പൊറ്റക്കാടിന്റെ കഥകൾ പ്രാദേശികതയിൽ കുടുങ്ങിക്കിടക്കുന്നു എന്നും ഒരു യാത്രികന്റെ എഴുത്തിൽ ഉണ്ടാകേണ്ട ആത്മീയാനുഭൂതി എസ്സ്. കെ. യുടെ രചനകളിൽ ഇല്ല എന്നും മറ്റുമുള്ള ചില ആക്ഷേപങ്ങൾ! എന്നാൽ അതെല്ലാം കേരളത്തിലെ പ്രബുദ്ധരായ വായനക്കാർ പുച്ഛിച്ചു തള്ളിയിട്ടുമുണ്ട്. എസ്സ്. കെ. എന്ന രണ്ടക്ഷരം മലയാളികൾ ഉള്ളിടത്തോളം കാലം മലയാള ഭാഷ ഉള്ളിടത്തോളം കാലം മലയാളികൾ നെഞ്ചേറ്റിലാളിക്കും എന്ന കാര്യത്തിൽ തർക്കമുണ്ടാവില്ല. 'മധുരമാണെനിക്കെന്നുമീ ജീവിതം 'എന്ന് മാലോകരെക്കൊണ്ട് പറയിക്കുവാൻ പൊറ്റക്കാടിനെക്കൊണ്ടല്ലാതെ മറ്റാരെക്കൊണ്ടാണ് കഴിയുക.

AIWA TAILORING
(GENTS)
Sreevalayanad,
Kozhikode - 673007
Ph: Baiju : 9037164023

# ഇടത്താവളം



കെ. വി. പ്രഭാകരൻ



മഞ്ഞ് പൊഴിഞ്ഞുകൊണ്ടേയിരുന്നു.

കാർഗിൽ കുന്നുകളിൽനിന്നും വീശിയടിച്ച കാറ്റിന്റെ കൈകളിലൂടെ ഒഴുകിയെത്തിയ മഞ്ഞിൻ കണങ്ങൾ മുഖത്ത് തണുപ്പിന്റെ സൂചിമുനകളായി ആഴ്ന്നിറങ്ങി.

ശരീരമാകെ വേദനിക്കുന്നു.

അൽപം ചൂടു കാപ്പി കിട്ടിയിരുന്നെങ്കിൽ

ഈ കൊടും തണുപ്പിൽ സ്റ്റൗ കത്തിക്കാൻ തന്നെ പ്രയാസം

സുകു എഴുന്നേറ്റിരുന്നു.

ടെന്റിൽ ആരും ഉണ്ടായിരുന്നില്ല.

എല്ലാവരും ഫോളിന് റെഡിയായിക്കഴിഞ്ഞിരുന്നു

എന്താണ് ആരും തന്നെ വിളിച്ചുണർത്താതിരുന്നത്?!

ഇന്നലെ നല്ല പനിയായിരുന്നല്ലോ

അസുഖമാണെന്ന് പറഞ്ഞ് കിടന്നാൽ ഹവീൽദാർ മേജർ വാക്ശരങ്ങൾ എയ്തതുതന്നെ. ഇന്നലെ കമ്പനി സുബേദാറും കമ്പനി ഒ. സി.യും കനിഞ്ഞതിനാൽ കാഷ്വൽ ആയി. അല്ലെങ്കിൽ ആബ്സെന്റ് മാർക്ക് ചെയ്തേനെ.

താൻ ആബ്സന്റാണെന്ന് ഓഫീസർ കമാന്റിങ്ങ് ഹവീൽദാർ റിപ്പോർട്ടു ചെയ്താൽ കാര്യങ്ങളൊക്കെ അവതാളത്തിലാകും.

കാപ്പി കുടിച്ചില്ലെങ്കിലും വേണ്ട വളരെ പെട്ടന്ന് പരേഡിന് തയ്യാറാകണം. താൻ കാരണം കമ്പനി സുബേദാറും, ഒ. സി. യും ചീത്ത കേൾക്കേണ്ടല്ലോ.

ഒരു വിധം യൂണിഫോം ശരീരത്തിലേക്ക് കയറ്റിയിട്ടു.

സോക്സും ബൂട്ടും എടുത്തണിഞ്ഞപ്പോൾ സോക്സുകൾ അന്യോന്യം മാറിപ്പോയി. ഇനി മാറ്റിയിടാൻ സമയവുമില്ല. ബൂട്ടു ധരിച്ചതുതന്നെ ശരിയായില്ല എന്നുതോന്നി

പൊഴിഞ്ഞുകൊണ്ടിരിക്കുന്ന മഞ്ഞിൻപാളികൾക്കിടയിലൂടെ സുകു പരേഡ് ഗ്രൗണ്ടിലേക്കോടി. പരേഡ് ആരംഭിച്ചിട്ടില്ല. ഫോളിൻ ആയിട്ടേയുള്ളു. ഓടിപിടഞ്ഞ്ചെന്ന് ഫോളിൻ ആയി.

കമ്പനി പ്ലാറ്റൂണുകളായി മൂന്നു വരിയിൽ ഒതുങ്ങി

ഇടം കണ്ണിട്ട് ഹവീൽദാർ മേജറെ നോക്കി. എണ്ണമെടുക്കാനായി ഹവീൽദാർ അടുത്തെത്തിയപ്പോൾ ആകെ പരിഭ്രമമായി. യൂണിഫോം ധരിച്ചത് ശരിയായില്ലെങ്കിൽ അയാളുടെ കണ്ണുകളിൽനിന്നും തീപ്പൊരിപാറും. ചുണ്ടിൽനിന്നും അമിട്ടുപോലെ തെറിവാക്കുകൾ ചിന്നിചിതറും.

അയാളുടെ കണ്ണിൽ ഒന്നുംപെട്ടുപോകല്ലേ എന്ന് മനസ്സിൽ പ്രാത്ഥിച്ചു. തന്റെ മനസ്സും ശരീരവും ഈ കൊടും തണുപ്പിലും എരിഞ്ഞുരുകുകയാണെന്ന് അയാളുണ്ടോ അറിയുന്നു.

ഇന്നലെ കിട്ടിയ അമ്മയുടെ എഴുത്തിലെ ഓരോവാചകവും സുകുവിന്റെ മനസ്സിലൂടെ വേദനയുടെ കനലുകളായി എരിഞ്ഞുകൊണ്ടേയിരുന്നു. അതിനിടയിൽ വന്നുകയറിയ പനിയും. വീട് ജപ്തിയുടെ വഴിയിൽ. അമ്മക്ക് തീരാത്ത വയറുവേദന. വിവാഹപ്രായം തികഞ്ഞു നിൽക്കുന്ന സഹോദരിയുടെ പ്രസ്നങ്ങൾ. ചിന്തകൾക്ക് അറുതിയില്ലായിരുന്നു.

കർണ്ണപുടങ്ങളിലെ അസഹ്യമായ ശബ്ദവീചികൾ വെടിയുണ്ടപ്പോലെ പാഞ്ഞുകയറിയപ്പോഴാണ് അത് ഹവീൽദാറുടെ ശബ്ദമാണെന്ന് മനസ്സിലായത്. ഇന്നും താൻ ഡിസിപ്ലിൻ തെറ്റിച്ചിരിക്കുന്നു.

സുകു ആലിലപോലെ വിറയ്ക്കാൻ തുടങ്ങി.

ശരീരത്തിലൂടെ ആകെ ഒരു തരിപ്പ് കയറി.

അത് കാലടികളിൽ നിന്നും മൂർദ്ധാവ് വരെ കയറികൊണ്ടിരുന്നു. താഴെ വീണുപോകുമോ എന്നുള്ള അവസ്ഥ.

അമ്മയുടെ കത്തിലെ വാക്കുകൾ.....വാചകങ്ങൾ....

ഹവീൽദാറുടെ അലർച്ച

സുബേദാറടെ കൽപ്പന

ഒ. സി. യുടെ ശിക്ഷാവിധി

ആകാശവും ഭൂമിയും കറങ്ങി കറങ്ങി തന്റെ കാൽക്കീഴിലൂടെ കടന്നു പോകുന്നതായി അവന് തോന്നി. സഹപട്ടാളക്കാരുടെ പരിഹാസച്ചിരി അവിടെ ഉയർന്നു. വെറും ശിപായിയായ സുകുവിന്റെ ചുറ്റിലും അവർ നിറഞ്ഞു നിന്നു.

ഹവീൽദാർ മേജർ സ്വരൺസിംഗ്

സുബേദാർ തങ്കവേലു

ഒ.സി. മാധവൻ നായർ

അവന്റെ യൂണിഫോം ധരിക്കലിൽ - കേപ്പിന്റെ സ്ഥാനം തെറ്റിയ നിൽപ്പിൽ-സാവധാൻ ആയുള്ള റൈഫിളിന്റെ പിടുത്തം- എല്ലാറ്റിലും പട്ടാളചിട്ടയെ ലംഘിക്കുന്ന രീതി.

പിന്നെ പറയാനുണ്ടോ!

ആർക്കാണ് കലിവരാത്തത്?

“യഹ് ബട്മാശ് ..... ഇസ്കോ ദിസ്നെലഡായീ കെ ക്ഷേത്ര് മെം ലേലിയാ, ഉസെ ബതാനാ ചാഹിയെ”

ഹവീൽദാർക്ക് കലികയറി. ശരീരം ആകെ വിറയ്ക്കുന്നുണ്ടായിരുന്നു. അയാൾ വീണ്ടും അലറി.

‘പരേഡ് മൈതാൻ കെ ചാരോം ഓർ ചാർ ബാർ റൈഫിൾ ഉഠാക്കർ ഡബിൾ സെ ‘

അനുസരിക്കാതിരിക്കാൻ നിവൃത്തിയുണ്ടോ?

അനുസരണക്കേട് പട്ടാളത്തിൽ പാടില്ലല്ലോ

സുകുവിന്റെ കാലുകൾ നീങ്ങി

ഒന്ന്...രണ്ട്...ഒന്ന്...രണ്ട് എന്ന ക്രമത്തിൽ

മഞ്ഞിൻപാളികൾ മാറി വെയിൽ പരക്കാൻ തുടങ്ങിയിരിക്കുന്നു.

മഞ്ഞിലൂടെ അരിച്ചെത്തിയ സൂര്യ രശ്മിക്ക് അതിശൈത്യത്തിന്റെ കാഠിന്യം പോലെ കൊടും വേനലിന്റെ ആധിക്യവും- അവൻ ഓടികൊണ്ടേയിരുന്നു.

മഞ്ഞും വെയിലുമേറ്റ് യൂണിഫോം കുതിർന്നു. പനിയുടെ അവശിഷ്ടങ്ങൾ തലച്ചോറിൽ കൂരമ്പുകൾ നെയ് തുകൊണ്ടിരുന്നു. ശരീരമാകെ കുത്തിത്തുളക്കുന്ന വേദന.

വേഗം കുറഞ്ഞാൽ ഒ. സി. യുടെ ചൂരൽ പ്രയോഗം ഉറപ്പ്.

അതുകൊണ്ട് വേഗത കുറയ്ക്കാതെ ഓടി.

ഓടിയോടി അവൻ മനസ്സിന്റെ വാതായനത്തിലൂടെ കടന്നെത്തിച്ചേർന്നത് കട്ടകൊണ്ട് പണിതീർത്ത ഓലപ്പുരയുടെ മുറ്റത്തായിരുന്നു.

മരുന്നിന്റേയും വിഴുപ്പിന്റേയും മനം മടുപ്പിക്കുന്ന ഗന്ധം പേറിനിൽക്കുന്ന അമ്മയുടെ കീറപ്പായ്ക്കരികിലായിരുന്നു. ദൈന്യത നിഴലിച്ച കണ്ണുകളിൽ പ്രതീക്ഷയുടെ താളങ്ങൾ അണഞ്ഞുകൊണ്ടിരിക്കുന്ന സഹോദരിയുടെ അ രികിൽ.

ജീവിതത്തിൽ ഒരു പട്ടാളക്കാരനാകണമെന്നുള്ള മോഹം തീരെയില്ലായിരുന്നു. പഠിക്കാൻ മിടുക്കുള്ളതുകൊണ്ടു പഠിച്ചു. അച്ഛനില്ലാത്ത ദുഃഖം അറിയിക്കാതെയായിരുന്നു അമ്മ മക്കളെ വളർത്തിയത്. ചെമ്മീൻ കമ്പനിയിൽനിന്നു കിട്ടുന്ന തുച്ഛമായ വരുമാനത്തിൽ മൂന്നു വയറുകൾ കഴിഞ്ഞു. അമ്മ പലപ്പോഴും പട്ടിണി കിടക്കും. ആരോഗ്യം ശ്രദ്ധിക്കാതെയുള്ള കഠിനമായ അദ്ധ്വാനം തന്നെയാണ് അമ്മയെ രോഗശയ്യയിലാക്കിയത്.

സുകു ഓടികൊണ്ടേയിരുന്നു. കർണ്ണപുടങ്ങളിൽ ഒ. സി. യുടെ ചൂരൽ ചുഴറ്റലിന്റെ ശബ്ദം....കാലുകൾക്ക് നീളം കുറയുന്നതായും....മുടിയിഴകളിലൂടെ ഉപ്പുരസമുള്ള നീരുറവകൾ ഒലിച്ചിറങ്ങുന്നതായും അവന് തോന്നി. വീണ്ടും ഓർമ്മകളുടെ മൽപ്പിടുത്തം.

പഠനത്തിന് സ്ക്കോളർഷിപ്പ് ലഭിച്ചത് ഒരനുഗ്രഹം.

നാട്ടുക്കാരും കലാസാംസ്ക്കാരിക സംഘടനകളും പഠനത്തിന്റെ കാര്യം ഏറ്റെടുത്തതും ഒരനുഗ്രഹം. എല്ലാവരോടും താൻ കടപ്പെട്ടിരിക്കുന്നു. ഒരിക്കലും വീട്ടാൻ കഴിയാത്ത ബാദ്ധ്യതകൾ. അവർക്കൊക്കെ തിരിച്ചു നൽകാൻ സ്നേഹം മാത്രം. ഒരുമോഹവുമില്ലാത്ത തന്നെ ഒരു എഞ്ചിനീയറായിക്കാണാൻ നാട്ടുകാർ മോഹിച്ചു. അവരുടെ ആഗ്രഹത്തിനനുസരിച്ച് ഉയർന്ന റാങ്കോടെ ആ കടമ്പയും കടന്നു. ഇനി ഒരു ജോലി. ആയിരക്കണക്കിന് എഞ്ചിനീയറുകൾ നിറഞ്ഞ ഈ കൊച്ചു കേരളത്തിൽ ജോലിക്കുള്ള സാധ്യതകൾ വളരെ കുറവ്. പിന്നെ അയൽ സംസ്ഥാനത്തിലേക്ക് ചേക്കേറണം. അല്ലെങ്കിൽ വിദേശത്തേക്ക്- ഒരു എഞ്ചിനീയറാകാനുള്ള മോഹവുമായി നടക്കുമ്പോഴാണ് കരസേനയിൽ റിക്രൂട്ട്മെന്റിന് ഹാജരായത്. അങ്ങനെ സെലക്ഷൻ കിട്ടി. പലരും നിരുത്സാഹപ്പെടുത്തിയെങ്കിലും പട്ടാളത്തിൽ ചേർന്നു. തൽക്കാലം ഒരു ജോലി. അത്രയേ ആഗ്രഹിച്ചിരുന്നുള്ളു.

അങ്ങനെ ഇന്ത്യയുടെ മാനം കാക്കാനുള്ള ഒരു പട്ടാളക്കാരനായി. അതും ശിപായി. ഇവിടെനിന്നും ഉയർച്ചയുണ്ടാ

യേക്കാം. പക്ഷേ അതുവരെ....! ആരുടെയൊക്കെയോ ആജ്ഞ കൾക്ക് മുമ്പിൽ വിയർത്തു നിൽക്കണം- ഓടിപ്പോകാനും, പകരം ചോദിക്കാനുമൊക്കെ മന സ്സിൽ തോന്നിപ്പോകും. പക്ഷേ നിയന്ത്രിക്കുകയല്ലേ നിവൃത്തിയു ള്ളു.പുലികൾക്ക് മുമ്പിൽ അക പ്പെട്ട കുഞ്ഞാടിന്റെ ഗതിയല്ലേ.

കൈയുയർത്തിപിടിച്ച് പരേഡ് ഗ്രൗണ്ടിന് ചുറ്റും നാലു പ്രാവശ്യം ഓടിതീരുമ്പോഴേക്കും കാറ്റിൽ പറക്കുന്ന പഞ്ഞി പോലെയായി ശരീരം. ഒരു മഗ്ഗ്റം കഴിഞ്ഞതുപോലെ ആടിപ്പോകു ന്നു. കാലുകളിൽനിന്നും ബലം അകന്നു പോകുന്നു. ആഞ്ഞു പതിക്കുന്ന വെയിൽനാളങ്ങൾ തലയ്ക്കകത്ത് മഞ്ഞ ധൂളികൾ വിടർത്തി. കൈകൾ രണ്ടും നി വർത്തുവാനും മടക്കുവാനും വയ്യാത്ത വിധം കുത്തി നോവു ന്നു.

ഇനി അൽപ്പം വിശ്രമി ക്കാമല്ലോ എന്ന് കരുതി നിൽക്കു മ്പോഴാണ് ഹവീൽദാർ മേജറുടെ അടുത്ത കൽപ്പന. ഒരുതുള്ളി വെള്ളം കുടിക്കുവാനുള്ള സാവ കാശമില്ല. ഒരു ചെറിയ തെറ്റിന് കഠിനമായ ശിക്ഷ ഏറ്റു വാങ്ങി നിവർത്തിച്ചു കഴിഞ്ഞതേയുള്ളു. അപ്പോഴേക്കും വന്നു ഫെറ്റിംഗ് ഡ്യൂട്ടി. ഇനി ഇരുട്ടാകുന്നതുവരെ ജോലിതന്നെ. ഒരു പട്ടാളക്കാരന് ചിന്തിക്കാനും വിശ്രമിക്കാനും പാടില്ലല്ലോ. ഹവീൽദാർ മേജ റുടെ പിടലിക്ക് തോക്കിന്റെ പാത്തികൊണ്ട് ഒന്നു കൊടുക്കാ നാണ് തോന്നിയത്. എന്നിട്ട് ഓടി രക്ഷപ്പെടുക...അകലേക്ക്...അക ലേക്ക്...

രണ്ടു പേർ ഓടിപ്പോയി. എന്നിട്ടെന്ത്? വീട്ടിലെത്തുംമുമ്പ് പോലീസ് തെരഞ്ഞ്പിടിച്ചു. പട്ടാ ളക്കോടതിയുടെ ശിക്ഷ. ജയിൽ ജീവിതം- വേണ്ട- തനിക്ക് ഇതൊന്നും ആകില്ല. അമ്മ- പെങ്ങൾ-നാട്ടുകാർ-എന്തിന് ചീ ത്തപ്പേര് ഉണ്ടിക്കിവെക്കുന്നു. പത്ത് വർഷം കഴിഞ്ഞാൽ സ്വയം പിരിഞ്ഞ് പോകാം....പിന്നെ ഇഷ്ടപ്പെട്ടൊരു ജോലി കണ്ടുപി ടിക്കാം. ലീവിന് അപേക്ഷിച്ചിട്ട് നാളുകളേറെയായി. ഇന്ന്-നാ ളെ...സാങ്ഷൻ ലഭിക്കും എന്ന പ്രതീക്ഷയിൽ വീടിനേയും സ്വപ്നം കണ്ട് നടക്കാൻ തുടങ്ങി യിട്ട് ദിനരാത്രങ്ങൾ കൊഴിഞ്ഞു പ്പോയി.

അതിനിടെ ക്യാമ്പ് മാറ്റം.......പിടിപ്പത് ജോലികൾ

ട്രക്കുകൾ ഘർ.... ഘർ.....ശബ്ദത്തോടെ പൊടിപറ പ്പിച്ചുകൊണ്ട് അവിടേക്ക് വന്നു. ഗാൽവനൈസ് ഷീറ്റുകൾ, ഇരു മ്പ്തൂണുകൾ, കമ്പികൾ... സുകു വിനും കൂട്ടുകാർക്കും ഇനി അതെല്ലാം തുറക്കുകയും സ്റ്റോർ ബാരക്കുകൾക്കകത്ത് അടുക്കി വെക്കുകയും വേണം. ഇനി വൈകുന്നതുവരെ ചിലപ്പോൾ രാത്രിയിലും. പട്ടാളക്കാരന് വിശ്രമമില്ല. അവൻ എപ്പോഴും ജാഗ്രതയോടെ ഇരിക്കണം. പട്ടാള ഓഫിസർമാർ അത് ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു.

ഒരു സിപ്പായിയായ പട്ടാ ളക്കാരന് ചുറ്റും ശത്രുക്കളാണ്.

ഒന്നുകിൽ ശത്രു പക്ഷത്തെ സൈന്യം

അല്ലെങ്കിൽ ഉയർന്ന ഓഫിസർമാർ.

ആജ്ഞകൾക്ക് അനു സരിച്ച് മാത്രം ചലിക്കാൻ വിധി ക്കപ്പെട്ടവരാണ് പട്ടാളക്കാർ.

അവരുടെ നടത്തം

സംസാരം

ആഹാരം

വിശ്രമം

എല്ലാം ആജ്ഞകൾക്ക് വിധേയം.

നേരം പുലരും മുമ്പേ മാർച്ച്. തുടർന്ന് പരേഡ്. അതും കഴിഞ്ഞ് പലതരം ജോലികൾ. കേമ്പുമായി ബന്ധപ്പെട്ട ജോലി കൾ ഒന്നുമില്ലെങ്കിൽ ഓഫി സർമാരുടെ വീട്ടിലെ കാര്യ സ്ഥൻ പണി. മാർക്കറ്റിൽ പോവു ക, മത്സ്യവും- ഇറച്ചിയും മസാല സാധനങ്ങളും എത്തിക്കുക- കുട്ടികളെ സ്ക്കൂളിൽ കൊണ്ടു വിടുക- അവരുടെ ഭാര്യമാരുടെ മുമ്പിൽ കൽപ്പനക്കായി കാത്തുനിൽക്കുക- ഓഫിസർമാ രല്ലാത്ത അവരുടെ ബന്ധുക്കളെ പ്പോലും സല്യൂട്ട് ചെയ്യുക- ശരിക്കും ഒരടിമ. പട്ടാളക്കാരന് വിശ്രമമില്ല. അവൻ വിശ്രമിക്ക രുത്!

മൈതാനത്തിനപ്പുറത്ത് വെയിൽ തളർന്നു കിടക്കുന്നു. ചോലമരങ്ങളുടെ നിഴലുകൾക്ക് നീളംകൂടി. ശീതകാറ്റ് അൽപ്പാൽ പ്പമായി കടന്നു വന്നു. അതിന് ശക്തിയേറുകയായി. വയലുക ളിൽനിന്നും നെൽച്ചെടികളെ തഴുകിയെത്തുന്ന കാറ്റ് തന്റെ കുടിലിലേക്ക് കയറി ഇപ്പോൾ അമ്മയെ തഴുകി ഓമനിക്കുന്നു ണ്ടാവും. വിശന്ന് തളർന്ന് എത്ര നേരം വരാന്തയിലിരുന്നിട്ടുണ്ട്. സന്ധ്യയുടെ നിഴൽ മുറ്റത്ത് വീഴു മ്പോഴായിരിക്കും അമ്മ പടികട ന്നെത്തുക. വിശന്ന വയറുമായി അനുജത്തി മുറ്റത്ത് കക്ക കളിച്ചു കൊണ്ടിരിക്കും....എപ്പോഴാണ് അവരുടെ അടുത്തേക്ക് പറന്നെ ത്തുക. രണ്ടരകൊല്ലമായി അവരെ കണ്ടിട്ട്.

ലീവിന്റെ കാര്യം ഇന്നം കേണൽ സാഹിബിന്റെ ശ്രദ്ധ യിൽപ്പെടത്തിയതാണ്. പക്ഷേ അദ്ദേഹം ഒരുമറുപടിയും തന്നില്ല. താൻ ഡിസിപ്ലിനായി പെറുമാറി യില്ല എന്നതാണ് അദ്ദേഹത്തിന്റെ പരാതി. എന്താണ് തനിക്ക് സംഭ വിക്കുന്നത്. ഒന്നും ഓർമ്മിച്ചെടു ക്കാൻ കഴിയുന്നില്ല.

ഫിറ്റിംഗ്ഡ്യൂട്ടി കഴിഞ്ഞ് പട്ടാളക്കാരെല്ലാം വിശ്രമിക്കുന്നു. ഹവീൽദാർ മേജർ ടെന്റുകൾക്കി ടയിലൂടെ ഉലാത്തുന്നു. ആരെ ങ്കിലും തമാശകൾ പറഞ്ഞ് രസി ക്കുന്നുണ്ടോ എന്ന് പരിശോധി ക്കുകയായിരിക്കും. അല്ലെങ്കിൽ അരെങ്കിലും പുകവലിക്കു ന്നുണ്ടോ? ക്ഷീണമകറ്റാൻ റം കഴി ക്കുന്നുണ്ടോ? ഹവീൽദാർ മേജർക്ക് ഇതൊന്നും രസിക്കുന്ന കാര്യമായിരുന്നില്ല.

ടെന്റിനരികെ നീം മര ത്തിൽ വെള്ളയിൽ കലർന്ന ഒരു പക്ഷിയിരുന്ന് ചിലച്ചു. പേരറി യാത്ത ഒരു പക്ഷി. സുകു ആ മര ത്തിന്റെ ചുവട്ടിലേക്ക് നീങ്ങി. അവിടെ ശിപായി ഗോപാൽസിംഗ് തനിച്ചിരുന്ന് ഒരു ബീഡി വലിക്കു കയായിരുന്നു. സുകുവിനെകണ്ട് അയാൾ ബീഡി വലിച്ചെറിഞ്ഞ് പിടഞ്ഞെഴുന്നേറ്റു. സുകുവാ ണെന്ന് മനസ്സിലായപ്പോൾ അയാൾ ഒരു നെടുനിശ്വാസമിട്ട് അകലെ തെറിച്ചു വിണ ബീഡി യെടുത്ത് വീണ്ടും വലി തുടങ്ങി. പിന്നെ പൊട്ടിപൊട്ടിച്ചിരിക്കാൻ തുടങ്ങി. സുകുവിന് ചിരിക്കാൻ കഴിഞ്ഞില്ല.

അവൻ അയാളെത്തന്നെ നോക്കി നിന്നു. അവനോട് അവി ടെയിരിക്കാൻ അയാൽ ആംഗ്യം കാണിച്ചു.

തിരിഞ്ഞു നടക്കാൻ ഭാവിച്ച മുതുകിൽ കരസ്പർശം.

സുബേദാർ മുകുന്ദൻ

അദ്ദഹം ഒരു ഗ്ലാസ്സ് റം നുണഞ്ഞുകൊണ്ടിരുന്നു.

'സുകു കോളടിച്ചു'

സുബേദാറുടെ സന്തോഷസൂചകമായ സംസാരം കേട്ട് അവൻ സംശയിച്ചു നിന്നു

എന്താടോ മിഴിക്കുന്നത്.....തനിക്കിനി നാട്ടിൽപ്പോയ് കുടുംബത്തേയും കണ്ട് സുഖിച്ചിരിക്കാം

അവന്റെ കണ്ണുകൾ തിളങ്ങി. ഏറെനാളത്തെ ആഗ്രഹം സഫലമായിരിക്കുന്നു.

'നാളെപുറപ്പെടാം'

സുബേദാർ ആടിയാടി അവിടെനിന്നും നീങ്ങി. അയാളെന്തെല്ലാമോ പുലമ്പികൊണ്ടിരുന്നു.

പാവം മനുഷ്യൻ

ഒരപകടത്തിൽ ഭാര്യയും കുഞ്ഞും മരിച്ച ദുഃഖത്തിലാണയാൾ.

സംഭവം നടന്നിട്ട് വർഷങ്ങൾ പലതായെങ്കിലും സുബേദാറുടെ ദുഃഖത്തിന് ഒരു ശമനവും വന്നിട്ടില്ല. മദ്യം ഓവറാകുമ്പോൾ ആ കാര്യങ്ങളോർത്ത് അയാൾ വിലപിച്ചുകൊണ്ടേയിരിക്കും.

സുകു നാട്ടിലേക്കുള്ള യാത്രക്കൊരുക്കങ്ങൾ തുടങ്ങി.

നാളെ രാത്രി ഇവിടെ നിന്നും യാത്ര തിരിക്കാം.

മൂന്നു രാത്രങ്ങൾ കഴിഞ്ഞാൽ നാടു പിടിക്കാം.

അന്ന് രാത്രി അവന് ഉറക്കം വന്നതേയില്ല. വീടിനെകുറിച്ചുള്ള ചിന്തകളായിരുന്നു മനസ്സിൽ. പുലർകാലത്തെപ്പോഴോ ഉറങ്ങിപ്പോയി.

കാലത്ത് ഉണർന്നപ്പോൾ ടെന്റിൽ ആകെ ബഹളം

എല്ലാവർക്കും തിരക്ക്

ബാരക്കുകളിലും ടെന്റുകളിലും ലങ്കറിലും ഓഫിസിലും പട്ടാളക്കാർ തലങ്ങും വിലങ്ങും നടന്ന് പണി തുടങ്ങിയിരിക്കുന്നു.

'ക്യാ ഹാൽ ഹേ' അവൻ തിരക്കി. 'അഗലെ ഹഫ്തെ മെം ഫോർമേശൻ കമാന്റർ കാ ഇൻസ്പെക്ഷൻ ആജ് സബേരേ ആജ്ഞാമിലി.' സുകുവിന്റെ ഉള്ളൊന്നു കാളി. സാങ്ഷനായ ലീവ് കാൻസലാകും ഉറപ്പ്. ഇനി ഇൻസ്പക്ഷൻ കഴിഞ്ഞിട്ടേ ലീവ് ലഭിക്കൂ. അല്ലെങ്കിൽ ഒരു പട്ടാളക്കാരന് എന്ത് കുടുംബം.

രണ്ടു വർഷം അല്ലങ്കിൽ മൂന്നു വർഷം കഴിയുമ്പോൾ രണ്ടു മാസത്തെ ലീവ്.

ആ രണ്ടുമാസം കുടുംബവുമായുള്ള സമാഗമം.

അതിൽപരം കുടുംബവുമായി സല്ലപിക്കാൻ അവകാശമില്ല. ഇവിടെയാണ് അവന്റെ കർമ്മഭൂമി

കർമ്മഭൂമിയായ പട്ടാള കേമ്പ്.

അതാണവന്റെ ഇടത്താവളം

അവിടെ അവൻ ജീവിക്കുന്നു

ചിലപ്പോൾ ജീവൻ ബലിയർപ്പിക്കുന്നു

കഴിഞ്ഞ തവണ തനിക്ക് രാജ്യ സേവാ മെഡൽ ലഭിച്ചത് സുകു ഓർത്തു

തന്റെ സഹപട്ടാളക്കാരൻ

കൽക്കത്തയിൽ ബാനർജി

യുദ്ധമുന്നണിയിൽ ശത്രുപക്ഷത്തിന്റെ വെടിയേറ്റു വീണു

ചീറിപ്പായുന്ന വെടിയുണ്ടകൾക്കിടയിൽ

ബാനർജിയെ തോളിലേറ്റി

ശത്രു പക്ഷത്തെ തുരത്തി

തന്റെ റൈഫിളിൽ നിന്നും തീ തുപ്പിയ വെടിയുണ്ടയേറ്റ്

ശത്രു പക്ഷത്തെ ഒമ്പതു പേർ മരിച്ചു വീണു

ബാനർജിയെ താങ്ങീയെടുത്ത് കേമ്പിലെത്തിക്കുമ്പോഴേക്കും തളർന്നുപോയിരുന്നു

ബാനർജി തലനാരിഴക്ക് രക്ഷപ്പെട്ടു

തനിക്ക് മെഡൽ

ഇന്ന് ബാനർജി റെജിമെന്റ് മാറിപ്പോയി കൽക്കത്തയിലാണ്.

മെഡൽ ലഭിച്ചിട്ടെന്തു കാര്യം?

ഓഫിസർമാരുടെ പെരുമാറ്റത്തിൽ ഒരു വ്യത്യാസവുമില്ല.

മടുത്തിരിക്കുന്നു.

പക്ഷേ രക്ഷപ്പെടാൻ പഴുതുകളില്ല

അനുസരിക്കുകതന്നെ

അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവരാണല്ലോ ചെറിയവർ

അടിമകൾ

തോഴിലാളികൾ

സാധാരണക്കാർ

ഇന്ധനം തീർന്നുപോയ വാഹനത്തെ തള്ളിനീക്കുന്നതുപോലെ ഒരാഴ്ച തള്ളിനീക്കി

ഇൻസ്പക്ക്ഷൻ കഴിഞ്ഞ് നല്ല അഭിപ്രായവും ലഭിച്ചു

അന്ന് വൈകുന്നേരം എല്ലാവരും ടെന്റിൽ ഒത്തു ചേർന്നു

മതിയാവോളം റം കഴിച്ചു

ഇറച്ചിയും മീനും തിന്നു

സുകുവിന് അതിലൊന്നും പങ്ക് ചേരാൻ കഴിഞ്ഞില്ല. പേരിന് പങ്കെടുത്ത് എന്നു വരുത്തി. ടെന്റിലേക്ക് നടന്നു. ടെന്റിനരുകിൽ സുബേദാർ മുകുന്ദൻ കാത്ത് നിൽപുണ്ടായിരുന്നു.

'സുകു തളരരുത്.' എന്ന് പറഞ്ഞ് ടെലഗ്രാം അവന്റെ നേരെ നീട്ടി

'എല്ലാം വിധിയാണെന്ന് കരുതി സമാധാനിക്കാം' . അയാൾ അവന്റെ മുതുകിൽ തട്ടി സമാധാനിപ്പിച്ചു

അമ്മയുടെ മരണവാർത്ത അറിയിച്ചുകൊണ്ടുള്ള ടെലഗ്രാം അവന്റെ കൈയിൽ നിന്നും കാറ്റിന്റെ കൈകളിലേക്ക് വഴുതി വീണു.

■


**Highness**

**Cool Refrigeration & Air Conditions**

**NEAR POST OFFICE, MANKAVE, CALICUT-7**

**(Service for Airconditioner, Refrigerator)**

***washing Machine, Spray Painting, etc.)***

***Mob: 9349810003***

**Sree Lakshmi Enterprises**

**24/1410-D, Thalikulangara, Mankave, Calicut - 673 007**

**Ph: Off: 9847140046**

**Mob: Ramesh : 9847005566**

**Dealers in**

**Johnson & Johnson, PEDI GREE (Dog & Cat Food)**

# മലബാർ അക്കാദമിക്ക് ഇന്റർ ക്ലബ്ബ് അത്‌ലറ്റിക് മീറ്റിൽ സുവർണ്ണ നേട്ടം

സ്പോർട്സ് ലേഖകൻ



അഖിൽ ബിജു | അമൽതോമസ് | മരിയ തോമസ് | പി.കെ. മുഹമ്മദ് റാഷിദ് | എം.എസ്. ശ്രുതി

എർണാംകുളം മഹാരാജാസ് സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാനഇന്റർ ക്ലബ്ബ് അത്‌ലറ്റിക് മീറ്റിൽ മലബാർ സ്പോർട്സ് അക്കാദമിയിലെ കുട്ടികൾ മൊത്തം 84 പോയന്റുകളോടെ സംസ്ഥാന ലെവലിൽ 11-ാം സ്ഥാനത്തെത്തി. പുല്ലൂരാംപാറ, തിരുവമ്പാടി, ആനക്കാംപൊയിൽ തുടങ്ങി പരിസര പ്രദേശങ്ങളിലെ സാധാരണ കുടുംബങ്ങളിൽ നിന്നുള്ളവരാണ് മലബാർ സ്പോർട്സ് അക്കാദമിയിലെ താരങ്ങളെല്ലാം. ഒരു മീറ്റ് റെക്കോഡ് ഉൾപ്പടെ ആറ് സ്വർണ്ണ മെഡലുകളും, നാല് വെള്ളിമെഡലും, ഒരു വെങ്കലമെഡലും മലബാർ അക്കാദമിയിലെ കായിക താരങ്ങൾക്കാണ് ലഭിച്ചത്. അസൗകര്യങ്ങളുടേയും അവഗണയുടേയും കഥകൾക്ക് മെഡലുകളിലൂടെ മറുപടി പറയുകയാണ് പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാദമിയിലെ കായികതാരങ്ങൾ.

പരിശീലനത്തിന് സ്വന്തമായി മൈതാനം പോലുമില്ലെങ്കിലും മലബാർ സ്പോർട്സ് അക്കാദമിയിലെ താരങ്ങളെല്ലാം ഇന്റർ ക്ലബ്ബ് മീറ്റിൽ നേടിയ മികച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കൗൺസിൽ സെന്ററാക്കാമെന്ന് അറിയിച്ചതായി പരിശീലകൻ ടോമി ചെറിയാൻ പറഞ്ഞു. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് സഹായം ലഭിക്കുമെന്ന് പ്രതീക്ഷയുണ്ടെന്നും അദ്ദേഹം കൂട്ടി ചേർത്തു. സി. സത്യൻ, ജോസഫ് ജോൺ എന്നിവരാണ് ടീമിന്റെ മറ്റു പരിശീലകർ. മലബാർ സ്പോർട്സ് അക്കാദമിക്കുവേണ്ടി ഇന്റർ ക്ലബ്ബ് മീറ്റിൽ മെഡൽ നേടിയവർ : അഖിൽ ബിജു (അണ്ടർ 20- ഡെക്കാത്ത്‌ലൺ, ട്രിപ്പിൾജമ്പ്- സ്വർണ്ണം), അമൽ തോമസ് ( അണ്ടർ 20- 800 മീറ്റർ- സ്വർണ്ണം, 1500 മീറ്റർ വെങ്കലം), എം. എസ് ശ്രുതി ( അണ്ടർ 18 - 2000 മീറ്റർ സ്റ്റിപ്പിൾ ചേസ്- സ്വർണ്ണം), മരിയ തോമസ് (അണ്ടർ - 14 ട്രയാത്ത്‌ലൺ സ്വർണ്ണം, ഷോട്ട്പുട്ട് വെള്ളി), പി. കെ. മുഹമ്മദ് റാഷിദ് (അണ്ടർ- 18 - 800 മീറ്റർ സ്വർണ്ണം), തെരേസ് ജോസഫ് (അണ്ടർ- 18 - 800 മീറ്റർ വെള്ളി), കെ. ആർ. സുജിത( അണ്ടർ 16- മൂന്ന് കി. മീ. നടത്തം വെള്ളി), സി. ഷിഹാബുദ്ദീൻ (അണ്ടർ- 18 - ലോംഗ്ജമ്പ് വെള്ളി)

കവിത

# കർക്കിടക മഴ



പഞ്ചിക്കുട്ടി

തിമിർത്തു പെയ്യും
കർക്കിടക മഴയിൽ
നോവിൻ സ്മൃതി
പഞ്ജരത്തിലൂടെ
കറുപ്പിന്റെ കുപ്പായ
മണിഞ്ഞ നാളുകളെന്നെ
എത്തി നോക്കുന്നു
സാകൂതം
ഒരായിരം മോഹത്തിൻ
കുന്നി മണികൾ കോർത്ത
മോഹനചിത്രങ്ങളിൽ
കർക്കിടക മേഘം പെയ്തിറങ്ങുവോ
ജീവിതത്തിന്റെ വിറച്ചിലും
വിറങ്ങലിപ്പും, -
കർക്കിടകത്തിന്റെ കറുപ്പും, വെറുപ്പും,
എന്തെന്നറിഞ്ഞ നാളുകൾ
തളർന്നു നിന്നിടും യൗവനത്തിൽ
പൈശാചിക കൊടുങ്കാറ്റായ്
ദുർഘട കർക്കിടകം പെയ്തിറങ്ങവേ
അനാഥത്വത്തിന്റെ ഘോരമാം
ചുഴിയിലകപ്പെട്ട കാലം
സഹനത്തിൻ സാന്ദ്രതയിൻ
വിഹ്വലകളെ, സ്പടിക കോപ്പയിൽ
പകർന്നു, ചുണ്ടോട് ചേർത്ത്
അമൃതായ് നുകർന്നെടുത്തു
മറക്കുവതെങ്ങനെഞാൻ ആ മഴയെ.......!
ആ മഴയിലേക്കിന്നുറ്റു നോക്കുമ്പോൾ,......
മനോഗതങ്ങളിൽ തെളിയുന്നു.....
ആരോടുമൊരക്ഷരമുരിയാടാനാവാതെ
അക്ഷമയായ് കഴിഞ്ഞ വിഷാദ
നിർഭര വിജയ നാളുകൾ.

Short Story

# SOME MATTERS THAT MATTER



C.K. RAGHAVAN


About 20 years ago I had travelled to Palakkad from Calicut for a personal purpose. It was on a midday of a hot sunny season. I experienced a huge thirst. So I went to a road side shop to get a glass of a lemon-Juice. I ordereded for the same. The shop man got hold of lemon fruit in his right hand from a basket and bisected it with a sharp knife, Using his thump and index finger, He squeesed the fruit piece to extract it's juice in to a glass. After collecting juice in the glass, he carefully placed the fruit rind on the table. Then he put the rind in a plastic bottle, instead of a disposing in a waste bin, as I have seen every time before this. For quenching my curiosity, regarding the the handling of lemon rind now, I asked the shopman

'Why you keeping Lemon rind in a bottle instead taking away to waste bin?'

He responded 'Some one will come to collect these kinds for making pickle'

On hearing his words I wondered a bit.

Only now I have been able to think about the fate of these lemon rinds withot its liquid in it, even though I had been watching this action for over many years of time. We know the vitamins, minarels and enzymes are seen being by the skin of the most fruits and vegitables not at centre. As regard to the present treatment we offer to these lemon rinds after squeesing out its juice, is almost equal to simply wasting the fruit without make use of it at all. So it is better if we would utilise further these lemon rinds




by the way of making pickle etc:, instead taking away to waste bins, as we doing now.

On the next day I reached one of the suburbs of Coimbtore city. Precisely it was at a place 20 km away from the city centre. The time was 7 pm. The sorroundings appeared to me as village. Now I am very hungry. So I decided to enter a near by restaurent . While I sat on a bench at a table there, a waiter boy came to me. I perceived that he might be new comer in the work field and is from adjucent kerala district. He oraly opened the menu for me. I ordered the item called poratta or paratha. With out much delay the waiter brought and placed 2 porattas on my table, with curry in a seperate plate.It is worth while here to mention that with poratta curry would be also served without any extra charge at almost all restaurents out side kerala, like dosa and idly are accompanied with chatney and sambar

I started to consume my food. Now a young man took seat at my desk, on the same bench, by me. When the waiter boy had come to him and briefed the menu, he also ordered porattas to eat. In some minutes of time the boy returned with porattas and curry and placed them on the table before the costomer. When the waiter had just returned from the costmer, the costmer got up from his seat and called the waiter back angrily.

I perceived that some thing wrong has been happened. Again when the waiter came to costomer with much rage the customer shouted. "Who is going to come here after you, for finishing your job. Without understanding the reason for cosumer's fury, the waiter boy has been seen perplexd. The costomer continued his chiding at the waiter. By waching this scene the restaurent owner appeared there quickly. By viewing the

scene keenly I also got puzzled alittle. So I wanted to know the reason of the costomer's furore. The restaurent owner took hold of porattas from the place, pulled apart them diameterly, tore up in to many small pieces and put them all in the plate again. Then the owner tried to solace the consumer by explaining that the waiter boy is from kerala and so does not know much about local customs. He also told the consumer that the boy was under training only, not a staff there. This incident also appears to me as new experience.This actionof of the consum er shows us that how far the over application of consumer rights might go. Mutch time has passed away since then. In last month I once again happened to visit those places between Coimbathur and Tiruppur. I had remained there for about 2 weeks time. so I have been able to get a chance again to roam around these places with no hurry. Former tiny tiled buildings are not there, instead, huge high vertical strutures have been occupied their spaces. These multy storeyed buildings are seen standing there with much pride wearing many coloured high quality, costly glossy paints. Most roads are seen widened a lot, so there no traffic jam we could find any where.Modern type restaurents are there every where. I had been taking my food completly from these restaurents during my stay time there. At no restaurent, I could see a waiter have been engaged in tearing poratta in to small bits.This appears as good change. When I went down to my memorylane, I found out that till some 30 years ago costomers should themselves had to take away the plantain leaves with food waste to waste -bins kept some where near wash basins of every eating place. This was the usual practise which had been followed in all restaurents across south Kerala and Tamil nadu.Now this good system has been seen discarded every where. In a democracy every one is equal despite he or she is abled or disabled in any manner, every body has only one vote power. So it would be nice if every one does his or her foodwaste disposal to maximum extent, without much involvement of others on all suitabletimes.

Now a days un-employment among young young people is being experienced in many nations. In some countries this problem swells up in to crisis. If an educated one is not getting any suitable job, she or he might try to begin a small business or industry which requires only a small money investmnt. The difficulty with this type of endeavour is that there would have many competitors to face later, if ones venture is seen successful. To avoid bitter contest from others, a young man in China has discovered a newest way. We have heard about chicken farm, goat farm, pig farm Etc.

If we come accross a cockroch, we will always try to keep away from IT, never wish to touch it. Many might fear even to wach this creature. But this chinese yong man has been successfully running a cockroch farm for some years now. He would treat the visitors to his farm by serving up cochroach fry, if the visitors ready eat this item. Mainly his products, have been used for manufacturing certain chemicals, not using much quantity as a food item. Now he is receiving bulk orders regularly, for his product. from certain chemical companies. Thousands of cochrochs roaming around in his farm are being fed on rotten fowl eggs, that are available easily at a very low price in the market.

We know that our language demands high precision in pronouciation. It is a sign that shows our language is developed one, compered to many other languages. so we should try to enhance the image further by synchronizing it's meanings with scientific facts. For instance human body colour is determined by the quntity of the substance called melanin under his or her skin, that is a person would be called colouredman or coloured woman if the quantity of melanin inside their skin is more, in the same way a person would named a colourless man or colourless woman if the melanin content in his bodyis less or very less.


This is the scientific way of naming people as coloured or colourless. This principle is followed in eng lish. But in our language the opposite system is being practised. Here those who have more melanin in their skin are being considered as colourless and the name coloured is given to the persons with very less

melanin inside their skin.If our language authorities could come forward to adress these types mistakes being seen in our language, it will be agreat help to improve the quality of our language hugly. I would like to point out here that even the meanings of severel English words have been undegone changes in course of time, to keep up the language with the new developments in science, technology and society. For instance look at these words in English, silly, prevent, influence, very, and monger previosly meanings of these words were, happy, effects of planets upon human body, true and salesman respectivly. So it is clear that there is nothing wrong in changing the meaning of any word in accordene with the developments in field of science and society.

# പോൾ പോഗ് ബി എങ്ങോട്ട് ?



ഭാസിമലാപ്പറമ്പ്






2014–15 ഫുട്ബോൾ സീസണിൽ ഏറ്റവും വലിയ ട്രാൻസ്ഫർ ഫീസോടെ 'കൂടുമാറ്റം' നടത്തുന്ന കളിക്കാരൻ ആരാവും ?

ഈ വാർത്തക്കു വേണ്ടിയാണ് ലോക ഫുട്ബോൾ മാധ്യമങ്ങൾ, പ്രത്യേകിച്ചും യൂറോപ്യൻ മീഡിയ, കാത്തിരിക്കുന്നത്. എല്ലാവരുടേയും കണ്ണുകൾ ഇറ്റലിയിലെ യുവന്റസ് ക്ലബ്ബിലേക്കാണ്. ഫ്രാൻസിന്റെ 21 കാരനായ യുവതാരം പോൾ പോഗ്ബ കൂടുമാറ്റം നടത്തുമോ, അങ്ങിനെകൂടുമാറ്റം ഉണ്ടാകുന്നെങ്കിൽ എങ്ങോട്ട് എന്നറിയുവാൻ എല്ലാവരും ഉറ്റുനോക്കുകയാണ്. സീസണിൽ പതിനഞ്ചു ലക്ഷം യൂറോക്ക് (ഏകദേശം 12 കോടി രൂപ) വേത നം വാങ്ങുന്ന പോഗ്ബയെ യുവന്റ്സ് ക്ലബ്ബ് ഭീമമായ തുകക്ക് കൈമാറ്റം ചെയ്യുമെന്നാണ് അഭ്യുഹം.

മാഞ്ചസ്റ്റർ യുനൈറ്റഡിന്റെ യൂത്ത് അക്കാദമിയിലെത്തി 2011 ഫിബ്രവരിയിൽ പതിനെട്ടു വയസ്സു തികയുവാൻ ദിവസങ്ങൾ മാത്രമുള്ളപ്പോൾ ബെസ്റ്റ് XI ൽ സ്ഥാനം കണ്ടെത്തിയ കളിക്കാരനാണ് ഫ്രാൻസിന്റെ ഈയുവതാരം. 2013 ജൂലൈയിൽ അരങ്ങേറിയ ഫിഫാ അണ്ടർ – 20 ലോകകപ്പിൽ ഫ്രാൻസിന്ന് കിരീടം നേടിയ ക്യാപ്റ്റൻ–

കറുത്തവർഗ്ഗക്കാരിൽ തിയറി ഹെൻറിക്കു ശേഷം ഫ്രാൻസിന്റെ ലോകതാരമാകുവാൻ ഭാഗ്യമുണ്ടായ കളിക്കാരൻ; പാട്രിക് വിയരയെപ്പോലെ ആരാധകർ പൂവിട്ട് പൂജിക്കുന്നവൻ.

'ബ്രസീൽ 2014' ലോകകപ്പിൽ റിയോഡിജ





നിറോയിൽ കളിച്ച പ്രീ- ക്വാർട്ടർ ഫൈനലിൽ നൈജീരിയക്കെതിരെ 79-ാം മിനുട്ടിൽ അതിമനോഹരമായ ഹെഡ്ഡർ ഗോളിൽകൂടി ഫ്രാൻസിനെ ക്വാർട്ടർ ഫൈനലിൽ എത്തിച്ച അറ്റാക്കിങ്ങ് മിഡ്ഫീൽഡർ കളിക്കാരനാണ് പോഗ്ബ. മത്സരത്തിന്റെ 'ഇഞ്ചുറിടൈമി'ൽ നൈജീരിയൻ കളിക്കാരന്റെ 'സെൽഫ്ഗോൾ' കൂടി വഴങ്ങിയപ്പോൾ ഫ്രാൻ സിന്റെ വിജയം രണ്ടു ഗോളിന്ന് ! മത്സരത്തിലെ 'മാൻ ഓഫ് ദി മാച്ച് 'അവാർഡ് പോഗ്ബക്ക് !

ബ്രസീലിൽ ലോകകപ്പ് വിജയം കരസ്ഥമാക്കിയ ജർമനിയെയാണ് ഫ്രാൻസ് ക്വാർട്ടർ ഫൈനലിൽ നേരിട്ടത്. വിജയം ജർമ്മനിയെ അനുഗ്രഹിച്ചുവെങ്കിലും പോഗ്ബയുടെ മികച്ച മിഡ്ഫീൽഡ് പ്രതിരോധം ജർമ്മനിയുടെ വിജയം ഏകപക്ഷീയമായ 1 ഗോളിന് മാത്രമായെന്ന് മാറക്കാനസ്റ്റേഡിയത്തിൽ മത്സരം വീക്ഷിച്ചവരെല്ലാം തലകുലുക്കി സമ്മതിച്ചതാണ്.

പോഗ്ബയുടെ ജീവിതം ഫുട്ബോളിനോടുള്ള ആരാധന കൊണ്ടുമാത്രം കളിക്കളത്തിലെത്തി തിളങ്ങിയ ഒരു കൊച്ചു ബാലന്റെ കഥയാണ്. ഇപ്പോൾ ആറടി മൂന്നിഞ്ച് ഉയരവും നീളവും ബലവുമുള്ള കാലുകളും കാൽപന്തുകളി സ്വന്തമാക്കുവാൻ വിധി അനുഗ്രഹിച്ച ഒരു കറുത്ത യുവാവ്. ഫ്രാൻസിൽ പാരീസിന്റെ കിഴക്കൻ പ്രാന്തപ്രദേശമായ ലാഗ്നി - സുർ - മാർണെയിൽ ഗിനിയക്കാരനായ പിതാവിന്റേയും കോംഗോക്കാരിയായ മാതാവിന്റേയും മൂന്നാമത്തെ പുത്രനായിട്ടാണ് 1993 മാർച്ച് 15ന്ന് പോൾ ലബിലെ പോഗ്ബ ഭൂജാതനായത്. ജ്യേഷ്ഠൻ മാത്തിയാസും പ്രഫഷണൽ കളിക്കാരൻതന്നെ.

ആറാം വയസ്സിൽ ഫുട്ബോൾ കളി ആരംഭിച്ച കൊച്ചു ബാലൻ സമീപമുള്ള പ്രൊഫഷണൽ ക്ലബ്ബധികൃതരുടെ ശ്രദ്ധയിൽപ്പെട്ടു. ക്ലബ്ബിന്റെ കോച്ച് പോഗ്ബയെ സ്വന്തം വാവിനത്തിൽ ക്ലബ്ബിന്റെ യൂത്ത് അക്കാദമിയിലെത്തിക്കുകയും പരിശീലലനത്തിനുശേഷം വീട്ടിൽ തിരിച്ചെത്തിക്കുകയും പതിവായിരുന്നു. കൊച്ചുകളിക്കാരെ കണ്ടെത്തി അവരിൽനിന്നും ലോകതാരങ്ങളെ കണ്ടെത്തുന്നത് രാഷ്ട്രത്തിന് നൽകുന്ന ഏറ്റവും വലിയ സമർപ്പണമായി കരുതുന്ന സ്പോർട്ടിങ്ങ് സ്പിരിട്ടുള്ള യൂറോപ്യൻ ഫുട്ബോളിൽ പോഗ്ബയുടെ കഴിവുകൾ വളർന്നു വികസിച്ചില്ലെങ്കിൽ മാത്രമേ അത്ഭുതപ്പെടുവാനുള്ളു എന്നതാണ് യാഥാർത്ഥം. പോഗ്ബയുടെകഴിവുകൾ കേട്ടറിഞ്ഞ് ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ യുണൈറ്റഡ് ഫ്രാൻസിലെത്തുകയായിരുന്നു. അങ്ങിനെവലിയൊരു ക്ലബ്ബിന്റെ വാതിലുകൾ പോഗ്ബക്കു വേണ്ടി തുറക്കപ്പെട്ടു. 2011- 12 സീസണിൽ തന്നെ 'ബെസ്റ്റ് ഇലവനി'ൽ എത്തി ഏഴു കളികളിൽ ജർസിയണിഞ്ഞു.

ഇറ്റലിയിലെ യുവന്റസ് ക്ലബ്ബ് പോഗ്ബയെ തേടിയെത്തിയത് 2012 ലാണ്. 2012 മുതൽകഴിഞ്ഞ ഒക്ടോബർ വരെ പോഗ്ബ ഇറ്റലിയിലെ സീരി 'എ' ലീഗിലും മറ്റു ചാമ്പ്യൻ ക്ലബ്ബ് ടൂർണ്ണമെന്റുകളിലുമായി യുവന്റസിനുവേണ്ടി 96 (തൊണ്ണൂറ്റിയാറ്) മത്സരങ്ങൾ കളിച്ചു. മിഡ്ഫീൽഡർ പൊസിഷനിൽ ബൂട്ടണിഞ്ഞുകൊണ്ട് പതിനഞ്ചു ഗോളുകളും സ്ക്കോർ ചെയ്തു. 2012-13, 2013-14 സീസണുകളിൽ സീരി 'എ ' ചാമ്പ്യൻ പട്ടം കരസ്ഥമാക്കുവാൻ പോഗ്ബയുടെ പ്രകടനം വലിയ പങ്കു വഹിച്ചു. 2012 ലും 2013ലും യുവന്റസ് ക്ലബ്ബ് ഇറ്റലിയുടെ ' സൂപ്പർകപ്പ് ' നേടുവാൻ പോഗ്ബയുടെ 'ഫോം ' പിൻബലമായിരുന്നു.

2013 മുതൽ ഫ്രാൻസിന്റെ ദേശീയജർസിഅണിയുന്ന പോഗ്ബ 20 കളികളിൽ മൈതാനത്ത് ഇറങ്ങി; അഞ്ചു ഗോളുകളും നേടി. ഫ്രാൻസിന്നുവേണ്ടി ഫിഫാ അണ്ടർ - 20 ലോകകപ്പ് ക്യാപ്റ്റൻ പദവി പോഗ്ബക്കായിരുന്നു- പോഗ്ബയുടെ കൈകളിൽ സെപ്ബ്ലാറ്ററുടെ കൈകളിൽ നിന്ന് ഫിഫാ അണ്ടർ - 20 ലോകകപ്പ് ഏറ്റുവാങ്ങി !

മാഞ്ചസ്റ്റർ യുണൈറ്റഡ് പോഗ്ബയെ കൈവിട്ടപ്പോൾ ക്ലബ്ബ് മെമ്പർമാരും ആരാധകരും വൻ പ്രതിഷേധം നടത്തിയത് പോഗ്ബയുടെ മികച്ച ഫോം കാരണമായിരുന്നു. യുവന്റസിന്റെ ജർസിയിലെ മിന്നുന്ന കളി! യൂറോപ്യൻ ഫുട്ബോൾ ലോകവും ലോകമീഡിയയും കാത്തിരിക്കുന്നത് യുവന്റസിൽനിന്ന് പോഗ്ബ മറ്റുക്ലബ്ബിലേക്ക് മാറുമോ എന്നറിയാൻ തന്നെ. യുവന്റസ് പോഗ്ബയെ അങ്ങിനെ കൈമാറ്റം ചെയ്യുന്നുവെങ്കിൽ പോഗ്ബയുടെ ട്രാൻസ്ഫർ ഫീ എത്രയാകുമെന്നും പുതിയക്ലബ്ബിൽനിന്നുള്ള പ്രതിവാര വേതനം എത്രലക്ഷം യൂറോയാകുമെന്നുമറിയാൻ അവർ ഉൽകണ്ഠയോടെ കാത്തിരിക്കുകയാണ്.



# ദേശം



വാസു അരീക്കോട്

പച്ചവിരിപുതച്ചുള്ളൊരു ചെക്കുന്നിൻ
പാദങ്ങളിൽതൊട്ടു തലോടി മെല്ലെ
പദചല ചഞ്ചല നടനമാടീവരുന്നൊരു
സുന്ദരി നിന്നെ തഴുകി പുൽകിനിൽക്കും
പണ്ടേക്കും പണ്ടേ ദാനശീലങ്ങളിൽ
പേരുകേട്ടുള്ളൊരു നാടാണു നീയിന്നും,
ശിരസ്സുയർത്തി ഞാനെന്ന ഭാവം വിടാതെ.
'അരികൊട്'യെന്ന വാക്കിന്നുലോപിച്ച്
അരീക്കോടായെന്റെ പുണ്യനാടിൻ നാമം.
*ഓവിയും കേസിയും കുഞ്ഞാലിയുമെന്നല്ല- എത്ര
പേർ നിൻ മടിത്തട്ടിലുറങ്ങി വീണു
നാടിനെകാക്കുവാൻ നെറുകയിൽ കുടികൊള്ളും
എംഎസ്പിയിന്നും വീരശൂരനായ് നില്പൂ
മാപ്പിളപ്പാട്ടിന്നീരടിയായനസൂതം
**മുണ്ടമ്പ്രതൻ 'കൊടിയേറ്റം' ഇവിടെയല്ലോ
ദേശത്തിലും പരദേശത്തിലും ഭാരത കൊടിക്കൂറ
പാറിപ്പറപ്പിച്ച സമദ് മാസ്റ്ററും ഈ നാട്ടിലല്ലോ
വശ്യസുന്ദര മന്ദസ്മിതമായി കണ്ടു കേട്ടങ്ങിനെ
ചാലിയാറിന്നോളങ്ങൾ കളിചിരിതൂകുന്നു
എത്രയെത്ര കദനകഥകളുണ്ടു നിന്നുള്ളിലിന്നും
പറയാൻ തുടങ്ങിയാൽ രാവേറെയാകും.

* ഒ.വി. വിജയൻ, കെ.സി. അബൂബക്കർ മൗലവി, സഖാവ് കുഞ്ഞാലി

** മുണ്ടമ്പ്ര ഉണ്ണിമമ്മദ്



നെല്ലിക്കോട് ചിൻമയ വിദ്യാലയ ഏരിയ റഡിഡൻഷ്യൽ അസോസിയേഷന്റെ വാർഷിക ആഘോഷത്തിൽ ആദിത്യപ്രദീപ് അവതരിപ്പിച്ച ഗസൽ സംഗീതം. ഹാർമോണിയം ഉണ്ണികൃഷ്ണൻ തബല: വരുൺ സന്തോഷ്, വയലിൻ : പ്രണവ് രാമചന്ദ്രൻ


# കഴുകൻ

ടി.എ. മടക്കൽ

കഴുകനുണ്ടിവിടെ- കഴുകനുണ്ട്
കഴുകനുണ്ടെവിടെയും കഴുകനുണ്ട് (2)
ചെഞ്ചായം പൂശിയ കണ്ണുള്ള കഴുകൻ;
ചൂരുള്ള മാംസത്തിൻ ചുണ്ടുള്ള കഴുകൻ
പച്ചക്കരൾ മാന്താൻ കാലുള്ള കഴുകൻ
മുറംപോലെ ചിറകുമായ് റാഞ്ചുന്ന കഴുകൻ
കഴുകനുണ്ടിവിടെ - കഴുകനുണ്ട്
കഴുകനുണ്ടെവിടെയും കഴുകനുണ്ട്
നല്ലെണ്ണ തേച്ചൊന്നു മുങ്ങികുളിക്കുമ്പോൾ
പാടവരമ്പത്തെ മുൾകൈതക്കാട്ടിലും
ഉടുതുണി മാറുമ്പോൾ വാതിൽ വിടവിലും
ചുടുചോര കണ്ണുമായിട്ടടിമുടി ഉഴിയുന്ന
കഴുകനുണ്ടെവിടെയും കഴുകനുണ്ട് (2)
സ്കൂൾ വിട്ട് പോകവേ പാടവരമ്പത്തൂടുവഴികളിൽ
വട്ടമിട്ടാടിട്ട് തഞ്ചത്തിൽ പാഞ്ഞെത്തി
റാഞ്ചി എടുത്തിട്ടാ കുഞ്ഞിളം മേനിയെ
കൊത്തപ്പറിച്ചിട്ടുഴുതുമറിച്ചൊരു
അയൽക്കാരനെന്നൊരു കഴുകനുണ്ട്- നാട്ടിൽ
അയൽക്കാരനായൊരു കഴുകനുണ്ട് (2)
പെറ്റമ്മയെ, പിന്നെ പുതുമണവാളനെ
കാണുവാൻ ഏകയായ് ട്രയിൻയാത്ര പോകവേ
കഴുകനെപേടിച്ച് പാളത്തിൽ ചാടവേ
തലപൊട്ടി, കൈകാലു പല്ലുകളും ഒടിയവേ
ചെറുമേനിയാകെ ചുടുനിണം നിറഞ്ഞിട്ടും
വിട്ടില്ല കഴുകൻ - കൊത്തിവലിച്ചങ്ങ് പോയി മറഞ്ഞു..
പിന്നെ- പൂമേനിയാകെ മാന്തിപ്പറച്ചിട്ട്
കാമാർത്ഥി തീർത്തൊരു കഴുകനുണ്ട്- നാട്ടിൽ
കഴുകനുണ്ട്.
തെരുവോരതിണ്ണയിലമ്മിഞ്ഞ നുണയുന്ന
ചെറുചേലയണിയാത്ത കുഞ്ഞിളം മേനിയിൽ
കാമാഗ്നി തീർത്തൊരു കഴുകനുണ്ട്- പിന്നെ
തിരക്കുള്ള യാത്രയിൽ മുൻപിൽ വശത്തിലും
മുട്ടിയുരുമ്മിയും മൂക്രയിട്ടാടിയും
കാമം തെറുപ്പിച്ച കഴുകനുണ്ട്- പിന്നെ
ഹോട്ടൽ മുറിയിലെ ശൗചാലയങ്ങളിൽ
ക്യാമറക്കണ്ണായും കഴുകനുണ്ട് - ഒളി
ക്യാമറാ കണ്ണായും കഴുകനുണ്ട് (2)
രാക്ഷസ കഴുകന്റെ ചുടുചോര കണ്ണുകൾ
ചുടുനിണം മണക്കുന്ന വാൾ മുനചുണ്ടുകൾ
കാലന്റെ കയറുള്ള എലുമ്പിച്ചക്കാലുകൾ
മുറംപോലെ വീശുന്ന പെരുമ്പറ ചിറകുകൾ
പച്ചക്ക് മൂടുവാൻ ആരുണ്ട് നാട്ടിൽ.... (2)
കഴുകനുണ്ടിവിടെ കഴുകനുണ്ട്
കഴുകനുണ്ടെവിടെയും കഴുകനുണ്ട് (2)

ലേഖനം

# നോബൽ സമ്മാനം ലഭിച്ച ഇന്ത്യയിലെ ചേരിനിവാസി




വിനോദ്കുമാർദാമോദർ

സാധാരണയിൽ നിന്നും വ്യത്യസ്ഥമായി 2014 ൽ നോബൽ സമ്മാനം ലഭിച്ചത് രണ്ടുപേർക്കാണെങ്കിലും നോബൽ സമ്മാനം ലഭിച്ചവരിൽ ഒരാൾ കൈലാഷ് സത്യാർത്ഥി ഇന്ത്യയിലെ ചേരിയിൽ നിന്നാണെന്ന വിശേഷം കൂടി ഇത്തവണത്തെ നോബൽ സമ്മാനത്തിനുണ്ടായിരുന്നു.

തന്റെ ഗ്രാമത്തിൽനിന്ന് മുബൈ ചേരികളിൽ വർഷങ്ങൾക്ക് മുമ്പ് എത്തിയ സത്യാർത്ഥി ഇവിടത്തെ യഥാർത്ഥ അവസ്ഥകണ്ട് ഞെട്ടുകയായിരുന്നു. മുംബയ്യിൽ ഒരു ജോലി തേടി 1969 ൽ ആയിരുന്നു അദ്ദേഹം എത്തിചേർന്നത്. ലോകത്തിലെ ത്തന്നെ ഏറ്റവും വലിയ ചേരിപ്രദേശമെന്നു പറയാവുന്ന ധാരാവി മേഖലയിലായിരുന്നു അത്. തന്റെ സ്വപ്നങ്ങളിലുണ്ടായിരുന്ന മുംബയ്യ് മഹാനഗരത്തിന് പകരം നഗരത്തിൽ ചേരികളുടെ കൂട്ടങ്ങളായിരുന്നുവെന്നു മനസ്സിലാക്കിയ സത്യാർത്ഥി ജനതാ കോളണിയെന്നറിയപ്പെടുന്ന ഇവിടത്തെ ഒരു പ്രദേശത്ത് താമസിച്ചു. അക്കാലത്ത് അദ്ദേഹത്തിന് തന്റെ ജീവിതത്തോട്ത്തന്നെ മടുപ്പു തോന്നിയിരുന്നു പോലും.

അദ്ദേഹം ചേരിയ്ക്കടുത്ത ഒരു കുന്നിന്മേൽ പോയി കുറച്ചു ദിവസം താമസിച്ചു. എന്നാൽ മൂന്നു ദിവസങ്ങ ശ്ക്കു ശേഷം തന്റെ ചേരിയിലേയ്ക്ക് മടങ്ങിയ ഇദ്ദേഹം ബി. എ. ആർ. സി. യിൽ ഒരു ചെറിയ ജോലി സമ്പാദിക്കു കയം മുംബയ്യിൽ താമസമുറപ്പിയ്ക്കുവാനും തീരുമാനിക്കുകയായിരുന്നു.

താൻ താമസിക്കുന്ന ജനതാ കോളണി ധാരാവി മേഖലയിലെ ഏറ്റവും വൃത്തികുറഞ്ഞ



കൈലാഷ് സത്യാർത്ഥി

കോളനികളിൽ ഒന്നായിരുന്നു. അവിടത്തെ കുട്ടികളെ പഠിപ്പിയ്ക്കുകയെന്ന ജോലി ഏറ്റെടുത്തപ്പോഴാണ് കുട്ടികൾക്ക് കൊതുകു കടികൊണ്ടുള്ള വിഷമം കാരണം പഠിപ്പിൽ ശ്രദ്ധിയ്ക്കുവാൻ കഴിയുന്നില്ല യെന്ന് സത്യാർത്ഥിക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

കുട്ടികളെ കൂട്ടി കോളനിയ്ക്ക് സമീപമുണ്ടായിരുന്ന ചവറുകൾ വാരി ചെമ്പൂരിലെ മുൻസിപ്പൽ കോർപ്പറേഷന്റെ വളപ്പിൽ തള്ളിയ ഇദ്ദേഹത്തിനെ അറസ്റ്റുചെയ്യുവാൻ പോലീസെത്തിയെങ്കിലും താനിത് തങ്ങളുടെ കോളണിയ്ക്ക് സമീപമുള്ള മുഴുവൻ അഴുക്കുകളും വൃത്തിയാക്കുന്നതുവരെ തുടരുമെന്ന് പ്രഖ്യാപിച്ചപ്പോൾ വാർത്തകൾ പടർന്നിരുന്നു. കോളണി വാസികൾ ഒറ്റക്കെട്ടായി. അതുകൊണ്ടു തന്നെ നിവൃത്തിയില്ലാതായപ്പോഴാണ് ഇവിടത്തെ അഴുക്കു മുഴുവൻ മാറ്റുവാൻ മുംബയ്യ് മുൻസിപ്പൽ കോർപ്പറേഷൻ നിർബന്ധിതമായത്. ഇതിലൊരു പ്രത്യേകതയെന്തെന്നു വെച്ചാൽ മുൻസിപ്പാലിറ്റിയ്ക്ക് കഴിഞ്ഞ ഇരുപത്തി രണ്ടു വർഷങ്ങൾക്ക് ശേഷം ചേരിയിലെ അഴുക്കു മുഴുവൻ വൃത്തിയാക്കേണ്ടി വന്നുവെന്നതാണ്. ഈ സംഭവത്തിനു ശേഷം ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുട്ടികൾ ജനതാ കോളണിയിലെ അഴുക്കു നിർമ്മാജ്ജനപ്രവർത്തനരംഗത്ത് വൻ കുതിപ്പിലൂടെ കോളനിയുടെ പ്രതിഛായയിൽ മാറ്റങ്ങൾ ഉണ്ടാക്കി. കോളനിയിലെ വൃത്തിഹീനമായ കക്കൂസ്സുകൾ മുഴുവൻ വൃത്തിയാക്കി. കോളനിയിലെ വൃത്തി പ്രസ്നങ്ങൾക്കു വേണ്ടി ഇവർ സ്ഥിരമായി പൊരുതുകയും ചെയ്തു.

1974 ൽ ഇദ്ദേഹം വിവാഹം ചെയ്തതിനു ശേഷം ആദ്യമായി സ്വന്തമായി വീട് വാടകയ്ക്കെടുത്തു. ഇന്നും ഇദ്ദേഹം വാടക വീട്ടിൽ കഴിയുന്നു. ഇദ്ദേഹത്തിനു ചെറിയ ഒരു കുടുംബവും രണ്ടു പേരമക്കളുമുണ്ട്. പക്ഷേ വീടിന് വെളിയിൽ അദ്ദഹത്തിന്റെ കുടുംബം വലുതാണ്. 33 രാജ്യങ്ങളിലെ ചേരിനിവാസികൾ. ഇതിൽ ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക എന്നിവ ഉൾപ്പെടും. 1999 ൽ രൂപംകൊണ്ട ചേരിനിവാസി ഇന്റർനാഷണൽ, ചേരികളിൽനിന്നും പെട്ടെന്ന് ഒഴിപ്പിയ്ക്ക



ലോകത്തിലെ ഏറ്റവും വലിയ ചേരികളിലൊന്നായ മുബൈയിലെ ധാരാവി

ളിൽ എത്തിയത്. ഇന്ത്യയിൽ പന്ത്രണ്ടു ലക്ഷം വനിതകൾ ഈ സംഘടനകളിൽ അംഗമാണെന്നു കേൾക്കുമ്പോൾ മറ്റു വൻ സർക്കാരേതര സംഘടനകൾ ഞെട്ടുന്നു. ധാരാവി ചേരി പ്രദേശത്തു മാത്രം 90 ചേരി കൂട്ടങ്ങളുണ്ട്.

തന്റെ സംഘടനകൾ പ്രവർത്തിക്കുന്ന ഇടങ്ങളിലെല്ലാം തന്നെ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേയ്ക്ക് ജ നങ്ങൾ കുടിയേറി പാർത്തു വരുന്നത് വർദ്ധിക്കുകയാണ്. അതു കൊണ്ടു ത്തന്നെ ഇവർക്ക് ദൈനംദിന കാര്യങ്ങൾ ക്കും വെള്ളത്തിനും സൗകര്യങ്ങൾ ലഭിക്കുന്നില്ലെന്ന് കൈലാഷ് സത്യാർത്ഥി ദുഃഖിക്കുന്നു.

ഇന്ത്യയിലെ വൻ നഗരങ്ങളിൽ 60 ശതമാനം ജനങ്ങൾ ചേരികളിൽ വസിയ്ക്കുമ്പോൾ അവർക്കായി മാറ്റിവെക്കുന്നത് മൂന്നു ശതമാനം പദ്ധതിവിഹിതമാണെന്നാണിദ്ദേഹത്തിന്റെ വാദം. ഇതിലാണദ്ദേഹം ദുഃഖിക്കുന്നത്.

ചേരികളിൽനിന്നും കുടിഒഴിപ്പിക്കുന്നവർക്കായി 30000 ചെറുവീടുകൾ ഇന്ത്യയിലും 100000 ചെറുവീടുകൾ വിദേശങ്ങളിലും നിർമ്മിച്ച ഇദ്ദേഹത്തിന് നൽകപ്പെട്ട ഈ നോബൽ പാക്കിസ്ഥാനിലെ മലാലക്ക് നോബൽ നൽകപ്പെട്ടതുപോലെ അഭികാമ്യം തന്നെ, ഇന്ത്യയ്ക്കഭിമാനകരവും.

പ്പെടേണ്ടി വരുന്നവർക്കായി രക്ഷക്കെത്തുന്ന ഈ സംഘടനയുടെ പ്രസിഡണ്ടാണീ നോബൽ സമ്മാനക്കാരൻ.

1970 ൽ ഇദ്ദേഹത്തിനെ അറസ്റ്റുചെയ്യുവാൻ പലപ്പോഴായി ശ്രമമുണ്ടായെങ്കിലും ചേരിനിവാസികൾ ഒറ്റക്കെട്ടായി നിന്നതിനാൽ ശ്രമം വിജയിച്ചില്ല.

1975 ൽ അടിയന്തരാവസ്ഥ പ്രഖ്യാപിയ്ക്കപ്പെടുമ്പോൾ വീണ്ടും അറസ്റ്റു ചെയ്യാൻ ശ്രമിയ്ക്കുമെന്ന ഭയം ഇദ്ദേഹത്തിന് ഉണ്ടായിരുന്നു. ചേരിനിവാസികൾക്കുവേണ്ടി സർക്കാറിനെതിരെ പലപ്പോഴും സമരം ചെയ്യേണ്ടി വന്നതിനാൽ ആസൂത്രിതമായി സർക്കാർ തലപ്പത്തിരിയ്ക്കുന്നവർ പ്രവർത്തിക്കുമെന്ന് അറിയാമായിരുന്നതിനാൽ അദ്ദേഹം ഫിലിപ്പെൻസിലേക്ക് പോയി. അടിയന്തരാവസ്ഥ അവസാനിച്ച ശേഷമാണ് അദ്ദേഹം മടങ്ങിയെത്തിയത്. ഈ സമയത്തും ഒരു ബോംബെ ചേരി നിവാസ ഫെഡറേഷനും ഒരു നാഷണൽ ചേരിനിവാസ ഫെഡറേഷൻ രൂപികരിയ്ക്കാനും ഇദ്ദേഹത്തിന് കഴിഞ്ഞു.

1980 ൽ ബാബോ അറ്റോമിക്ക് റിസർച്ച് കേന്ദ്രത്തിന് വേണ്ടി ജനതാ കോളണി ഒഴിപ്പിക്കുന്നതിനു അനുകൂലമായി അദ്ദേഹം തന്റെ നിലപാടിൽ അയവുവരുത്തി. പിന്നീട് അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ ചേരിപ്രദേശങ്ങളിലൊന്നായ ധാരാവിയിലേയ്ക്ക് മാറി.

അവിടെ അദ്ദേഹത്തിന്റെ കീഴിലുള്ള സംഘടനകളുടെ ഓഫീസ് പ്രവർത്തിക്കുന്നു. റമോൺ മാഗ് സേസേ അവാർഡ് (2000), പത്മശ്രീ (2011) ഇദ്ദേഹത്തിനു ലഭിച്ചു. 2009 ൽ കെ. ഐ. ഐ. ടി. യുണിവേഴ്സിറ്റി (ഭൂവനേശ്വർ) ഇദ്ദേഹത്തിന് പി.എച്ച് .ഡി. യും നൽകി.

ഇദ്ദേഹത്തിന്റെ ഓഫീസ് അവാർഡുകളും ബഹുമതികളുംകൊണ്ട് നിറഞ്ഞു നിൽക്കുന്നു. ഇദ്ദേഹം ഈ സംഘടനകളുടെ തലവനായി തുടരാൻ ഇപ്പോൾ മറ്റൊരാളെ തിരയുമ്പോഴാണ് നോബൽ സമ്മാനവും ഇദ്ദേഹത്തി ന്റെ കൈക



ആദ്യമായി കൈലാഷ് സത്യാർത്ഥി താമസത്തിനെത്തിയ മുബൈയിലെ ജനതാകോളനി



# നക്ഷത്രരാജ്യം സ്പോട്സ് ഇൻസ്റ്റിറ്റ്യൂഷൻ അത്‌ലിറ്റിക്സ് ഡവലപ്മെന്റ് അക്കാദമി [N.S.I.A.D.A]

**NAKSHATHRARAJYAM SPORTS INSTITUTION ATHLITIC DEVELOPMENT ACADEMI**

GOV: REG-NO: 222/2014, OFFICE OF THE NSIADA & NAKSHATHRA RAJYAM MONTHLY
POST BOX NO: 1205, BUIL: NO:26/1854, MANKAVE(P.O),
KOZHIKODE 673007, KERALA STATE, INDIA, Mob:9847649567, 9744233997

**SPORTS,CINEMA,ARTS&LITERATURE DEVELOPMENT ACADEMI [N.S.I.A.D.A]**

## അപേക്ഷ ക്ഷണിക്കുന്നു

നക്ഷത്രരാജ്യം സ്പോട്സ് ഇൻസ്റ്റിറ്റൂഷൻ അത്‌ലിറ്റിക്സ് ഡവലപ്പ്മെന്റ് അക്കാദമി (എൻ. എസ്. ഐ. എ. ഡി. എ) 2015 ജനവരി 15 മുതൽ ദിനവും രാവിലെ 6 മണി മുതൽ 7.30 വരെ മെഡിക്കൽ കോളേജ് ഓപ്പൺ ഗ്രൗണ്ടിൽ വെച്ചു നടത്തുന്ന അത്ത്‌ലിറ്റിക്സ് ട്രേക്ക് ഈവന്റ് "ട്രെയിനിംഗ് ക്യാമ്പിലേക്ക് കായിക ക്ഷമതയും, ഓട്ടമത്സരവിജയ ഇഛാശക്തിയും, ആരോഗ്യവും ഉള്ള 12നും 14നും ഇടയിൽ പ്രായത്തിലുള്ള 20 ആൺക്കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഒരു ട്രെയിൻഡ് അത്‌ലറ്റായി മത്സരങ്ങളിൽ പങ്കെടുത്തു വിജയിക്കാനും ആത്മാത്ഥമായി ആഗ്രഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

ടൈപ്പ് ചെയ്ത അപേക്ഷയിൽ കുട്ടിയുടെ ഫോട്ടോയും, സ്ഥിരം അഡ്രസ്സും, വിദ്യാർത്ഥിയാണെങ്കിൽ സ്ക്കൂളിന്റെ പേരും അഡ്രസ്സും, രക്ഷിതാവിന്റ തൊഴിലും അഡ്രസ്സും കുട്ടിയുടെ ഒപ്പോടുകൂടി രക്ഷിതാവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടതൽ വിവരങ്ങൾക്ക് 9847649567, 9744233997

ചെയർമാൻ (ഒപ്പ്) N. S. I. A. D. A
മാനേജിംഗ് എഡിറ്റർ (ഒപ്പ്) നക്ഷത്രരാജ്യം മാസിക

NB: അപ്ലിക്കേഷൻ പ്രൊഫഷണൽ കൊറിയറിൽ ബുക്ക് ചെയ്ത ശേഷം ഫോണിൽ ബന്ധപ്പെടുക

**Nakshathrarajyam Sports Institution Athlitic Development Academi (NSIADA)**
gov:reg no: 222/2014, office of the nsiada & nakshathra rajyam monthly , post box no: 1205, mankave(p.o),
Kozhikode 673007, Kerala state, India, Mob 9847649567, 9744233997
Email: nakshathrarajyam@gmail.com, (Personal Email) : radhakrishnannsiada@gmail.com



വി.പി. സത്യൻ സോക്കർ സ്കൂളിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് നടത്തിയ സെപ്റ്റ് സോണൽ സോക്കർ ഫെസ്റ്റിൽ ജേതാക്കളായ കോഴിക്കോട് സെന്റർ ടീം




കോഴിക്കോട് ജില്ലാ ഓപ്പൺ ബെഞ്ച് പ്രസ്സ് ചാമ്പ്യൻഷിപ്പിൽ 83.5കി.ഗ്രാം വിഭാഗത്തിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ ഷാജി എഴുത്തുപളളി കാലിക്കറ്റ് ബാർബൽ ക്ലബ്


# പവർലിഫ്റ്റിങ്ങ്



കോഴിക്കോട് ജില്ലാ പവർലിഫ്റ്റിംങ്ങ് ചാമ്പ്യൻഷിപ്പിൽ മാസ്റ്റേഴ്സ് വിഭാഗം
ചാമ്പ്യൻമാരായ കാലിക്കറ്റ് ബാർബെൽ ക്ലബ് ടീം


Calicut barbell Club
ESTD : 1972
Affiliated Kozhikode District Power Lifting & Weight Lifting and Body Building Association
**MULTY GYM**
**P.O. Kuthiravattam**
**Calicut - 16**
**Ph: 9847010735, 9847941277**



മാസ്റ്റേഴ്സ് സ്ട്രോങ്ങ്മാൻ
2014 തിരഞ്ഞെടുക്കപ്പെട്ട
കെ.കെ. ഗണേശൻ
ബാർബെൽക്ലബ്



## ആവശ്യമുണ്ട്

കോഴിക്കോട്ടെ പ്രശസ്തമായതും പരിചയസമ്പരുമായ കൺസ്ട്രഷൻ കമ്പനിയിലെ ഓഫീസിലേക്ക് (Autocad draftman) മാനെയും, സൂപ്പർവൈസറെയും ആവശ്യമുണ്ട്. ഫോണിൽ ബന്ധപ്പെടുക. (കമ്മീഷനില്ല)

**9847649567, 9744233997**

ലേഖനം

# അറിവിന്റെ കുത്തൊഴുക്കും! നഷ്ടപ്പെടുത്തുന്ന തിരിച്ചറിവും



**പി.എസ്.വിശ്വൻ**
(ജനറൽ സെക്രട്ടറി, കെ. ജി. ബി. ജെ. എ. യു. അരീക്കോട്)



ഇന്ന് ഏവരും പറയുന്ന ഒരു വാചകമായിരുന്നു മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത്. എന്താണ് ഈ മൂല്യം കഴിഞ്ഞ കാലത്തിന്റെ ഒസ്യത്താണ്, സംഭാവനയാണ്, അതിലെ നന്മകളാണ് മൂല്യവത്തായത്. ഇതിൽ മതങ്ങൾക്ക്, കാലത്തിന്, ചരിത്രത്തിന്, സമുദായത്തിന്, കീഴ്‌വഴക്കങ്ങൾക്ക്, കലകൾക്ക്, സാഹിത്യത്തിന് അടക്കം പലതിനും അതിന്റേതായ സംഭാവനകൾ ഉണ്ട്. ഇന്ന് ഇത് വളരെ ബോധപൂർവ്വമായ മാറ്റം മറച്ചിലുകൾക്ക് , തകർക്കലുകൾക്ക് ഇരയാവുകയാണ്. ആർക്കുവേണ്ടി ? ആരാണ് ഇതിന്റെ ഉപഭോക്താക്കൾ.

ഇവിടെയാണ് തിറിച്ചറിവ് ഉണരേണ്ടത്. ഇന്ന് അറിവുകൾ കുലം കുത്തി ഒഴുകുകയാണ് അതിനുള്ള സാധ്യതകൾ അനന്തമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു ആർക്ക് വേണ്ടി ! ആര് സൃഷ്ടിച്ചു !

ഇന്ന് ആവശ്യക്കാരനല്ല അന്വേഷിക്കുന്നത് ആവശ്യക്കാരനെഅന്വേഷിക്കുകയാണ്. കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. എന്തുകൊണ്ട് ? കമ്പോള സംസ്ക്കാരത്തിന് അതാണ് ആവശ്യം. ഇന്ന് ആവശ്യക്കാരന്റെ ആവശ്യത്തിനനുസരിച്ചാണോ ? ഉല്പ്പാദനം. ഉൽപ്പന്നത്തിന് ആവശ്യക്കാരനെസൃഷ്ടിക്കകയാണ്. നമുക്കനുസരിച്ചല്ല നാം വാങ്ങുന്നത്. മാർക്കറ്റിന്റെ പ്രേരണക്കനുസരിച്ചാണ് നമ്മളിൽ ആവശ്യങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. അതുവഴി മമ്മുടെ ആവശ്യങ്ങൾക്ക് അതിരില്ലാതായിരിക്കുന്നു. അതിനനുസരിച്ച് നമ്മുടെ കീശ വളർന്നിട്ടില്ല. വളരുകയുമില്ല. ഫലമോ വ്യാമോഹം എന്ന് നാം തിരിച്ചറിയണം. ഈ വ്യാമോഹങ്ങളാണ് മൂല്യങ്ങളെ തകർക്കുന്നത്.

നമ്മെ ഇങ്ങനെ വാങ്ങാൻ പ്രേരിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ എത്ര ശതമാനം നാട്ടിലെ മനുഷ്യർ ഉല്പ്പാദിപ്പിക്കുന്നുണ്ട്? നാട്ടിലെ മനുഷ്യർ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലല്ലെ അവന് തൊഴിൽ ഉണ്ടാവുകയുള്ളു. എങ്കിലല്ലെ ! അവന് കൂലി ഉണ്ടാവുകയുള്ളു. ഇത്തരത്തിൽ ഒരു നയമല്ലെ നാടിനെരക്ഷിക്കുക. ഇന്നത്തെ സ്ഥിതി എന്താണ്. എല്ലാ നിയന്ത്രണങ്ങളും പൊട്ടിച്ച ഇറക്കുമതി ഇതിനെപ്പറ്റി തിരിച്ചറിവോടെ ചിന്തിക്കാറുണ്ടോ ? വിലയിരുത്താറുണ്ടോ ? ഈ ശരികേടുകൾ ചൂണ്ടികാണിച്ചവരെ വികസന വിരോധികൾ എന്ന് മറ്റാരോ നമ്മെകൊണ്ടു വിളിപ്പിച്ചു. നമ്മൾ ഏറ്റുപാടിയിരുന്നത് ശരിയായിരുന്നോ ?

ട്രാക്ടർ വന്നപ്പോൾ എതിർത്തില്ലേ? എന്നാണ് എന്താണ് അന്ന് എതിരു വരാൻ കാര്യമെന്നു നോക്കേണ്ടേ? അന്ന് ആ രംഗത്തെ നഷ്ടപ്പെടുന്ന വളരെ പേരുടെ അന്നത്തെ തൊഴിലും ജീവിത നിലനിൽപ്പുമായിരുന്നു പ്രസ്നം.കണ്ണുണ്ടെങ്കിൽ അതു കാണേണ്ടതില്ലേ? ഒരു സംഗതി പുതിയതായി വരുമ്പോൾ അത് ഏതായാലും കൂടുതൽ ജനോപകാരപ്രദമായാലല്ലേ എതിർപ്പുകൾ കുറയൂ. പുതിയതിനെ- നൂതനമായതിനെ എതിർക്കാൻ പാടില്ല എന്ന താണെങ്കിൽ യന്ത്രതറിയിൽ നെയ്ത വിദേശ വസ്ത്രം നൂതനമായിരുന്നു. അത് ഒഴിവാക്കി പരിഷ്കൃതമല്ലാത്ത ചർക്കയിൽ നെയ്ത തുണി ഉപയോഗിക്കാൻ ബാപ്പുജി നിർദ്ദേശിച്ചപ്പോൾ നാം

എതിർക്കേണ്ടതല്ലായിരുന്നോ? ചർക്കയോ യന്ത്രതറിയോ നൂതനം?

കംപ്യൂട്ടർ വന്നപ്പോൾ എതിർത്തില്ലേ എന്നതാണ് അടുത്ത ചോദ്യം? ഇത് വികസനവിരുദ്ധം എന്ന് പാടി. എന്താണ് അതിലെ കാര്യം. കംപ്യൂട്ടറിനെയാണോ എതിർത്തത്. അല്ല ഇന്ത്യപോലൊരു രാജ്യത്ത് ഇഷ്ടംപോലെ മനുഷ്യാദ്ധ്വാനശേഷി കിട്ടാനുള്ള രാജ്യത്ത് കണ്ണടച്ചതുമായ യന്ത്രവൽക്കരണത്തെ എതിർക്കേണ്ടതുണ്ട്. അത് ശരിയായിരുന്നുവെന്ന് പിന്നീടുള്ള ഓരോസംഭവങ്ങളും തെളിയിക്കുകയല്ലേ? പുതിയ തൊഴിലവസരങ്ങൾ ആവശ്യത്തിന് ഉണ്ടാകുന്നുമില്ല നിലവിലുള്ള തൊഴിലവസരങ്ങൾ വെട്ടിക്കുറക്കുകയും ചെയ്യുന്നു. ജനങ്ങൾ തൊഴിലിനായി ദാഹിക്കുന്ന സ്ഥിതി. ഇന്ന് ചില ട്രേഡ്‌യൂണിയൻ പ്രസ്ഥാനങ്ങൾ അന്നത്തെ എതിർപ്പിനെപിൻതുണക്കാതിരുന്നത് ജനവിരുദ്ധവും, തൊഴിലാളി വിരുദ്ധവും തെറ്റുമായിരുന്നുവെന്നും തിരിച്ചറിഞ്ഞ് അന്ന് എതിർത്ത് നിന്ന പ്രസ്ഥാനങ്ങളോടൊപ്പം അണിചേരുന്നതു കാണേണ്ടതില്ലേ?

പുതിയ കാര്യങ്ങൾ വരുമ്പോൾ ആലോചിക്കാതെ കണ്ണും പൂട്ടി പിൻതുണക്കണം എന്നു പറയുന്നവർ കാണേണ്ട ഒരു സംഗതിയുണ്ട്. ഇറക്കുമതി നിയന്ത്രണങ്ങൾ നീക്കി എല്ലാത്തിനും കടന്നുവരുവാൻ അവസരമൊരുക്കി അന്ന് എതിർപ്പുമായി വന്നവരെ പത്രമാധ്യമങ്ങൾ കണക്കറ്റു പരിഹസിച്ചു. എന്നാൽ വിദേശ പത്രങ്ങൾ കടന്നു വരുമെന്ന് വന്നപ്പോൾ ട്രാക്ടറിനെഎതിർത്ത, കംപ്യൂട്ടറിനെഎതിർത്ത, തൊഴിലാളി പ്രസ്ഥാനങ്ങളിലെ തൊഴിലാളികളെയും നേതൃത്വത്തേയും കളിയാക്കിയ പത്രങ്ങളുടെ നിലപാട് അർദ്ധപട്ടിണിക്കാരായ പാവം കർഷകത്തൊഴിലാളികളെപ്പോലെത്തന്നെയായിരുന്നു എന്നത് കാണാതിരിക്കാൻ കണ്ണുള്ളവർക്കാവുമോ? അന്ന് ഈ പാവത്തെട്ട തൊഴിലാളികൾ ഈപത്രങ്ങൾക്കൊപ്പമായിരുന്നുവെന്നത് ഏതു മനുഷ്യനേയാണ് ഏതു തൊഴിലാളിയെയാണ് ആവേശപ്പെടുത്താത്തത്.

അതാണ് ഉയർന്ന വർഗ്ഗബോധം അതാണ് ഉയർന്ന ദേശസ്നേഹം. പണ്ട് കളിയാക്കിയ പത്രങ്ങള്ലേ എന്ന് ഈ തൊഴിലാളി കണ്ടതില്ല. ഭ്രാന്ത് അവനവന്റെ അമ്മക്ക് വരുമ്പോൾ മാത്രം വേദനിച്ചാൽ മതിയോ? പോര!

എതിർക്കുന്നത് വികസനവിരുദ്ധമെങ്കിൽ വികസനവിരുദ്ധർ ആരാണ്? കേരളം എന്ന സംസ്ഥാനം വികസിതരാഷ്ട്രങ്ങൾക്ക് ഒപ്പം പല കാര്യങ്ങളിലും എത്തി നിൽക്കുന്നു എന്തുകൊണ്ട് ? ഇവിടെ 1957ലെ ഭൂപരിഷ്ക്കരണത്തെ വിദ്യാഭ്യാസ പരിഷ്ക്കരണ നടപടികളെ ഇക്കാര്യത്തിൽ മാറ്റി നിർത്താനാവുമോ? അന്ന് അതിനെഎതിർത്തവരുടെ പിൻതലമുറക്കാർ തങ്ങൾ വികസനവിരുദ്ധരാണെന്ന് സമ്മതിക്കുമോ? കേരളത്തിലെ കർഷകത്തൊഴിലാളികളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും നെഞ്ചിലേറ്റി നടപ്പിലാക്കാൻ ശ്രമിച്ച ഈ പരിഷ്ക്കരണ നടപടികളെ വിമോചനസമരം എന്ന ജനാധിപത്യ വിരുദ്ധസമരം നടത്തി ഈ നാടിന്റെ വികസനത്തെ മുരടിപ്പിക്കുകയായിരുന്നില്ലേ ? ഇക്കാര്യങ്ങൾ തിരിച്ചറിയാതിരിക്കാൻ കണ്ണുള്ളവർക്കാവുമോ?

ആടിനെപട്ടിയാക്കേണ്ട പട്ടിയെ പേപ്പട്ടിയുമാക്കേണ്ട- തല്ലികൊല്ലാൻ സാധിച്ചെന്നുവരില്ല. പേപ്പട്ടി തലയും വാലുമില്ലാതെ കടിച്ചെന്നുവരും. എവരി ഡോഗ് ഹാസ് എ ഡേ.

ഈ അടുത്തുനടന്ന സാമ്പത്തികമാന്ദ്യകാലത്ത് അമേരിക്ക അടക്കമുള്ള സമ്പന്ന രാജ്യങ്ങൾ ആടി ഉലഞ്ഞപ്പോൾ ഇന്ത്യ പിടിച്ചു നിന്നു. അന്ന് ആദർശധീരനായ നേതാവ് ബാങ്ക് ദേശവൽക്കരണത്തിന്റെ ശക്തിയെ സംബന്ധിച്ച് വാചാനായി. എന്നാൽ അദ്ദേഹത്തിന്റെ അടക്കം നേതൃത്വത്തിൽ 1990 മുതൽ ആ ദേശസാൽക്കരണത്തിന്റെ കടക്കൽ കത്തി വെച്ച് പൊതുമേഖല ബാങ്കുകളെ തകർക്കാനുള്ള തീവ്രശ്രമമായിരുന്നു. അന്ന് അതിനെ എതിർത്തതും ഇന്ന് അദ്ദേഹത്തിന് ഊറ്റം കൊള്ളുവാനും കഴിഞ്ഞത് ആരുടെ എതിർപ്പിന്റെ കുന്തമുനയുണ്ടായിരുന്നതു കൊണ്ടാണ് ഇടതു പക്ഷ പ്രസ്ഥാനങ്ങളുടെ അപ്പോൾ എതിർപ്പിനും ചരിത്രത്തിൽ അതിന്റേതായ സ്ഥാനം ഉണ്ടെന്ന് മനസ്സിലാക്കേണ്ടതില്ലേ?

ശക്തമായ ഇന്ത്യൻ പൊതുമേഖല ഇന്നും നാടിന്റെ നെടും തൂണായി നിൽക്കുമ്പോൾ അഭിമാനപൂർവ്വം പറയാനാകും തടസ്സപ്പെടുത്തേണ്ടിടത്ത് തടസ്സപ്പെടുത്തുക തന്നെ വേണം എന്ന്. ദൃഷ്ടികൾ ദീർഘമുള്ളതാവണം ദർശനം ക്രാന്തികമാകണം. അതായിരിക്കണം രാഷ്ട്ര മീമാംസ.

അപകടം ഒഴിവായിട്ടുണ്ടോ? പുത്തൻ ഭരണാധികാരികൾ നീങ്ങുന്നതു കാണുമ്പോൾ, മാനിഷാദ എന്നു പറയാതെ വയ്യ. തടസ്സം കരുത്തുറ്റതാക്കണം എന്നു തന്നെയാണ് കാണുന്നത്. കാരണം പഴവരുടേതിനെക്കാൾ ഇവരു ടെ വാൽ കൂടുതൽ അമ്മിയുടെ അടിയിൽ തന്നെയാണ്. ഈ തിരിച്ചറിവിലൂടെയെ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന അറിവിന്റെ കുത്തൊഴുക്കിൽ നിന്നും തിരിച്ചറിവിനെരക്ഷിക്കാനാവൂ. നാടിനെയും നമ്മളേയും രക്ഷിക്കാനാവൂ.

■

**പാവന സ്മരണയ്ക്ക്**

**28-11-2004**

**10-ാംചരമ വാർഷികം**



ചോയി മഠത്തിൽ മാളുക്കുട്ടി
W/o ചോയി മഠത്തിൽ അപ്പു

## GLAMOUR GENTS WEAR

Naluparambil Complex, Mankave, Calicut - 7

9847756569

*Pants, Jeans, Shirt, T-Shirts etc....*

## India's No - 1 AKSHAYA WATER PROOFING

29/851, Kottoli, Mavoor Road,Kozhikode - 673016

*Mob : P.P. Pradeep - 9447312616, 9037940457*

*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.

Ph:0495 4025101, 3042762 Mob: 9387338100

## വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ

ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്

ഫോൺ : പപ്പൻ - 9400741434

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

## ടി.പി. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,
കോഴിക്കോട്

മനോജ് 9847915793

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala

Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130

WHOLE SALE DEALER OF ANCHOR PLYWOOD

Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## MANAMKULAM TIMBERS

Chalappuram P.O., Calicut-673 002, Kerala

Whole sale and Retail dealer of All types of Timber logs & sizes, Nilotika sizes available

Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

## HASBI TOURS & TRAVELS




*Meenchanda, Areekkad, Calicut - 27*
*Mob: Sahir - 9895999100*
*9895350141*

## YES KEY ELECTRICALS & ENGINEERING WORKS



*Puthiyapalam, Calicut*

Repair of: Motor Rewinding,
Welding Set, Step-Up, Battery Charges,
Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും
റിപ്പയർ ചെയ്ത്കൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക്
കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525

കഥ

# ജൈത്രയാത്ര





റമീഷ ബക്കർ
പുതിയങ്ങാടി

കാലം തുറുത്തു വിട്ട മുറിപ്പാടുകളുടെ വ്യണങ്ങൾ തിളക്കം നശിപ്പിച്ച ആ കണ്ണുകളെ പരിശ്രമിപ്പിച്ച് അവളാ തെരുവിലേക്കു നോക്കി നിന്നു......

ഇളകിമറിയുന്ന തന്റെ മനസ്സിന്റെ താളവട്ടങ്ങൾ താലോലിക്കുകയായിരുന്നു അവളപ്പോൾ .....

രാഖീ....... നീ അവിടെ എന്തെടുക്കുയാ.....കുട്ടി കിടന്നു അലമുറയിടുന്നത് കേട്ടില്ലേ...

ഭർത്താവിന്റെ രോഷവാക്കുകൾക്കിടയിലൂടെ നിറുത്താതെയുള്ള കുഞ്ഞിന്റെ അതിശബ്ദത്തിലുള്ള കരച്ചിൽ അകത്തുനിന്നും അവൾ കേട്ടു.

പരിസരം ഓർമ്മവന്ന അവൾ മനസ്സിലെന്തൊക്കെയോ പഴിച്ച് പഴിച്ച് ജനവാതിലിനരുകിൽ നിന്നും കട്ടിലിനടുത്തേക്കു നീങ്ങി....

ഷർട്ടിന്റെ കുടുക്കിട്ട് ധൃതിയിൽ പുറത്തേക്കിറങ്ങുന്ന മോഹനേട്ടനെയാണ് കാണുന്നത്. രാഖി വേഗത്തിൽ അയാൾക്കൊപ്പം നടന്നു ചെന്നു കൊണ്ടു പറഞ്ഞു ....

'അതേയ്..... രാത്രിയിലേക്കുള്ള ചപ്പാത്തിമാവ് തീർന്നു. കുഞ്ഞിന്റെ ബേബി ഫുഡും വാങ്ങിച്ചേക്കണേ.....'

മറുപടി ഒരു മൂളിച്ചയിൽ ഒതുക്കി ഇറങ്ങിപ്പോയ അയാളെ ശ്രദ്ധിക്കാതെ അകത്തേക്കുനടന്നു കുഞ്ഞിനെതോളിലിട്ട് താരാട്ടു പാടികൊണ്ട് അവൾ വീടിനു പിറകുവശത്തെ സ്വൈരകാറ്റിലേക്ക് നീങ്ങി.

ഹാവൂ.....ഇനി രാത്രി ഒൻപതു മണിവരെ തനിക്ക് സ്വയംസ്വൈരസംവാദം. ഉറങ്ങിപ്പോയ കുഞ്ഞിനെകട്ടിലിൽ കിടത്തി തിരിഞ്ഞു നടന്നു കൊണ്ട് തന്റെ പതിവു ചിരിയിലും, ഏകാന്ത സംസാരത്തിലും മനസ്സിന്റെ കോണുകളിൽ ഒളിപ്പിച്ചുവെച്ച കാമുകന്മാരുടെ മഞ്ഞുസ്പർശനലിസ്റ്റിൽ വെറുതെ തെന്നിനടന്നു

ഇല്ല. ഇന്ന് ഒന്നിലും തനിക്ക് രക്ഷയില്ല. കുതിച്ചു ചാടുന്ന മനസ്സിൽ എല്ലാം എല്ലാം ഈയാംപാറ്റകൾ.

സൂര്യൻ കടലിലേക്ക് ഇറങ്ങാനുള്ള ഒരുക്കത്തിലാണ്.... എന്നിരുന്നാലും സായാഹ്നത്തിന്റെ മട്ടും മാതിരിയും ഞാനിനിയും കുറേ നേരം കൂടി എന്നാണ്....

ഇന്നാണെങ്കിൽ മന്ദമാരുതന് കുറച്ചൊക്കെ മടിയുണ്ട്.

വീടിന്റെ തെക്കേ അറ്റത്തെ ആ വാടകവീട്ടിലെ എഴുത്തുകാരൻ മനസ്സിൽ ആരാധനമൂർത്തിയായി നുരഞ്ഞു പൊങ്ങി! മനസ്സിനെകുതിപ്പിക്കുന്ന ആ പൗരുഷത്തിനു മുന്നിൽ താനൊന്നുകൂടി.......

'ഞാൻ മുരളി. വാടകക്കാണേലും കയറിയിരിക്കാൻ നേരത്ത് അയൽക്കാരുമായി ഒരു കൂടികാഴ്ച വേണമെന്നുതോന്നി.' അകത്തേക്ക് കണ്ണുകൾ പായിച്ചു കൊണ്ട് അയാൾ പറഞ്ഞു...' ഇവിടെ ഒറ്റയ്ക്കാണോ? അതോ....'

'ഹസ്ബന്റുണ്ട് . പുറത്തു പോയിരിക്കയാ. ഇപ്പോ ഞാനും കുഞ്ഞും മത്രം'

ആളെ എവിടെയൊക്കെയോ കണ്ടിട്ടുണ്ടെന്ന് തോന്നി. മനുഷ്യ വർഗമല്ലെ എവിടന്നെങ്കിലും കണ്ടുകാണും.
ഒരുപക്ഷേ ഇതുപോലെ വേറാരെങ്കിലും...

സംശയം മറച്ചുവെച്ചില്ല.

'കാണാൽ വഴിയുണ്ട്. മുരളിദാസ്. താരാഭായ് അതെന്റെ തൂലികനാമമാണ്'

കണ്ണിമവെയ്ക്കാതെ നോക്കിനിന്നുപോയി. മനുഷ്യബന്ധത്തിലെ എല്ലാതലത്തിലും....

നോവിന്റെ കനലിലും,

(ശേഷം പേജ് 37ൽ)

# ചാരുലത കാത്തിരിക്കുന്നു



ബി.കെ. ഇബ്രാഹിം
മൂർക്കനാട്

ഏകാന്തതയായിരുന്നു അവളുടെ കൂട്ടുകാരി. അവൾ അമ്മയെ തിരിച്ചറിഞ്ഞിരുന്നില്ല. ഇരുട്ട്കൊണ്ട് പൊതിഞ്ഞ ഒരു നിഴലായിരുന്നു അവൾക്ക് അമ്മ. അവൾ അവളെ തിരിച്ചറിഞ്ഞിരുന്നില്ല. മനസ്സിന്റെ ആഴങ്ങളിൽ ഉറുണ്ടുകൂടിയ കൂരിരുട്ടിൽ അവൾ അവളെ തിരയുകയായിരുന്നു.

മനസ്സിന്റെ സമനില തെറ്റിയപ്പോഴാണ് ചാരുലത മാനസീകാരോഗ്യ കേന്ദ്രത്തിൽ അന്തേവാസിയായത്. അർത്ഥമറിയാതെ അവൾ പാടി. ചിരിച്ചു. കരഞ്ഞു. സന്തോഷം വരുമ്പോഴും, സങ്കടം വരുമ്പോഴും ഒരേപാട്ടായിരുന്നു അവൾ പാടിയത്. മറ്റു പാട്ടിന്റെ ഈരടികളൊന്നും അവൾക്ക് വശമില്ലായിരുന്നു.

'കണ്ണുതുറക്കാത്ത ദൈവങ്ങളെ
കരയാനറിയാത്ത
ചിരിക്കാനറിയാത്ത
കളിമൺ പ്രതിമകളേ...'

ഇതായിരുന്നു അവൾക്ക് ഇഷ്ടപ്പെട്ട പാട്ട്.

കാലചക്രം കറങ്ങി വിശ്രമിച്ചപ്പോൾ ചാരുലത വീണ്ടും ചാരുലതയായി. അവൾ വാചാലയായി. അമ്മയുടെ പേറു പറഞ്ഞു. 'ഭവാനിയമ്മ' അച്ഛന്റെ പേര് പറഞ്ഞു 'നാരായണൻ നായർ' അങ്ങിനെ അവൾ വീട്ടിലെ ഓരോരു ആരുടേയും പേര് പറഞ്ഞു. ഏകാന്തതയെ അവൾ പടിയിറക്കിവിട്ടു.

അവൾക്ക് മാനസിക രോഗം മാറുകയായിരുന്നു. അവൾ അവളെ അറിയുകയായിരുന്നു. അവൾ അവളെ കണ്ടെത്തി. അവൾ അവളുടെ പേര് മനസ്സെന്ന കടലാസ്സിൽ കോറിയിട്ടു.

കിളിമംഗലം തറവാടിലെ ഭവാനിയമ്മ അവളെ കാണാൻ വരുമെന്ന് അവൾ കരുതി. അവളുടെ അടക്കാനാവാത്ത മോഹം സഫലമായില്ല. എങ്കിലും അവൾ പ്രതീക്ഷിച്ചു അവരെല്ലാം തന്നെ കൂട്ടികൊണ്ടു പോകാൻ വരുമെന്ന്.

അവൾ അക്ഷരങ്ങളെ സ്നേഹിക്കാൻ തുടങ്ങി. പുസ്തകങ്ങൾ അവളുടെ കൂട്ടുകാരായി മാറി. വായന അവളുടെ ഹോബിയായി. അവൾ അക്ഷരങ്ങൾകൊണ്ട് ജീവിതം സമ്പുഷ്ടമാക്കാൻ കൊതിച്ചു. ചിറകുകൾ വിടർത്തി ഒരു പക്ഷിയായി ആകാശത്തിന്റെ വിരിമാറിലൂടെ പറന്നുയരാൻ കൊതിച്ചു.കുട്ടിക്കാലം അവളുടെ സ്മൃതിമണ്ഡലത്തിൽ തെളിഞ്ഞു. ഇതെല്ലാം കവിതാക്ഷരങ്ങളാകുകയായിരുന്നു. അതെ അവളൊരു കൊച്ചു കവയിത്രിയാകുകയായിരുന്നു.

ഒരു ദിവസം അവൾ തന്റെ കൂട്ടുകാരി സുമിത്രയോട് ചോദിച്ചു.

സുമിത്രക്ക് അച്ഛനുണ്ടോ?...

'ഇല്ല'

അമ്മയുണ്ടോ?...

'ഇല്ല'

സഹോദരനുണ്ടോ?...



ഇല്ല.

ഇത് കേട്ടവൾക്ക് സങ്കടം തോന്നി. കൂട്ടുകാരിയെ സാന്ത്വനപ്പെടുത്താനായി അവൾ പറഞ്ഞു.

സുമിത്രേ നീ എത്ര ഭാഗ്യവതിയാണ്. നിനക്ക് ആരേയും കാത്തിരിക്കണ്ട. ആരേയും പ്രതീക്ഷിക്കുകയും വേണ്ട. എല്ലാവരും ഉണ്ടായിട്ടും ആരുമില്ലാത്തതു പോലെ ഞാനും നീയും ഒരു പോലെ അനാഥരാണല്ലോ?.....

അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ നിശ്ശബ്ദയായി കരഞ്ഞു. ഗൃഹാതുരത്തമോർമ്മകൾ ഓർക്കാതിരിക്കാൻ പലപ്പോഴും ശ്രമിച്ചതാണ്. ഓർമ്മകളെ നിർബന്ധിച്ച് പടിയിറക്കിവിട്ടതാണ്. പക്ഷേ വീണ്ടും വളരെ ശക്തിയോടെ തിരിച്ചു വരുന്നു. അതെന്റെ മനസ്സിനെഭൂതകാലത്തിന്റെ പടികളിലേക്ക് കൊണ്ടു പോകുന്നു.

അമ്മ എത്ര വാത്സല്യത്തോടെയാണ് എന്നെ വളർത്തിയത്. മുടി ചീകി ഒതുക്കി തരുന്നതും, മുടിയിൽ പൂ ചൂടിച്ചതും, പാവാട ഉടുപ്പിച്ചതും, സ്നേഹപൂർവ്വം കവിളിൽ ഉമ്മവെച്ചതുമെല്ലാം ഓർത്തെടുക്കാൻ മനസ്സ് സജ്ജമായതിനാലാണിന്ന് അവൾക്ക് വിഷമം. ഒന്നും ഓർക്കാതെ, ഒന്നും അറിയാതെ ഈ മുറിക്കുള്ളിൽ ഒരു തടവുകാരിയെപ്പോലെ കഴിഞ്ഞിരുന്ന കാലം വീണ്ടും തിരിച്ചുവന്നിരുന്നെങ്കിലെന്നാവളാശിച്ചു. ഈ കാര്യം ഡോക്ടറോടു പറഞ്ഞപ്പോൾ

ഡോക്ടർ പറഞ്ഞു.

'എല്ലാം ശരിയാകും ചാരുലതേ.......'

അതെ എല്ലാം ശരിയാകും......

രോഗം മാറിയിട്ടും വിശ്വാസമാകാത്ത കുടുംബം. കുടുംബത്തോട് അവൾക്ക് പുച്ഛം തോന്നി.

എല്ലാം ശരിയാകുമെന്ന ഡോക്ടറുടെ വാക്കുകൾ ഒരുനിധി കണക്കെ അവൾ മനസ്സിൽ സൂക്ഷിച്ചു.

അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ ഇവരെല്ലാം കൂട്ടമായി വന്നു തന്നെ വീട്ടിലേക്ക് കൂട്ടികൊണ്ടപോകുമെന്ന് ഇപ്പോഴും അവൾ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. പുറത്ത് കാലൊച്ചകൾക്ക് കാതോർത്ത്, മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ......... ■

---

**ജൈത്രയാത്ര** (പേജ് 35 ബാക്കി)

സൗഭാഗ്യത്തിന്റെ അലസതയിലും, ആഗ്രഹത്തിന്റെ അനന്തതയിലും, വിഷയത്തിന്റെ വിരക്തിയിലും എല്ലാം എല്ലാം തേൻ നനവ് പടർത്തിയ ആൾ. അല്ലെങ്കിൽ ചുട്ടുപൊള്ളുന്ന ബോംബ് വെച്ച ആൾ.

വിമർശിക്കാം. പ്രചോദനം ഉൾകൊള്ളാം. രണ്ടും ഇദ്ദേഹത്തിന്റെ പ്രത്യേകതയാണ്. രണ്ടും ഒരേസമയം......

തന്റെ ബാല്യങ്ങളിൽ സ്ക്കൂൾ ലൈബ്രറിയിൽ നിന്നെടുത്തു വന്ന് ആക്രാന്തത്തിൽ മൂന്നു നാലു തവണ ഒരേ ആവർത്തി വായിച്ച ഒരുപാടു കഥകൾ.

തന്റെ ജീവിതത്തിന്റെ ഓരോ പടവുകൾക്കൊപ്പവും തന്റെ വായനായാമത്തിൽ മാറോടുചേർത്ത കഥാസാരങ്ങൾ.

അടക്കാനാകാത്ത സന്തോഷത്തോടെ വാക്കുകൾ മനസ്സിൽ നിന്നും പുറത്തേക്ക് തികട്ടി വന്നു.

'സാർ, ഞാൻ സാറിന്റെ ആരാധിക. മനസ്സിലാകാത്തതിൽ ക്ഷമിക്കണം'.

ഈ വിഷാദ മുഖം, ഇറക്കിയ മുടി, വ്യാകുലത തോന്നിക്കുന്ന അലസത ഭാവം.....എന്നെ അപരിചിതയാക്കി.

സന്തോഷ സൽക്കാരത്തിനിടയിൽ താൻ ജീവിത വൈകേതങ്ങൾക്കിടയിൽ നിന്നുലയുമ്പോൾ അറിയാതെ എഴുതിപ്പോകുന്ന തന്റെ പൊട്ടകവിതകളും കഥകളും അയാളെ കാണിച്ചു. അതൊക്കെ കണ്ണോടിക്കുന്നതു കണ്ടു. ചിലതൊക്കെ വായിച്ചിരിക്കാം കുറച്ചൊക്കെ സമയമെടുത്തില്ലേ.

തന്റെ തൂലിക തിരിച്ചു ടേബിളിൽ വെച്ചു എന്നെ ആപാദചൂഢം നോക്കി.

താൻ തന്റെ സ്വൈരവിഹാര കേന്ദ്രങ്ങളും തന്റെ മനസ്സിലെ പോരായ്മകളും ഇടയ്ക്കൊക്കെ ചോർന്നൊലിച്ചവയും അയാളോട് വിശദീകരിച്ചു.

തന്റെ മനസ്സിലെ സ്വപ്നങ്ങൾക്കതീതമായി കഥകളെഴുതുന്ന ആ മനുഷ്യനോട് തന്റെ ആരാധനാ മോഹനോട് തന്റെ പ്രധാനകേന്ദ്രമായ ഈ പറങ്കിമാവിൻ ചോട്ടിൽ ഇരുന്ന് തന്റെ നിറുത്താതെയുള്ള ഇളക്കസംസാരം ശ്രദ്ധിച്ചുകൊണ്ട് എന്നെ തന്നിലേക്കടുപ്പിച്ചു അയാൾ നെറ്റിയിൽ ഗാഢമായി ചുംബിച്ചുകൊണ്ട് പറഞ്ഞു.

നീ ഒരു കുഞ്ഞിന്റെ മാതൃത്വം സൂക്ഷിക്കുന്ന അമ്മയല്ല, ഭർത്താവിന്റെ അനുസരണയുള്ള ഭാര്യയല്ല. ഇന്നും പാതി വിടർന്നു വരുന്ന ആമ്പൽ പൂവാണ്. തന്റെ തൂലികകൾക്കുള്ളിലെ ആന്തർയാമങ്ങളിൽ ഒളിച്ചിരിക്കുന്ന എന്റെ മാനസിക സമീപനങ്ങൾതൊട്ടുണർത്തുന്ന പൊട്ടിപ്പെണ്ണ്.

തനിക്കൊന്നു ചലിക്കാൻപോലുമായില്ല. എന്തൊക്കെയോ സഫലമായതുപോലെ......

സർവ്വതും നേടിയെടുത്തപോലെ താനാ നെഞ്ചിൽ അമർന്നു.

അതാ തെക്കു ഭാഗത്തു ഒരു നിഴലാട്ടം. തന്റെ മനസ്സിന്റെ തിര..

അവളുടെ കാലുകൾ അങ്ങോട്ടേക്കു ചലിക്കുന്ന വേളയിൽ വീണ്ടും അകത്തു നിന്ന് കുഞ്ഞു അലമുറയിടുന്ന ശബ്ദം

പാതി വഴിയിൽവെച്ച് അവൾ അകത്തേക്ക് ധൃതിയിൽ നടന്നു. ഉത്സാഹത്തോടെ കുഞ്ഞിനെ ഉറക്കാൻ തുടങ്ങി. ധൃതിപ്പെട്ട് ക്ലോക്കിൽ നോക്കി . ഹോ ... ഇനിയും മൂന്നു മണിക്കൂർ..

തന്റെ ജീവിത ചലനങ്ങൾക്ക് ചൈതന്യം പകരാൻ വീണ്ടും ഇതാ ഒരു സ്വപ്നംകൂടി

വിവാഹജീവിതം നയിക്കുന്ന സ്ത്രീയുടെ ജൈത്രയാത്ര വീണ്ടും അവളിലൂടെ. ■


ബാൽജീസ്

കാർപെന്റർ ടൂൾസ് ഷാർപ്പിങ്ങ് സെന്റർ
പഴയ പാലത്തിന് സമീപം
മാങ്കാവ്, കോഴിക്കോട് – 7
ഫോൺ: കെ.സി. ബാലൻ 9142216332



ഗ്രിൽസ്, റൂം, ഗേറ്റ്, ഷട്ടർ തുടങ്ങിയ ഇൻഡസ്ട്രിയൽ വർക്കുകൾക്ക് ഇവിടെ അന്വേഷിക്കുക.

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





**അർപണ സെന്റർ, കോവൂർ, കോഴിക്കോട്, ഫോൺ: 0495 2353022**

**സി.എം. സുന്ദരൻ – 9388412430**



ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്

സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

DUST FREE PAINTING BOOTH

# Mech World



**FOUR WHEELER WORKSHOH**

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH
ACCIDENT REPAIR

**DUST FREE PAINTING BOOTH, ACCIDENT REPAIR**

***Workshop:***

*DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16*

# മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.
പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



***Mob: 9387029919, 9287306802***

**Velliparamba, 5th Mile, Calicut - 8**

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

# ശാരദ



## ഇൻഡസ്ട്രീയൽസ്



**കാളൂർ റോഡ്, മാങ്കാവ്**
**കോഴിക്കോട് – 673 007**
**Mob: 9846412070**

# നഗരം കാലം കാഴ്ചകൾ



രാജേഷ് തിരുവിച്ചിറ



വർഷങ്ങൾക്ക് മുൻപ് ജീവിത നിത്യവൃത്തിക്കുവേണ്ടിയായിരുന്നു അയാൾ തന്റെ ബാല്യവും കൗമാരവും യൗവനവുംമൊക്കെ പങ്കുവെക്കുവാൻ ഒപ്പമുണ്ടായിരുന്ന തന്റെ പ്രിയനഗരം വിട്ട് യാത്രയായത്.

പലപ്പോഴും മനസ്സിൽ ആഗ്രഹിച്ചിരുന്നു എങ്കിലും പിന്നീടൊരിക്കലും അയാൾക്ക് തന്റെ പ്രിയ നഗരത്തിലേക്ക് തിരിച്ചു വന്നു ചേരാനായില്ല. വാർദ്ധക്യം പടികടന്നെത്തും വരെ ഗുജറാത്തിലെ ടയർ ഫാക്ടറിയിൽ അയാളുടെ യൗവനം സൂര്യതേജസ്സോടെ കത്തി ജ്വലിച്ചു. ഈയിടെയായി ഒരാഗ്രഹം, തന്നെത്തേടി ചിത്രഗുപ്തനെത്തുന്നതിനു മുൻപ് ഒരിക്കൽ കൂടി തന്നെ താനാക്കിയ പ്രിയ നഗരത്തിലേക്കൊന്നു തിരിച്ചു പോണം. മാനാഞ്ചിറ മൈതാനിയിലൂടെ നടന്ന് പാർക്ക് റസ്റ്റോറണ്ടിൽ നിന്നും ഒരു കപ്പ് കാപ്പി കുടിച്ച് ടാഗോർപാർക്കിലെ കോൺക്രീറ്റ് ബഞ്ചിൽ- മാനാഞ്ചിറയിലെ ഓളങ്ങളിലേക്ക് കണ്ണും നട്ട് ഇത്തിരിനേരമിരിക്കണം. ആർട്ട് ഗ്യാലറിയുടെ മുൻവശത്തെ പുൽപരപ്പിൽ പണ്ട് ഒത്തുകൂടാറുള്ള സുഹൃത്തുക്കളിൽ ഇന്ന് ആരൊക്കെ ശേഷിക്കുന്നു എന്ന് അന്വേഷിച്ചറിയണം.

റെയിൽവേ സ്റ്റേഷനിൽ തീവണ്ടി ഇറങ്ങി അയാളൊരു ഓട്ടോറിക്ഷപിടിച്ചു. ഓട്ടോറിക്ഷ ഡ്രൈവറിൽനിന്നാണ് ആധുനികതക്ക് നഗരം വഴിമാറികൊടുത്തപ്പോൾ മാനാഞ്ചിറ മൈതാനവും ടാഗോർ പാർക്കുമൊക്കെ കാലം ചെയ്ത വിവരം അയാളറിഞ്ഞത്.

നഗരപാതയിലൂടെ അയാളേയും മടിയിലേറ്റി ഓട്ടോറിക്ഷ കുതിച്ചു പായുമ്പോൾ പിന്തള്ളപ്പെടുന്ന പാതക്കിരുവശത്തേയും ചുമരുകളിലിരുന്ന അയാൾക്കിതുവരേയും പരിചയമില്ലാത്ത ന്യൂജനറേഷൻ കല അയാളെ നോക്കി പുഞ്ചിരിച്ചു. കലയുടേയും കാലത്തിന്റേയും ഇടവേളയിലെ പുത്തൻ ചിരി.

കിഡ്സൺ കോർണറിൽ ഓട്ടോറിക്ഷ ഇറങ്ങിയപ്പോൾ കണ്ടു ഒരു ദേശത്തിന്റെ കഥാകാരനെ, തന്റെ പ്രിയപ്പെട്ട മിഠായി തെരുവിലേക്ക് കണ്ണും നട്ടിരിക്കുന്നു. അൽപം മുൻപ് അവിചെ നടന്ന പ്രതിഷേധ യോഗക്കാർ ഉയർത്തി കെട്ടിയ കൊടി ദേശത്തിന്റെ കഥാകാരന്റെ ഇരു കണ്ണുകളും മറച്ചിരിക്കുന്നു.

ദേശത്തിലേക്കുള്ള കാഴ്ച നിഷേധിക്കപ്പെട്ട ദേശത്തിന്റെ കഥാകാരൻ അപ്പോഴും ആരോടും പരിഭവമില്ലാതെ ഇരുന്നു. പിന്നെ അയാൾ പോയത് മാനാഞ്ചിറ മൈതാനിയിലേക്കായിരുന്നു. സ്പോർട്സ് കൗൺസിൽ ഹാളിന്നരികിലൂടെയുള്ള ഇടുങ്ങിയ വഴിയിലൂടെ മാനാഞ്ചിറ മൈതാനിയുടെ മാറിലേക്ക് നടന്നു കയറുമ്പോൾ അയാൾ മാനാഞ്ചിറയുടെ പുതിയ രൂപഭാവങ്ങൾ ശ്രദ്ധിച്ചിരുന്നില്ല. മാനാഞ്ചിറ മൈതാനിയിൽ അയാളെ സ്വീകരിക്കുവാൻ ആധുനിക പുനർജന്മമേ

കിയ രണ്ടു ദിനോസറുകൾ വാപുളർത്തി നിന്നിരുന്നു. സൂര്യകിരണങ്ങളേറ്റ് അവയുടെ രക്തനിറമാർന്ന വായിലെ കൂർത്ത ദ്രംഷ്ടകൾ വെട്ടി തിളങ്ങി. അയാൾ പിന്നേയും മുന്നോട്ടു നടന്നു ശിഖരങ്ങൾ ദ്രവിച്ചു തുടങ്ങിയെങ്കിലും പാർക്ക് റസ്റ്റോറന്റിനു കുട ചാർത്തി നിന്ന ആ പഴയ സൂര്യകാന്തി വൃക്ഷം അവിടെ തന്നെ ഉണ്ടായിരുന്നു. സ്ഥാനം തെറ്റിയാണെങ്കിലും ടാഗോർ പാർക്കിലെ പഴയ കോൺക്രീറ്റ് ബഞ്ചുകളിൽ ചിലത് അവിടെ കണ്ടപ്പോൾ അയാൾക്ക് അൽപം ആശ്വാസമായി. പുഞ്ചിരിയും കണ്ണുനീരും വറ്റിയ വർത്തമാനകാലത്തിന്റെ കറുത്ത പ്രതീകമെന്നോണം വറ്റി വരണ്ടു നിന്ന കൃത്രിമ തടാകകരയിലൂടെ അയാൾ മുന്നോട്ടുതന്നെ നടന്നു.

അപ്പോഴാണ് അലങ്കാര വൃക്ഷങ്ങൾതീർത്ത ഇരുളിൽ ഒരു പൂർണ്ണകായ പ്രതിമ അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. അരികെ ചെന്നു നോക്കിയപ്പോൾ അലങ്കാര വൃക്ഷങ്ങളുടെ മറവിൽ വെളിച്ചം കാണാനാവാതെ വി. കെ. കൃഷ്ണ മേനോൻ.

വെളിച്ചത്തിലേക്ക് വാപുളത്തി വെളിച്ചത്തെ വിഴുങ്ങാൻ കാലത്തിന്റെ കാവലാളുകളായി ദിനോസോറുകളും നാടിന്റെ വെളിച്ചത്തിനായി പോരാടിയ നാടിന്റെ നായകന് കൂരിരുളും

പിന്നേയും കാഴ്ചകൾ കണ്ട് മുന്നോട്ടു പോവുവാൻ അയാൾക്കായില്ല ഒരാവേശത്തോടെ അയാൾ മുന്നോട്ടു കുതിച്ചു. നാടിന്റെ നായകന്റെ മുഖത്ത് കരിനിഴൽ പടർത്തി വളർന്നു നിന്നിരുന്ന അലങ്കാര വൃക്ഷങ്ങളുടെ തലകൾ അയാൾ ഒന്നൊന്നായി വെട്ടിമാറ്റി. പോക്കുവെയിലിന്റെ പൊൻകിരണങ്ങളേറ്റ് ആ മുഖം വെട്ടി തിളങ്ങുവാൻ തുടങ്ങിയപ്പോൾ അയാൾക്ക് ആശ്വാസമായി. കേരളിയ മാതൃകയിൽ കാഴ്ചക്കാരെ സുഖിപ്പിക്കാൻ വേണ്ടി മാത്രം കെട്ടിയുയർത്തിയ മാനാഞ്ചിറയുടെ പുതിയ കവാടത്തിനുള്ളിലൂടെ പിന്നീടയാൾ പോയത് ദേശത്തിന്റെ കഥാകാരന്നരികിലേക്കായിരുന്നു. അയാൾക്ക് പിറകേ കാഴ്ചകൾ കാണാൻ മാത്രം ആഗ്രഹിക്കുന്ന ഒരു വലിയ ജനക്കൂട്ടവുമുണ്ടായിരുന്നു. ദേശത്തിന്റെ കഥാകാരന്റെ മുഖം മറച്ചു നിന്ന കൊടികളയാൾ അഴിച്ചു മാറ്റി തന്റെ പ്രിയപ്പെട്ട കഥാകാരനു വീണ്ടും ദേശത്തിലേക്കുള്ള കാഴ്ച ഒരുക്കി.

ആരുടേയോ അറിയിപ്പുപ്രകാരം ജനകൂട്ടത്തിന്നിടയിലൂടെ വന്നു ചേർന്ന വെളുത്ത പോലീസ് വാഹനത്തിലേക്ക് നടന്നു കയറുമ്പോൾ അയാഴുടെ ഉള്ളിലെ പഴയ ക്ഷുഭിത യൗവനം തിളക്കുകയായിരുന്നു. കൂടി നിന്നവരിൽ ഒരശരീരി പോലെ അയാൾ കേട്ടു ഒരു ഭ്രാന്തൻ.....

■

## അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

നക്ഷത്രരാജ്യം മാനേജംഗ് എഡിറ്റർക്ക്,
പ്രിയസുഹൃത്തേ

താങ്കളൊരുനല്ല നാടകരചയിതാവും നാടകഗാനരചയിതാവും സംവിധായകനുമാണെന്നുള്ളതിനു അടയാളപ്പെടുത്തി സൽകീർത്തി നേടിയ താങ്കളുടെ അഗ്നിചിറകുള്ളതുമ്പികൾ, പേടമാൻപാടുന്നകാട്, ഭൂമിഗീതം, അമ്പല്ലൂർവാഴിക്കോട്ട, കുബേരവൃത്തം, ഉണർത്ത്പാട്ട് തുടങ്ങിയ എത്രയോ നാടകങ്ങൾ സ്റ്റേജിലും ഡിസ്ക്കുകളിൽകൂടിയും നാടകആസ്വാദകർ കണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണല്ലോ. നാടകങ്ങൾ, നോവൽ-ലേഖനം-കവിത-ചെറുകഥ തുടങ്ങിയ സാഹിത്യങ്ങളുടെ രചനയും, സിനിമാവ്യവസായ രംഗത്തേക്കു തിരകഥ രചയിതാവായും-ഗാനരചയിതാവായും, സംവിധായകനായും കടന്നു ചെല്ലാനുള്ള അവസരവും മാത്രം തൊഴിലായി സിനിമാരംഗത്തുനിന്നുള്ള വരുമാനം പ്രതീക്ഷിച്ച് ജീവിക്കു ന്ന താങ്കളെപോലുള്ള പ്രൊഫഷണലുകൾക്ക് മാത്രമായി ഒരു കലാപ്രവർത്തനസംഘ ടനയ്ക്ക് രൂപം നൽകാൻ ഇതേരംഗത്തുനിന്ന് ജീവിതവരുമാനം പ്രതീക്ഷിച്ചു കലാരംഗം മാത്രം പ്രൊഫഷനായി തെരഞ്ഞടുത്തു പ്രവർത്തിക്കുന്ന കലാരംഗത്തെ എന്നെപ്പോലുള്ള ധാരാളം പേർ താങ്കളുമായി കൂട്ടു ചേർന്നു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുണ്ട്. സംഘാടക രംഗത്തു താങ്കളുടെ മികവ് ഒറ്റയാൻ പ്രവർത്തനത്തിൽ കൂടി താങ്കളവതരിപ്പിച്ച നാടകങ്ങളിലും നക്ഷത്രരാജ്യം മാസിക പ്രസിദ്ധികരണത്തിൽ കൂടിയും ഞങ്ങൾ മനസ്സിലാക്കിയതാണല്ലോ.

ഗവർമ്മേണ്ട് സർവ്വീസിലെ പെൻഷനേഴ്സും വിവിധതൊഴിൽ മേഖലയിലെ ക്ഷേമനിധിബോർഡുകളിൽ അംഗങ്ങളും ഏതെങ്കിലും ക്ലബ്ബുകളുടേയും മറ്റും വാർഷികപരിപാടികൾക്ക് വർഷത്തിൽ ഒരിക്കൽ സ്റ്റേജിൽ നാടകങ്ങൾ അതരിപ്പിക്കുന്നവരെന്നും അധികാരികൾ ഇകഴ്ത്തിയും പരിഹസിച്ചും പറയുകയും പ്രചരിപ്പിക്കുകയും ചെയ്യു ന്ന മറ്റേതെങ്കിലുമൊരു സംഘടനയിൽ നിന്നാൽ നമ്മെപ്പോലെ ഈ രംഗത്തു നിന്നു മാത്രം പ്രതിഫലവും 60 വയസ്സിനു ശേഷം ലഭിക്കുന്ന ക്ഷേമപെൻഷനും പ്രതീക്ഷിച്ചു പ്രവർത്തിക്കുന്നവർക്ക് തുച്ഛമായ ക്ഷേമപെൻഷനല്ലേ ലഭി ക്കുകയുള്ളു. ഗവമ്മേണ്ട് സൂചിപ്പിക്കുന്ന ഇത്തരക്കാർക്ക് മറ്റേതെങ്കിലും മേഖലയിൽനിന്നുള്ള ഗവമ്മേണ്ട് പെൻഷനോ മറ്റേതെങ്കിലും സാമ്പത്തിക വരുമാനമോ ഉള്ളവരായതിനാൽ പ്രൊഫഷനായി ഗാനരചനയും, സംവിധാനവും, സ്ക്രിപ്റ്റ് -ചെറുകഥ-നോവൽ-ലേഖനം- കവിത രചയിതാക്കളായി തൊഴിൽ ചെയ്യുന്നവർക്കും മാത്രം വേണ്ടി ഒരു സംഘടനഅത്യന്താപേക്ഷിതമല്ലേ? ഇത്തരം ഒരു സംഘടനജീവിതത്തിൽ ഗുണം ചെയ്യുകയില്ലേ ഗാനരചനയും, സംവിധാനവും, സ്ക്രിപ്റ്റ് -ചെറുകഥ- നോവൽ- ലേഖനം-കവിത എഴുത്തുമാത്രം വരുമാനമായുള്ളവർക്ക്. ഞങ്ങളെപ്പോലുള്ളവരുടെ നിത്യജീവിതത്തിൽ കലാസാഹിത്യ രംഗത്തുനിന്നുള്ള സാമ്പത്തിക ദാരിദ്ര്യാവസ്ഥക്ക് പരിഹാരം കാണാൻ സാധിക്കുമെങ്കിൽ ഇപ്പോൾ അംഗങ്ങളായുള്ള അവരവരുടെ സംഘടനകളിൽ നിന്ന് പിന്മാറാതെ പുതുതായി രൂപപ്പെടുന്ന സംഘടനയിൽ അംഗങ്ങളായി പ്രവർത്തിക്കുവാൻ നമുക്കൊത്തൊരുമിക്കാം

സ്നേഹപൂർവ്വം

വത്സരാജ് പൂക്കാട്
ഗോപിനാഥ് ഏങ്ങണ്ടിയൂർ

ദാസ് മാടായി
ചെറൂന്നിയൂർ ശിവദാസ്
വിജയൻ കുനിശ്ശേരി

കവിത

## പോക്കു വെയിൽ വിളറുന്നു



ടി. വി. ആർ ചെറുവത്തൂർ

പോക്കുവെയിലിൻ പ്രശാന്തത
ശാന്തമാം സാധിതൻ മനോനില
സൗന്ദര്യ ശാന്തമാം -
സ്വതന്ത്ര സായന്തനം
തിളങ്ങും സൂര്യനിതാ -
നിപതിക്കുന്ന ബ്ധിയിൽ
മുക്തമായ് മോചനമായ്
ഇന്നിൻ വ്യഥയകലെ
നിശബ്ദ താഴ്‌വരയിലെങ്ങോ,
നിത്യശാന്തതയിലെങ്ങോ,
നിത്യനിർവൃതിയിലെങ്ങോ,
മറഞ്ഞീ സൂര്യൻ.
കാലം പിന്നേയും ഒച്ചിഴയുന്നു.









കവിത

## പൊഴിയുന്ന തുമ്പക്കുടങ്ങൾ



പ്രശാന്തി ചൊവ്വര

ഇന്നിന്റെ തെരുവിലെന്നാത്മാവു തേങ്ങുന്നു
പാൽ മണംപോകാത്ത ഉണ്ണി മിഴികളും
കരിമഷിമായുന്ന കനവുകളിപ്പോഴും
ചന്തേറും നെറ്റിയിൽ ചെഞ്ചോരചീന്തി
ചേലൊത്ത കൈകളെൻ ഹൃദയം മുറിക്കുന്നു
സ്മൃതി പെയ്ത കുഞ്ഞിന്റെ സ്വരമണ്ഡപങ്ങൾ
പീലി മുടിയോടെ പിച്ചകൾ വെയ്ക്കന്നു
അണയുന്നോ നിങ്ങളീ ചിത്ര പതംഗയായ്
അധമാധമൻമാർ കൊറിച്ചെറിയുന്നോരീ
ചെഞ്ചോര കുഞ്ഞിളം പൂമുഖങ്ങൾ
മൺതരി പോലും സഹിക്കില്ല നിന്റെയീ
പൗരുഷാസക്തിതൻ ക്രൗര്യരൂപം
വിങ്ങിക്കരയുന്ന കുഞ്ഞിളം പൂവിന്റെ
കണ്ണീർ തുടയ്ക്കുവാൻ മന്നിന്നിലാരുമില്ലേ

കവിത

## എന്റെ മോഹപക്ഷി



സബിതകോടി

ശോകമൂകമാം സായാഹ്നത്തിന്റെ
പിടിയിലമർന്ന എൻ മനസ്സിൽ
വേദനപ്പോലും സംഗീതമായ്
എൻ അധരത്തിലൂടെ ഒഴുകുമ്പോൾ
അകലെ നിന്നൊരു മോഹപ്പക്ഷി
എൻ മനസ്സിനെചിറകടിച്ചുണർത്തി
ഒരു നിമിഷം എൻ മനസ്സൊരു
മോഹപ്പക്ഷിയായ് പറന്നുയർന്നു
കാണാത്ത കാടുകൾ തേടി
കാണാത്ത മലകൾ തേടി
നാടും മലയും മഞ്ഞും മഴയും
എല്ലാം എല്ലാം പുതുമയായ് തോന്നി
ആഹ്ലാദം അലയടിച്ചുയർന്ന മനസ്സുമായ്
പറന്ന് പറന്ന് തളർന്ന മനസ്സുമായ്
തളരാത്ത മനസ്സുമായ് പക്ഷി
വിദൂരതയിലേക്ക് പാറിപറന്നു
ആ മോഹപ്പക്ഷിതൻ കുഞ്ഞിച്ചിറകുകൾ
സൂര്യതാപമേറ്റ് കരിഞ്ഞീടുന്നു
ആ മോഹപ്പക്ഷിതൻ എല്ലാ മോഹവും
അവിടെ എരിഞ്ഞടങ്ങി.

# ഒരിറ്റ്



ഗിരീഷ്മൂഴിപ്പാടം




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Printed at Geethanjali Offset Prints, Kundayithode, Kozhikode



ND -1000-ss-Sofa set

MONA
# Ammal METALS

West Mankave, Kozhikode - 29
9388429688, 9447010727



ND -1001-ss-Sofa set



ND -1002-ss-Sofa set



ND -1003-ss-Sofa set



ND -1004-ss-Sofa set

## STAINLESS STEEL SOFA SET & FURNITURE